# കനോസ്സായിലെ ലില്ലിപ്പുഷ്പം



ഫാദർ വിക്ററർ, സി. ഡി.



കനോസ്സ്യൻ സഭക്കാരുടെ
പ്രത്യേക സംരക്ഷിക.

# കനോസ്സായിലെ
# ലില്ലിപ്പുഷ്പം

**Imprimi Potest.**

Very Rev. Fr. Vincent, T. O. C. D.
Prior General
Ernakulam.

**Imprimatur.**

Mgr. Jacob Kallarakal
Vicar Capitular.

Changanacherry,
11–10–'50.

# കനോസ്സായിലെ ലില്ലിപ്പുഷ്പം

അഥവാ

അനുഗൃഹീതയും
പരസ്നേഹപുത്രികളുടെ സഭാസ്ഥാപികയുമായ
കനോസ്സാ മഗ്ദലേനായുടെ
ജീവചരിത്രം.

-->⁜<--

ഗ്രന്ഥകത്താ

ഫാദർ വിക്ടറർ, സി. ഡി.

(പരിഷ്ക്കരിച്ച നാലാം പതിപ്പ്.)

Printed at the St. Joseph's Press
Mannanam.
1950.

# വിഷയവിവരണിക


അവതാരിക. i
ആമുഖം. iv
കനോസ്സായിലെ കർമ്മധീര. 1
മെററിൽഡായുടെ ദർശനം. 3
ജനനം. 5
സഹോദരർ. 7
മഗ്ദലേനാ ജന്മനാ ഒരു സിദ്ധയായിരുന്നോ? 8
സന്താപാനുഭവം. 10
പരിത്യക്ത. 11
അദ്ധ്യാപിക. 14
മഗ്ദലേനായുടെ സംരക്ഷിക. 16
രക്ഷകർത്താവിൻെറ കണ്ടുപിടിത്തം. 17
രോഗശയ്യയിൽ. 18
മഗ്ദലേനാ സുന്ദരിയായിരുന്നോ? 20
വീണ്ടും വീട്ടിലേക്ക്. 22
ദൃഢനിശ്ചയം. 24
ഒരു പുതിയ പോരാട്ടം. 25
മഗ്ദലേനാ ചഞ്ചലമാനസയോ? 27
അഭയാർത്ഥികൾ. 27
സ്വപ്നമോ ദർശനമോ? 29
സമാരംഭം. 31
അത്യാഹിതം. 33
നെപ്പോളിയൻ. 34
വീട്ടുകാരുടെ വിരോധം. 36
ഇനി താമസിക്കാൻ വയ്യാ. 38
സഹപ്രവർത്തകർ. 39
അഡ്റിയാററിക്കിൻെറ രാജ്ഞി. 40
ദൈവപരിപാലനയിൽ സംശയമോ? 42
ഭക്തിപാരവശ്യം. 43
നിയമസംഹിത. 45
ഇതരസ്ഥാപനങ്ങൾ. 47

പുരുഷന്മാരുടെ കാര്യമോ? 48
കത്തിയും കൈത്തോക്കും. 49
കുട്ടികൾ എന്റെ പക്കൽ വരുവാൻ അനുവദിക്കുക. 51
ദരിദ്രരെ മാത്രമോ? 52
പ്രേഷിതപ്രവർത്തനം. 53
ഉത്തമനായ ഒരു ചെകിടൻ. 54
ദൈവസ്നേഹവും പരസ്നേഹവും. 55
ജീവിതസായാഹ്നം 56
മഗ്ദലേനായുടെ മഹത്വം. 58
വി. പത്രോസിന്റെ ദേവാലയത്തിലെ ആഘോഷച്ചടങ്ങുകൾ. 60
മഗ്ദലേന നൽകുന്ന മാതൃകാപാഠം. 63

# അവതാരിക

“നിങ്ങൾക്കു തമ്മിൽത്തമ്മിൽ സ്നേഹമുണ്ടെങ്കിൽ ഇതുകൊണ്ട്, നിങ്ങൾ എൻെറ ശിഷ്യന്മാരാകുന്നു എന്ന് എല്ലാവരും അറിയും”. (വി. യോഹ xiii 35,) എന്നുള്ള ദിവ്യരക്ഷകൻെറ അന്ത്യശാസനം വീരോചിതമായ സഹോദരസ്നേഹാഭ്യസനത്തിന് നിരവധിയാളുകളെ പ്രേരിപ്പിച്ചിട്ടുള്ളതായി കത്തോലിക്കാ സഭാചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. ഒരു വിധവയുടെ പുത്രനെ മോചിപ്പിക്കുന്നതിന് ‘നോളായിലെ വി. പൌലീനോസ് സ്വയം അടിമത്തം വരിച്ചതും,’ അടിമകളെ മോചിക്കുന്നതിനു സർവ്വപ്രയത്നങ്ങളും ചെയ്യാമെന്നും, ആവശ്യപ്പെട്ടാൽ സ്വയം അടിമകളായിത്തീർന്ന് മററടിമകളെ മോചിപ്പിച്ചുകൊള്ളാമെന്നും, വ്രതാനുഷ്ഠാനംചെയ്തിരുന്ന ഒരു സന്ന്യാസസമൂഹംതന്നെ തിരുസ്സഭയിലുണ്ടായിരുന്നതും ആരെയാണ് വിസ്മയിപ്പിക്കാത്തത്? അടിമകളെ മോചിപ്പിക്കുന്നതിലെന്നപോലെ രോഗികളെ ശുശ്രൂഷിക്കുന്നതിലും, വിദ്യയഭ്യസിപ്പിക്കുന്നതിലും നിരന്തരം പരിശ്രമിച്ചുവരുന്ന ഒരുതരം സഹോദരസ്നേഹമൂർത്തികൾ എല്ലാക്കാലത്തും വിശിഷ്യ ഇക്കാലത്തും കത്തോലിക്കാ സഭയിലുണ്ടായിട്ടുണ്ട്.

മേല്പറഞ്ഞ സഹോദരസ്നേഹപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അയ്യായിര(5000)ത്തിൽപ്പരം സന്ന്യാസിനികളുടെ സഭ സ്ഥാപിച്ച ധന്യയുടെ ജീവചരിത്രമാണ് ക. നി. മൂ. സ. ബ. വിക്ററച്ചൻ മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത്. 1774 മാർച്ചുമാസം 8-ാംതീയതിയാണ് നമ്മുടെ കഥാനായിക ഭൂജാതയായത്. ഇററാലിയൻ ചരിത്രത്തിലെന്നല്ല തിരുസ്സഭാചരിത്രത്തിൽത്തന്നെയും പ്രകീർത്തിതമായിട്ടുള്ള കനോസാപ്രഭുകുടുംബത്തിലെ ഒരംഗമായി ജനിച്ച ശിശു— കനോസാ മഗ്ദലേനാ— കാലാന്തരത്തിൽ ദരിദ്രരുടെ ആപ്തമിത്രമെന്ന അപരനാമത്തിനർഹയാവുകയും സുദീർഘമായ തൻെറ ആയുഷ്ക്കാലം മുഴുവൻ ദരിദ്രരേയും രോഗികളേയും സംരക്ഷിക്കുന്ന ജോലിയിൽ ഏർപ്പെടുകയും സഹോദരസ്നേഹപരമായ ഈ ജോലി നിരന്തരം നിർവ്വഹിക്കുന്നതിനായി ഒരു സഭ സ്ഥാപിക്കയുംചെയ്തു. പരിപാവനമായ ഈ കൃ

ത്യനിർവ്വഹണത്തിനു ദൈവം മഗ്ദലേനായെ യോഗ്യയാക്കിയതു്
ചെറുപ്പംമുതൽക്കേ ഓരോ ദുഃഖങ്ങളും പീഡകളും അവൾക്കു
യാത്രയാക്കിക്കൊണ്ടായിരുന്നു. പിതാവിൻെറ അകാലമരണവും, മാ
താവിൻെറ പുനർവിവാഹവും, തൻെറ ഗുരുനാഥയിൽനിന്നു ല
ഭിച്ച കർക്കശമായ ശിക്ഷണങ്ങളും ഈ ബാലികയ്ക്കു് മ്ശിഹായുടെ
സ്വന്തം പീഡാനുഭവകളരിയിൽനിന്നു് നല്ല വ്യുൽപ്പത്തി സമ്പാ
ദിക്കുന്നതിനു സഹായമായിരുന്നു. കേവലം ശൈശവാവസ്ഥ
യിലായിരുന്നപ്പോൾപോലും, തനിക്കു നേരിട്ടിരുന്ന ദുസ്സഹദുഃഖ
ങ്ങൾ ഈ സിദ്ധ സന്തോഷപൂർവ്വം സഹിച്ചിരുന്നതു് തീർച്ച
യായും ദിവ്യമായ വരപ്രസാദത്തിൻെറ ശക്തികൊണ്ടു് മാത്രമാ
യിരുന്നു.

യൌവ്വനപ്രായത്തിലെത്തിയ മഗ്ദലേനായെ ലോകവുമായി
ബന്ധിക്കുവാൻ ബന്ധുജനങ്ങൾ ചെയ്ത പരിശ്രമങ്ങളെല്ലാം വി
ഫലമായതേ ഉള്ളു. മ്ശിഹായിൽമാത്രം തൻെറ ജീവനെ സമ
ർപ്പിച്ചിരുന്ന ഈ യുവതി, സഹോദരസ്നേഹപരമായ ജോലികളിൽ
ഏർപ്പെടണമെന്നുള്ള ഏക ആഗ്രഹത്താൽ പ്രേരിതയായി വർത്തി
ച്ചിരുന്നു. അവൾ കർമ്മലീത്താ ആശ്രമത്തിൽ ചേർന്നു. പക്ഷെ
ദൈവവിളിയില്ലെന്നു് മേലധികാരികൾ വിധിക്കയാൽ മഗ്ദലേനാ
സ്വന്തം അരമനയിലേയ്ക്കു മടങ്ങേണ്ടിവരികയാണുണ്ടായതു്. ദൈ
വജനനിയുടെ ഒരു ദർശനം മഗ്ദലേനായെ തൻെറ ഭാവിജീവിത
പരിപാടി എന്തായിരിക്കണമെന്നു കാണിച്ചുകൊടുത്തു എന്നു വരി
കിലും, ഒരു നവീനസന്യാസസഭാസ്ഥാപനം അവളെ ഭയപ്പെടു
ത്തുകതന്നെ ചെയ്തു.

1808–ലാണു് മഗ്ദലേനാ സഭാസ്ഥാപനം നിർവ്വഹിച്ചതു്.
ഇക്കാര്യസാദ്ധ്യത്തിനായി, തൻെറ അരമനയിൽ തൽക്കാലം താമ
സിച്ചിരുന്ന നെപ്പോളിയൻ ചക്രവർത്തിയുമായി അഭിമുഖസംഭാ
ഷണം നടത്തിയതും, ചക്രവർത്തിയിൽനിന്നു് ഒന്നാമത്തെ ആശ്ര
മത്തിനുള്ള കെട്ടിടവും മററും വാങ്ങിയതും, അത്യന്തം ഹൃദയാവർജ്ജ
കങ്ങളായ സംഭവങ്ങളാണു്. വെറോനായിൽ ഒന്നാമത്തെ ആശ്ര
മം സ്ഥാപിച്ചതിനുശേഷം 30 വർഷത്തിനിടക്കൊണ്ടു് ഇററലിയിൽ
മിക്ക സ്ഥലങ്ങളിലും ആശ്രമങ്ങൾ സ്ഥാപിക്കാൻ ഈ ധന്യയ്ക്കു
സാധിച്ചു. കാലാന്തരത്തിൽ ഈ സന്യാസസമൂഹം ചൈനാ,
ഇൻഡ്യാ, ഓഷ്യാനിയാ മുതലായ രാജ്യങ്ങളിലും പ്രവർത്ത
നംതുടങ്ങി. ഇപ്പോൾ 300 ആശ്രമങ്ങളിലായി അനേകായിരം

കന്യകകൾ സ്നേഹപരമായ തങ്ങളുടെ പ്രവൎത്തനങ്ങളിൽ സദാ ഉദ്യുക്തരായിരിക്കുന്നു. 1835–ലാണ് മഗ്ദലേന ഐഹികവാസം വെടിഞ്ഞത്. ഈ സുചരിതയെ ധന്യയെന്ന് ഒമ്പതാംപിയൂസ് മാൎപ്പാപ്പാ നിൎണ്ണയിച്ചു. ഭാഗ്യവതിയെന്നു നാമകരണം ചെയ്തത് നമ്മുടെ പരിശുദ്ധ പിതാവ് 11–ാം പീയൂസ് മാൎപ്പാപ്പായാണ്.

ഈ പുണ്യചരിതയിൽ വിളങ്ങിയിരുന്ന പുണ്യങ്ങളിൽ പ്രധാനമായവ സവിശേഷം ശ്രദ്ധേയങ്ങളാണ്. പരിശുദ്ധ പിതാവു പ്രസ്താവിച്ചിരിക്കുന്നതുപോലെ എളിമയിലുള്ള ക്രിസ്റ്റീയ സാഹോദൎയ്യവും, ക്രിസ്റ്റീയസാഹോദൎയ്യത്തിലുള്ള എളിമയുമാണ് നാം പ്രത്യേകം കാണുന്നത്. ഈ വിശുദ്ധയുടെ ചുരുങ്ങിയ ജീവചരിത്രം ഇക്കാലത്തിന് ഏററം യോജിക്കുന്നതാണെന്നുള്ള ഒരു മെച്ചംകൂടി ഇതിനുണ്ടെന്നുള്ള കാൎയ്യം വിശേഷാൽ എടുത്തു പറയേണ്ടതായിട്ടുണ്ട്.

കത്തോലിക്കാപ്പരിശ്രമങ്ങളിലേയ്ക്കു നമ്മുടെ ശ്രദ്ധ സവിശേഷമായി ചെലുത്തേണ്ട ഒരു കാലമാണല്ലൊ ഇത്. മഗ്ദലേനയെപ്പോലെയുള്ളവരുടെ ജീവിതദൃഷ്ടാന്തം ഈവിധ പരിശ്രമങ്ങളിൽ നമുക്ക് ദീപസ്തംഭങ്ങളായി സ്ഥിതിചെയ്യുന്നു. ഈ ദൃഷ്ടാന്തങ്ങളാണ് നമ്മെ ശരിയായ മാൎഗ്ഗത്തിലൂടെ നയിക്കേണ്ടത്.

ഇത്ര വിശിഷ്ടമായ ഈ ഗ്രന്ഥം കേരളീയ കത്തോലിക്കൎക്ക് അത്യധികം പ്രയോജനകരമാകട്ടെ എന്നുള്ള പ്രാൎത്ഥനയോടെ ഇതിനെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മാന്നാനം,
1–6–1938.

ഫാദർ വില്യം ററി. ഒ. സി. ഡി.
എം. ഏ., എൽ. ററി.

## നാലാം പതിപ്പിൻെറ

# ആമുഖം.

കുറഞ്ഞൊരുകാലം മുൻപ് കത്തോലിക്കസഭ കനോസ്സാ മഗ്ദലേനായെ അനുഗ്രഹീത എന്ന പ്രഖ്യാപിക്കുകയുണ്ടായി. ഇനിയും അടുത്ത പടികളിലേയ്ക്കു അവളെ ഉയൎത്തിക്കാണുവാൻ ലോകം അഭിലഷിക്കുകയാണ്. അതിനാൽ ഈ സുചരിതയുടെ ജീവചരിത്രത്തിനു വീണ്ടും ഒരാമുഖം എഴുതുന്നതിനു എനിക്കു അതിയായ സന്തോഷമുണ്ടു്. അവൾ ക്രിസ്തുവിൻെറ ലോകോത്തരങ്ങളായ ആദൎശങ്ങളെ അക്ഷരംപ്രതി അനുകരിച്ചുവല്ലോ. പാപംകൊണ്ടോ, രോഗംകൊണ്ടോ, വിശപ്പുകൊണ്ടോ, ആൎത്തരായി അലയുന്നവൎക്കു ശാന്തി അരുളുകയായിരുന്നു മിശിഹാ മൎത്ത്യജീവിതംകൊണ്ടു ലോകത്തിൽ സാധിച്ചിട്ടുള്ളതു്.

ദീനദയാലുവായ ക്രിസ്തുവിൻെറ സ്നേഹാത്മകങ്ങളായ സേവനങ്ങളെ മഗ്ദലേനാ അനുകരിച്ചു. സാധുജനസേവനത്തിൻെറ മോഹനചിത്രങ്ങൾകൊണ്ടു അവൾ മനുഷ്യരാശിയുടെ മനംകുളിൎപ്പിക്കുക തന്നെ ചെയ്തു. അതുകൊണ്ടു തന്നെയാണ് ഈ ചരിത്രത്തിനു ഇത്രയധികം പ്രചാരം കേരളകത്തോലിക്കരുടെ ഇടയിൽ സംസിദ്ധമായിട്ടുള്ളതു്.

ആലപ്പുഴയുള്ള കനോസ്യൻ സഭക്കാരുടെ ആഗ്രഹം അനുസരിച്ചാണ് ഈ നാലാം പതിപ്പു ഞാൻ തയ്യാറാക്കിയിട്ടുള്ളതു്. ഇതിൽ ചില അദ്ധ്യായങ്ങളും ആശയങ്ങളും മുൻപലതേതിൽനിന്ന് അല്പം ഭേദപ്പെടുത്തിയിട്ടുണ്ടു്. ഈ കൃതിയെ കൂടുതൽ ആകൎഷകമാക്കുന്നതിനു രണ്ടു മൂന്നു ബ്ലോക്കുകൾ കൂടെ പുതുതായി ചേൎത്തിരിക്കുന്നു. പരസ്നേഹപുത്രികളുടെ സഭാസ്ഥാപികയുടെ ജീവചരിത്രം പ്രചരിപ്പിക്കുവാൻ ഇവർ ചെയ്യുന്ന പരിശ്രമം തികച്ചും പ്രശംസാൎഹമാണ്. എനിക്കു നൽകിയിട്ടുള്ള പ്രോത്സാഹനത്തിനു ഈ സഭാംഗങ്ങളോടു ഞാൻ ഹൃദയംഗമമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.




ഫാദർ വിക്ടറർ, സി. ഡി.

ഗ്രന്ഥകർത്താ

വിനീതമായ ഈ കൃതിയെ വിശിഷ്ടതരവും വിജ്ഞാന പ്രദവുമായ ഒരവതാരികകൊണ്ടു അലങ്കരിച്ചിരിക്കുന്ന സെൻറ് ബർക്കുമാൻസ് കോളേജ് പ്രിൻസിപ്പലായ റവ. ഫാദർ വില്യം, ററി. ഒ. സി. ഡി.; എം. എ. എൽ. ററി. അവർകളോട് എനിക്കുള്ള കടപ്പാട് നിസ്സീമമാണ്. ഇതിൻെറ കയ്യെഴുത്തുപ്രതി വായിച്ചുനോക്കുന്നതിനു എന്നെ സഹായിച്ച ശ്രീമാൻ എം. എ. ചാക്കോ ബി. ഏ. അവർകളോടും, ഇതു വായിച്ചു കേൾക്കാനുള്ള സന്മനസ്സും സന്നദ്ധതയും പ്രദർശിപ്പിച്ച പണ്ഡിതവരേണ്യനായ രാജശ്രീ ഐ. സി. ചാക്കോ അവർകളോടും, ഇതു ഇത്ര ഭംഗിയായി അടിച്ചു തന്ന മാന്നാനം സെൻറ് ജോസഫ്സ് മുദ്രാലയാധികൃതരോടും എനിക്കുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഫാദർ വിക്ററർ, സി. ഡി.



പരസ്നേഹപുത്രികളുടെ സഭാസ്ഥാപികയായ

കനോസ്സാ മഗ്ദലേനാ.

# കനോസ്സായിലെ ലില്ലിപ്പുഷ്പം

## കനോസ്സായിലെ കമ്മധീര.

അഗതികളുടെയും അധഃസ്ഥിതരുടെയും ആപ്തമിത്രമെന്ന അപരാഭിധാനത്തിനു സർവ്വഥാ അർഹയായ കനോസ്സാ മഗ്ദലേനാ ഇററലിയിൽ വെറോനാ എന്ന സ്ഥലത്തു് കനോസ്സാ എന്ന വിഖ്യാതവും കുലീനവുമായ കുടുംബത്തിലെ ഒരംഗവും 'ടെറിസാ സ്ലൂഹാ' (Teresa Szluha) മാർകിസ് ഒക്ടേവിയസ് (Marquis Octavius) എന്നീ ദമ്പതികളുടെ ദ്വിതീയസന്താനവുമായിരുന്നു. പത്താം നൂററാണ്ടിലെന്നല്ല, അതിനു മുൻപു മുതൽതന്നെ ചരിത്രപ്രസിദ്ധമായ ഒന്നായിരുന്നു കനോസ്സാ കുടുംബം. അതിൻെറ പൂർവ്വചരിത്രം പരിശോധിച്ചാൽ വൈദികപ്രമുഖന്മാർ, ഭരണകുശലന്മാർ, രാജ്യതന്ത്രവിദഗ്ദ്ധന്മാർ, നാടുവാഴികൾ എന്നിങ്ങനെ പലതുറകളിലും പേരും പെരുമയും സമ്പാദിച്ചിട്ടുള്ള പലരും ആ കുടുംബത്തിൽ ജീവിച്ചു് വീരചരമം പ്രാപിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. ഈ പ്രഭുകുടുംബത്തിൻെറ പ്രാബല്യം മൂർദ്ധന്യത്തിൽ എത്തിയിരുന്നപ്പോൾ ഇററലിയുടെ മദ്ധ്യപ്രദേശം മിക്കവാറും ഇവരുടെ അധീനത്തിലും അധികാരത്തിലുമായിരുന്നു.

നാലു കുന്നിന്മേലായി സ്ഥിതിചെയ്തിരുന്ന മനോഹരമായ കനോസ്സാക്കൊട്ടാരം ക്രി. വ. 970-ൽ പണിയിച്ചതായിരുന്നു. ഈ രമ്യഹർമ്മ്യത്തെ വലയംചെയ്തിരുന്ന ബലവത്തായ കോട്ടകളിൽ, മദ്ധ്യശതകങ്ങളിലെ കുപ്രസിദ്ധമായ കലാപകാലങ്ങളിൽ മാർപ്പാപ്പാമാർ പലപ്പോഴും അഭയം പ്രാപിച്ചിട്ടുണ്ടു്. കനോസ്സാക്കുടുംബത്തിലെ മെററിൽഡാ എന്ന മഹിളാരത്നം ഒന്നിലധികം പ്രാവശ്യം ഇവിടെവച്ചു് ഒരു മാർപ്പാപ്പായുടെ ജീവനെ

ശത്രുക്കളിൽനിന്ന രക്ഷിച്ചിട്ടുള്ള വസ്തുതയും ഈ അവസരത്തിൽ സ്മർത്തവ്യമാണ്. ഈ സ്ത്രീരത്നത്തിന്റെ പരിശുദ്ധ സിംഹാസനത്തോടുണ്ടായിരുന്ന അനന്യസാധാരണമായ ഭക്ത്യാദരങ്ങൾ നിമിത്തം തിരുസഭാവൈരിയായ കാഡലസ് (Cadalous) എന്നൊരാൾ കോപിഷ്ഠനായി; അവൻ സർവ്വശക്തികളുമുപയോഗിച്ച് കനോസ്സാക്കുടുംബത്തെ നാമാവശേഷമാക്കാൻപോലും ഒരുമ്പെട്ടു. പാപ്പാസ്ഥാനസംരക്ഷണത്തിനുവേണ്ടി പടക്കളത്തിൽ പോരാടുന്നതിനുപോലും കനോസ്സാക്കുടുംബം സന്നദ്ധമായിരുന്നു. മെററിൽഡായുടെ നേതൃത്വത്തിൽ ഒരു 'ടസ്കൻ' സൈന്യം കുടിലചിത്തനായ കാഡലസിനോടു എതിർത്ത് അയാളെ നിശേഷം തോല്പിച്ചയച്ചു.

മാർപ്പാപ്പാക്കുവേണ്ടി എന്തു ത്യാഗവും സസന്തോഷം സഹിപ്പാൻ മെററിൽഡാ സന്നദ്ധയായിരുന്നു. വേണ്ടിവന്നാൽ സർവ്വസ്വവും പരിശുദ്ധ സിംഹാസനത്തിനുവേണ്ടി സംത്യജിക്കുവാൻ പോലും അവൾ തയാറായിരുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. നാടുകടത്തപ്പെട്ട മാർപ്പാപ്പാമാർക്കായി കനോസ്സാക്കൊട്ടാരത്തിന്റെ കവാടങ്ങൾ എപ്പോഴും ആദരപൂർവ്വം തുറക്കപ്പെട്ടിരുന്നു. അപൽഘട്ടങ്ങളിൽ അപ്പിക്കപ്പെട്ട ഈ സഹായഹസ്തം തിരുസഭാനാഥന്മാർ പലപ്പോഴും സഹർഷം സ്വീകരിച്ചിട്ടുമുണ്ട്. ഏഴാം ഗ്രിഗോറിയോസു മാർപ്പാപ്പാ ഒരിക്കൽ ഈ കൊട്ടാരത്തിൽ അഭയം തേടിയിരിക്കുമ്പോൾ, അദ്ദേഹത്തോടു തന്റെ തെററുകൾ ഏററുപറഞ്ഞു ക്ഷമായാചനം ചെയ്യാൻ ജർമ്മനിയിലെ നാലാം ഹെൻറി അവിടെയെത്തി. പരിശുദ്ധ പിതാവിന്റെ മുഖദർശനത്തിനഭ്യർത്ഥിച്ചുകൊണ്ട് അയാൾ മൂന്നു ദിനരാത്രങ്ങൾ കോട്ടയ്ക്കുവെളിയിൽ കഴിച്ചുകൂട്ടേണ്ടിവന്നു. ഒടുവിൽ മെററിൽഡായുടെ സഹായംകൊണ്ടാണ് അഹങ്കാരിയായ ആ നാടുവാഴി ഉദ്ദിഷ്ടകാര്യം സാധിച്ചു മടങ്ങിയത്. കപടഭക്തനായിരുന്ന ഹെൻറി വീണ്ടും ഏഴാം ഗ്രിഗോറിയോസ് മാർപ്പാപ്പായുടെ നേരെ കരബലം പ്രയോഗിക്കാൻ ഒരുമ്പെട്ടു. എന്നാൽ മാർപ്പാപ്പായെ ഏതുവിധമെങ്കിലും രക്ഷിക്കുന്നുണ്ടെന്ന് മെററിൽഡായും ഉറച്ചു. രാജശക്തിയോടെതിർത്തു നില്ക്കുന്നതു സാദ്ധ്യമല്ലെന്നു കണ്ടതിനാൽ അദ്ദേഹം നാടുവിട്ടുപോകുവാൻതന്നെ തീരുമാനിച്ചു. ധർമ്മസങ്കടത്തിലകപ്പെട്ടിരുന്ന മാർപ്പാപ്പായുടെ സഹായത്തിനായി മെററിൽഡാ ഒരുസംഘം പടയാളികളുമായെത്തി. അദ്ദേഹത്തെ



കനോസ്സാക്കൊട്ടാരം.

(P. 3.)

സുരക്ഷിതമായ ഒരു സ്ഥാനത്തെത്തിച്ചശേഷമേ ആ ധീരവനിത പിൻതിരിഞ്ഞുള്ളു.

ഇങ്ങനെ പാപ്പാസ്ഥാനസംരക്ഷണത്തിനുവേണ്ടി രാജശക്തിയെപ്പോലും തൃണവൽഗണിച്ചു പോർക്കളത്തിലിറങ്ങിപ്പോരാടിയ ധീരവീരന്മാരുൾപ്പെട്ട ഒരു സുപ്രസിദ്ധ പ്രഭുകുടുംബത്തിലെ അംഗമാണ് നമ്മുടെ കഥാനായിക. കനോസ്സാക്കുടുംബത്തിലെ കർമ്മധീരയായി പരിശോഭിച്ചിരുന്ന മെററിൽഡായുടെ സമുചിത പിൻഗാമിയായിരുന്നു മഗ്ദലേനായും.

എന്നാൽ മെററിൽഡായെപ്പോലെ അടർക്കളത്തിലിറങ്ങിപ്പോരാടുന്നതിനവസരമോ ഭാഗധേയമോ അവൾക്കുണ്ടായില്ല എന്നതു വാസ്തവംതന്നെ. എങ്കിലും, മഗ്ദലേനായും മഹത്തായ ഒരു ധർമ്മസമരം നടത്തി. ക്രിസ്ത്യസാഹോദര്യത്തിനുവേണ്ടിയായിരുന്നു അവളുടെ പോരാട്ടം. തിരുസഭാനാഥനുവേണ്ടി മെററിൽഡാ ത്യാഗം സഹിച്ചെങ്കിൽ, പുരാതന കുടുംബപാരമ്പര്യത്തെ ഒന്നുകൂടെ ശ്രേയസ്കരമാംവിധം പുലർത്തുമാറ് മഗ്ദലേനാ അഗതികൾക്കും അനാഥർക്കുംവേണ്ടി പോരാടുകയും ത്യാഗം സഹിക്കുകയും മാത്രമല്ല, സ്വയം ബലിയായി അർപ്പിക്കുകയും കൂടെ ചെയ്തു. ആത്മസമർപ്പണത്തേക്കാൾ ഉപരിയായി എന്തൊരു ത്യാഗമാണ് മനുഷ്യനു സാദ്ധ്യമായിട്ടുള്ളത്?

## മെററിൽഡായുടെ ദർശനം.

അസ്തമനസൂര്യന്റെ ചെങ്കതിരുകൾ മദ്ധ്യധരണിക്കടലിൽ മുങ്ങിമറഞ്ഞു. സന്ധ്യാസമയം സമീപിച്ചു. മഞ്ജുളമരീചികൾ വീശിക്കൊണ്ടു ചന്ദ്രൻ ഉദിച്ചുയർന്നു. പ്രകൃതിസുന്ദരമായ ആ നിശാവേളയിൽ സമീപസ്ഥിതങ്ങളായ കുന്നിൻപുറങ്ങൾ ചന്ദ്രികയുടെ ആശ്ലേഷമേററു കുളുർമ്മപൂണ്ടു.

ഇററലിയുടെ ഉത്തരഭാഗത്ത് ഉത്തുംഗമായ ഒരു പാറമേൽ പണിചെയ്യപ്പെട്ടതായിരുന്നു കനോസ്സായിലെ 'മെററിൽഡാ' എന്ന മഹിളാരത്നത്തിന്റെ മണിമന്ദിരം. അത് 'റേജിയോ' (Reggio) എന്ന ഒരു പുരാതന പട്ടണത്തിലാണ് സ്ഥിതിചെയ്തിരുന്നത്. മനോജ്ഞമായ ആ മണിമാളികയുടെ മട്ടുപ്പാവിൽ നിന്നുകൊണ്ട് അവൾ ചുററും നോക്കി. ചന്ദ്രികയുടെ ശീതളസ്പർശനത്താൽ സേചനം ചെയ്യപ്പെട്ട വെറും കുന്നുകളല്ല അ

പ്പോൾ അവളുടെ അക്ഷികൾക്കു ലക്ഷ്യമായതു്. പ്രത്യുത; ഭാവിയിൽ സംഭവിക്കാനിരിക്കുന്ന മഹത്വത്തിൻെറ ഒരു ദർശനം തന്നെ അവളുടെ മനോമുകുരത്തിൽ പ്രത്യക്ഷമായി. കുലീനയായ അവളുടെ കുടുംബം എന്നും വിശ്രുതിയിൽ വിരാജിക്കട്ടെ.

അതിവിദൂരമായ ഭാവിയിൽ പുരാതനമായ ഒരു നഗരവും അതിൽ 'മാർബിൾ'കൊണ്ടുള്ള ഒരു മണിമേടയും അവൾ കണ്ടു. അതിനപ്പുറത്തു് ഒരു സൗന്ദര്യധാമം സ്ഥിതിചെയ്തിരുന്നു. 'മെററിൽഡാ'യുടെ ദൃഷ്ടികൾ അരമനയിൽക്കൂടെ ചെന്നു് ആ സ്ത്രീയുടെ രൂപത്തിൽ പതിഞ്ഞു. അവൾ രക്തബന്ധത്തിലും നാമധേയത്തിലും തനിക്കു തുല്യയെന്നു് അവൾ മനസ്സിലാക്കി. മാത്രമല്ല, സ്വഭാവമാധുര്യാദിസ്ത്രീഗുണങ്ങളിലും ധൈര്യത്തിലും 'മെററിൽഡാ'യ്ക്കു് അനുരൂപയുമായിരുന്നു. എന്നാൽ അതിഭൌതികവും ആദ്ധ്യാത്മികവുമായ സമ്പത്തിലും, സ്വഭാവസംസ്കാരത്തിലും ആകാരസൂക്ഷ്മതയിലും, ആശയഗാംഭീര്യത്തിലും അവൾ 'മെററിൽഡാ'യേയും അതിശയിച്ചു് പുരോഗമിച്ചിരുന്നു. ലോകചരിത്രത്തിൽ 'മെററിൽഡാ' സ്വയം ആർജ്ജിച്ചിരുന്ന ഔന്നത്യത്തിനും അവളുടെ കുടുംബസ്ഥിതിക്കും ആ കന്യകാരത്നം യോജിച്ചവളാണെന്നു് അവൾക്കു ബോദ്ധ്യപ്പെട്ടു. യുഗങ്ങൾക്കുമുൻപുതന്നെ അവളെ സ്നേഹിക്കേണ്ടതായിരുന്നു എന്നു 'മെററിൽഡാ'യ്ക്കു തോന്നി. തന്നിമിത്തം അവൾ ആ സൗന്ദര്യധാമത്തെ സൂക്ഷിച്ചുകൊണ്ടു് "സഹോദരീ, വിശ്രുതസന്താനമേ, കനോസ്സാക്കുടുംബത്തിൻെറ ശ്രേയസ്സേ" എന്നിങ്ങനെ അതിവാത്സല്യപൂർവ്വം അവളെ അഭിവാദ്യംചെയ്തു.

ആ രാത്രിയിലെ പൂനിലാവിൽക്കൂടെ വീണ്ടും അവൾ ഒന്നു കണ്ണോടിച്ചു. അപ്പോൾ ആ തേജ:പുഞ്ജം അരമനയുടെ പ്രവേശനദ്വാരത്തിൽ ഉപവിഷ്ടയായി, പരമോൽകൃഷ്ടമായ ഒരു പരിപാടിയിൽനിന്നു അവളെ വ്യതിചലിപ്പിക്കുവാൻ പരിശ്രമിച്ചിരുന്ന ബന്ധുമിത്രാദികളോടു വീരവാദം ചെയ്യുന്ന ഒരു ധീരവനിതയായിട്ടാണു് പ്രത്യക്ഷപ്പെട്ടതു്. പട്ടണത്തിനുവെളിയിൽ പട്ടിണിപ്പാവങ്ങളായ കുട്ടികളുടെ ഒരു കൂട്ടം അവളെ സ്നേഹപൂർവ്വം ക്ഷണിച്ചിരുന്നു. "പോ! മഗ്ദലേനാ, നീ പോവുക" എന്നു് അവളോടു മന്ത്രിക്കുന്ന ഒരു രഹസ്യസ്വരം അവൾ ശ്രവിച്ചു. അവൾ സഹായത്തിനുവേണ്ടി സ്വർഗ്ഗത്തോടു് അഭ്യർത്ഥിച്ചു. കൊടും യാതനകളുടെ ദീനരോദനം അവളിൽനിന്നും പുറപ്പെട്ടു. അന്തിമവും

ധനവും അമ്മയ്ക്കു നല്കിയിട്ട് ദരിദ്രബാലികമാരുടെ പക്കലേക്ക് ചെന്നു. അവർ അവളെ സഹർഷം സ്വീകരിക്കുതന്നെ ചെയ്തു. പ്രതാപമേറിയ പേരിനോടും, ഭൗതികമായ സമ്പത്തിനോടും, സൗഭാഗ്യപ്രദമായ വിവാഹത്തോടും അന്ത്യയാത്ര പറഞ്ഞു. ഇനി അവൾ ഒരിക്കലും കുലീനകുടുംബത്തിലെ പ്രഭുകുമാരിയാകാതെ ദരിദ്രരുടെ വിനീത ദാസിയായി മാത്രം ജീവിക്കും. ഭാവിയിൽ നടക്കുവാനിരിക്കുന്ന മററു ചില സംഭവങ്ങളും 'മെററിൽഡാ' ആ ദർശനത്തിൽ കണ്ടപ്പോൾ അവളുടെ ഹൃദയം ആനന്ദത്താൽ തുടിച്ചു. കുറച്ചുനേരത്തേയ്ക്കുകൂടെ ആ മണിമന്ദിരത്തിൻെറ മട്ടുപ്പാവിൽ സന്തോഷനിർഭരയായി നിന്നശേഷം അവൾ നില്വിളിച്ചുപറഞ്ഞു: "എൻെറ കുടുംബത്തിൻെറ വിദൂരസ്ഥിതമായ നക്ഷത്രമേ! ലോകത്തിനു സന്തോഷത്തെ സംഭാനംചെയ്യുവാൻ നീ എപ്പോൾ, എവിടെ പ്രകാശിക്കും?" അതേ, സന്താപസാഗരത്തിൽ നീന്തിവലയുന്ന ലോകത്തിന് ശാന്തിയുടെ സാന്ത്വനം അരുളുവാനാണ് മഗ്ദലേനാ ഭൂജാതയായത്.

## ജനനം.

ആയിരത്തെഴുനൂററെഴുപത്തിനാലാമാണ്ട് (1774) മാർച്ചുമാസം എട്ടാംതീയതി അർദ്ധരാത്രി കഴിഞ്ഞപ്പോൾ മഗ്ദലേനാ ജാതയായി. പ്രശാന്തസുന്ദരമായ ആ രാത്രിയിൽ നക്ഷത്രജാലങ്ങൾ ഏററം തിളങ്ങി പ്രകാശിച്ചു. പക്ഷേ, 'മാർക്വിസ് ഒക്ടേവിയസ്' (Marquis Octavius) എന്നും 'ടെറീസാ സ്ലൂഹാ' (Teresa Szluha) എന്നും പേരുള്ള അവളുടെ അപ്പനമ്മമാരുടെ മുഖത്ത് ഇച്ഛാഭംഗത്തിൻെറ കരിനിഴലുകളാണ് വ്യാപിച്ചതു്. എന്തുകൊണ്ടെന്നാൽ അവരുടെ ദാമ്പത്യവല്ലി പുഷ്പിച്ചതിൻെറ ഫലമായി കുറഞ്ഞൊരുകാലം മുൻപുതന്നെ അവർക്കു ഒരു പെൺകുട്ടി ഉണ്ടായിരുന്നു. ഇനി ആ പുരാതനകുടുംബത്തിൻെറ പേരും പെരുമയും പുലർത്തേണ്ടതിനായി ഒരു പുത്രസന്താനത്തെയാണ് അവർ പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ ഈ പിഞ്ചുപൈതലിൻെറ പിറവി അവരുടെ പ്രതീക്ഷയ്ക്കെതിരായിത്തീർന്നു. അപ്പോൾ അവർക്കു അവളെ ആവശ്യമുണ്ടായിരുന്നില്ല. തന്നിമിത്തം ഈ പിഞ്ചുപൈതലിൻെറ പിള്ളത്തൊട്ടിലിൽ അപ്പനമ്മമാരുടെ നയനങ്ങളിൽനിന്ന് കണ്ണീരത്തിൻെറ-

അശ്രുകണങ്ങൾ താനെ അടർന്നുവീണെങ്കിൽ, അതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. എന്നാൽ ദൈവചിത്തം ആരറിയുന്നു. സൃഷ്ടിവൈചിത്ര്യത്തിൽ അടക്കിവച്ചിരിക്കുന്ന സ്രഷ്ടാവിന്റെ പരമോദ്ദേശങ്ങൾ പരിമിതമായ മനുഷ്യബുദ്ധിക്ക് തികച്ചും അതീതമാണെന്നുള്ളതിന് മഗ്ദലേനായുടെ ജനനം ഒരു മകുടോദാഹരണമാണ്. അനന്തരസംഭവങ്ങളിൽനിന്നു തെളിയുന്നതുപോലെ ഈ പിഞ്ചുപൈതലിന്റെ തൊട്ടിലാട്ടിത്താരാട്ടുപാടുവാൻ ദൈവം വാനദൂതരെത്തന്നെ അയച്ചിരിക്കണമെന്ന് നമുക്കു ന്യായമായി ഊഹിക്കാം.

മഗ്ദലേനായുടെ ജ്ഞാനസ്നാനം സമീപസ്ഥിതമായ വി. ലോറൻസിന്റെ ദേവാലയത്തിൽവച്ച് പിറ്റേദിവസംതന്നെ നടത്തപ്പെട്ടു. 'ത്രിസ്സിനൊ' (Trissino) എന്ന പ്രഭ്വിയും 'ജിയുസ്സി' (Giusti) എന്ന പ്രഭുവുമായിരുന്നു ജ്ഞാനസ്നാനവേളയിലെ മാതാപിതാക്കൾ. അവർ കുഞ്ഞിനെ കരങ്ങളിലേന്തി ദേവാലയത്തിൽ പ്രവേശിച്ചു. പുരോഹിതന്റെ കരങ്ങളാൽ ആ ചടങ്ങു നിർവഹിക്കപ്പെട്ടു. തദവസരത്തിൽ അവർ കുട്ടിക്കു നമ്മുടെ കർത്താവിന്റെ സ്നേഹഭാജനമായിരുന്ന മഗ്ദലേനായുടെ പേരാണു നൽകിയത്. ഇതിനു 'ദൈവത്തിന്റെ സ്നേഹിത', അല്ലെങ്കിൽ 'ദൈവത്തിന്റെ ധൈര്യവതി' എന്നൊരു ഭാവിസൂചന ഉണ്ടത്രെ.

ജ്ഞാനസ്നാനകർമ്മവും കഴിഞ്ഞ്, കുഞ്ഞിനെ കൊട്ടാരത്തിലേക്കു കൊണ്ടുവന്നപ്പോൾ അവിടുത്തെ ഭാവമെല്ലാം മാറി. സ്വന്തം മാതാപിതാക്കളും ബന്ധുമിത്രാദികളും അതിനെ എടുത്തു മാറിമാറി മുത്തി കൃതാർത്ഥരായി. ഇങ്ങനെ 'കനോസ്സാക്കുടുംബ'ത്തിലെ അന്തരീക്ഷത്തിൽ വ്യാപിച്ച മ്ലാനത തിരോഭവിച്ചു. അചിരേണ ആ കുഞ്ഞ് സകലരുടേയും കണ്ണിലുണ്ണിയായിത്തീർന്നു. അതിന്റെ ലീലാവിനോദങ്ങൾ മാതാപിതാക്കളുടെ ഹൃദയങ്ങളിൽ ആനന്ദമകരന്ദം ചൊരിഞ്ഞു. അങ്ങനെ മഗ്ദലേനായുടെ മാതാപിതാക്കൾ ദൈവഹിതത്തോടു യോജിച്ച്, വിശ്വാസത്തിന്റേയും പ്രത്യാശയുടേയും, സ്നേഹത്തിന്റേയും പൊൽക്കതിരൊളിയിൽ സന്തോഷചിത്തരായിത്തീർന്നു.



മഗ്ദലേനായുടെ ജനനം.

(P. 6.)

# സഹോദരർ.

മഗ്ദലേന ജനിച്ചിട്ട് അധികകാലം കഴിയുന്നതിനുമുൻപ് 'ഒക്ടേവിയസ്' പ്രഭുവിന് ഒരു പുത്രസന്താനം ജനിച്ചു. അവനെ ആയിരുന്നു അവർ പ്രാർത്ഥിച്ചും പ്രതീക്ഷിച്ചുംകൊണ്ടിരുന്നത്. മഗ്ദലേനായുടെ ഈ ഇളയ സഹോദരൻെറപേർ 'ബോനിഫസ്' (Boniface) എന്നായിരുന്നു. ഇപ്പോൾ അദ്ദേഹത്തിനു മൂന്നു കുട്ടികളായി. അവർ തമ്മിൽ ഒന്നിൽചില്വാനം വയസ്സിൻെറ വ്യത്യാസമേ ഉണ്ടായിരുന്നൊള്ളു. ഇനിയും അവക്കു സഹോദരർ ഉണ്ടാകാൻ ആ കുഞ്ഞുപൈതങ്ങൾ കൊതിച്ചുകൊണ്ടിരുന്നു. പിന്നീട് പ്രഭുവിന് 'റോസ്' (Rose) എന്നും 'ലെയൊനോറാ' (Leonora) എന്നും രണ്ടു പെൺകുട്ടികൾ കൂടെ ജനിച്ചു. അതോടുകൂടെ ആ ദമ്പതികളുടെ ജീവിതവല്ലിയുടെ ഫലങ്ങൾ അവസാനിച്ചു.

ഇങ്ങനെ 'ഒക്ടേവിയസ്' പ്രഭു ഒരു പുത്രനുൾപ്പെടെ അഞ്ചു സന്താനങ്ങളാൽ അനുഗൃഹീതനായി. അവരെപ്പററി വലിയ മതിപ്പും അവരോട് അതിയായ വാത്സല്യവുമുള്ള ഒരാളായിരുന്നു പ്രഭു. അദ്ദേഹത്തിൻെറ ഒരു സമുചിതപിൻഗാമിയും, ആ ശ്രേഷ്ഠകുടുംബത്തിൻെറ ഭാവിനാഥനുമായി പരിലസിക്കേണ്ട ഒരുവൻെറ സകല ഗുണങ്ങളും തികഞ്ഞ ഒരു കോമള കളേബരനായിരുന്നു 'ബോനിഫാസ്' 'ലോറാ' പ്രായത്തിൽ കവിഞ്ഞ വിവേകമുള്ളവളായി കാണപ്പെട്ടു. 'റോസ്' വളരെ ശാന്തശീലയായിരുന്നു. 'ലെയൊനോറാ' കാണികളുടെ കണ്ണും കരളും കവരുന്ന ഒരു പിഞ്ചുപൈതൽ. നമ്മുടെ കഥാനായികയായ മഗ്ദലേനായോ? നിബന്ധനകൾ ഒന്നും അനുസരിക്കാത്ത ഒരു ഒന്നാംതരം വികൃതി. പിന്നെ അവൾ എങ്ങനെ ഒരു വിശുദ്ധയായി? വിശുദ്ധസ്സു നിദാനമായി നിലകൊള്ളുന്നതു ദൈവസ്നേഹമാണല്ലൊ. അതുകൊണ്ട് ക്രിസ്തുവിൻെറ നേരെയുള്ള സ്നേഹത്തെക്കുറിച്ച് മഗ്ദലേനാ അവളുടെ ദുശ്ശീലങ്ങളെ ക്രമേണ നിയന്ത്രിക്കും. അങ്ങനെ അവൾ ലോകത്തിൻെറ ശ്രദ്ധസ്സു വിഷയമാകും. എന്നാൽ തൽക്കാലം അവൾ സഹോദരസഖ്യത്തിൽ സാമോദം വർത്തിക്കട്ടെ.

## മഗ്ദലേനാ ജന്മനാ ഒരു സിദ്ധയായിരുന്നോ?

ഒരിക്കലുമല്ല. അവളുടെ സമകാലീനരായ ഇതര ബാലികാബാലന്മാരിലെപോലെ അവളിലും സൽഗുണവും ദുർഗ്ഗുണവും സ്ഥിതിചെയ്തിരുന്നു. വ്യാജം പറയുന്നതിലും വഞ്ചന പ്രവർത്തിക്കുന്നതിലും വിദ്വേഷമായിരുന്നു അവളിൽ സഹജമായി കുടികൊണ്ടിരുന്നത്. വല്ല കുററവും ചെയ്തുപോയാൽ ഒഴികഴിവുകൾ പറഞ്ഞു അതിൽനിന്നു മാറുന്നതിനേക്കാൾ ശകാരങ്ങൾ എന്നല്ല ശിക്ഷതന്നെയും സ്വീകരിക്കുവാൻ അവൾ സന്നദ്ധത പ്രദർശിപ്പിച്ചു. സ്വന്തം കുററങ്ങൾ ഏററുപറയുന്ന വിഷയത്തിൽ ബാല്യംമുതൽ അവൾക്കുണ്ടായിരുന്ന ഉത്സാഹത്തെ ഉദാഹരിക്കുന്നതിനു ഒരു സംഭവംമാത്രം പറയാം.

ഒരിക്കൽ അവൾ കേവലം ബാലികയായിരിക്കുമ്പോൾ, ശിക്ഷാർഹമായി എന്തോ പ്രവർത്തിക്കുന്നതിനിടയായി. ശിക്ഷയുണ്ടാകുമല്ലോ എന്നോർത്ത് അവൾ വളരെ ഭയപ്പെട്ടു. അവളുടെ അദ്ധ്യാപിക ഈ വസ്തുത അറിഞ്ഞ്, ഒരു ചെറിയ നുണ പറഞ്ഞാൽ അതിൽനിന്നു രക്ഷനേടാമെന്ന് ധാത്രീജനസഹജമായ അനുകമ്പയോടെ കുട്ടിയെ ഉപദേശിച്ചു. 'മഗ്ദലേനാ' അതിനു വശംവദയായില്ല. അവസരം ലഭിച്ചമാത്രയിൽ അവൾ കുററം ഏററുപറഞ്ഞ് കൃതാർത്ഥയായി.

മധുരപലഹാരങ്ങൾ ലഭിച്ചാലുണ്ടാകുന്നതിനേക്കാൾ മഹാസന്തോഷമായിരുന്നു, അവൾക്കു പ്രാർത്ഥനയിൽ ഉണ്ടായിരുന്നത്. അതുകൊണ്ട് പ്രാർത്ഥനയുടെ അർത്ഥം ഗ്രഹിക്കുന്നതിനു പ്രാപ്തിയില്ലായിരുന്ന പിഞ്ചുപ്രായത്തിൽപോലും, മററുള്ളവരൊരുമിച്ച് അവളും പ്രാർത്ഥനകൾ ഉരുവിടുന്നതിൽ ഉൽസുകയായിരുന്നു. ചെറുപ്പംമുതൽക്കേ പരോപകാരകൃത്യങ്ങളിൽ വ്യാപൃതയാകാൻ അവൾ എത്രമാത്രം അഭിലഷിച്ചിരുന്നു എന്നു പറയാൻ പ്രയാസം. സ്വന്ത കരങ്ങൾകൊണ്ട് ഭിക്ഷുക്കൾക്കു ധർമ്മം കൊടുക്കുന്നതിനു 'മഗ്ദലേനാ'യ്ക്കു അവസരം ലഭിച്ചപ്പോഴെല്ലാം അവൾ അനുഭവിച്ചിരുന്ന ആനന്ദം അവാച്യമായിരുന്നു. ചാരിത്രശുദ്ധിയുടെ അമൂല്യത മനസ്സിലാകുന്നതിനു മുൻപും അതിനെ അന്യൂനമായി പാലിക്കുവാൻ അവൾ നിസ്തന്ദ്രം പരിശ്രമിച്ചിരുന്നു.

ശിശുക്കളിൽ സാധാരണയായി കാണാൻ കഴിയാത്ത ഈദൃശ ഗുണവിശേഷങ്ങളാൽ അലംകൃതയായ മഗ്ദലേനാ ചില ദുർഗ്ഗുണങ്ങൾക്കും വിധേയയാകാതിരുന്നില്ല. അവൾ ആഗ്രഹിക്കുന്നതെല്ലാം സാധിക്കണം; ആരായാലും അവളുടെ ഇച്ഛാനുസരണം മാത്രമേ വൎത്തിക്കാവൂ. അഹിതാനുവൎത്തികളോടു അവൾ അസാമാന്യമായി ക്രോധിച്ചിരുന്നു. ഇതായിരുന്നു അവളുടെ സ്വഭാവത്തിൻെറ മറുവശം. അവൾ മഹാ താന്തോന്നിയായിത്തീരും എന്നായിരുന്നു പലരുടേയും ഖണ്ഡിതമായ അഭിപ്രായം. “ഈ കുട്ടി ഇത്ര ശാന്തശീലയായിത്തീരുമെന്ന് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. സ്വന്തം അഭിലാഷങ്ങൾക്കെതിരായി വൎത്തിക്കുന്നവരോടു അസാമാന്യമായ ക്രോധം കാണിച്ചിരുന്ന ഈ കാട്ടുജന്തുവിനെ മരുക്കിയെടുക്കാൻ ഇഹത്തിൽ ആൎക്കെങ്കിലും സാധിക്കുമായിരുന്നു എന്നു തോന്നിയിരുന്നില്ല” എന്നു ആശ്ചൎയ്യപൂൎവ്വം അവളുടെ വളൎത്തമ്മ പറയുകയുണ്ടായി. എന്നാൽ അവൾ പ്രകൃത്യാ ബുദ്ധിശാലിനി ആയിരുന്നതുകൊണ്ട് സൽമാതൃകകളാൽ പ്രേരിതയായി അവളുടെ ദുർഗ്ഗുണങ്ങളോട് നിരന്തരമായ ഒരു പോരാട്ടം നടത്തിക്കൊണ്ടിരുന്നു. അങ്ങനെ കാലാന്തരത്തിൽ അവളുടെ സ്വഭാവരൂപവത്കരണം സംബന്ധിച്ച്, ഒരു മഹാ പരിവൎത്തനംതന്നെ ഉത്ഭൂതമാക്കുവാൻ സാധിച്ചു. അവളുടെ ചാപല്യങ്ങൾ ഒരുതരം കണ്ടകങ്ങളായിമാത്രമേ മററുള്ളവർക്ക് തോന്നിയിരുന്നുള്ളു. എന്നാൽ യഥാൎത്ഥത്തിൽ അവ പലവിധത്തിലുള്ള പൂമൊട്ടുകളായിരുന്നു. നിസർഗ്ഗസുന്ദരങ്ങളായ ചില ഗുണവിശേഷങ്ങൾകൂടെ അവളിൽ സൎവ്വദാ വിളയാടിക്കൊണ്ടിരുന്നു. തേജോമയമായ ബാലഹൃദയത്തിൽ വ്യാജഭാവങ്ങളുടെ കരിനിഴലുകൾക്കു തങ്ങുവാൻ സാധിക്കയില്ലെന്നുള്ള വസ്തുത മഗ്ദലേനായുടെ വാക്കുകൾ അന്വൎത്ഥമാക്കി. മാത്രമല്ല, സാഹോദൎയ്യത്തിൻെറ സൌന്ദൎയ്യം, സ്നേഹത്തിൻെറ മഹത്വം, സത്യത്തിൻെറ പ്രകാശം എന്നിവ ഒന്നിച്ചു നടമാടുന്നതും അവളിൽക്കൂടെ ആൎക്കും കാണാൻ കഴിയാതിരുന്നില്ല. സൎവ്വോപരി അനന്യസാധാരണമായ ഒരു നവചൈതന്യം ആ സുകുമാരകളേബരത്തിൽ തിരതല്ലുന്നുണ്ടായിരുന്നു. അങ്ങനെ ക്രമപ്രവൃദ്ധമായ ഗുണധോരണിയോടുകൂടി വളൎന്നുവന്ന ആ പൈതൽ ഇതാ! ശൈശവ ദശയുടെ ഒരു പൂൎണ്ണചന്ദ്രനായിപ്പരിശോഭിക്കുന്നു.

## സന്താപാനുഭവം.

സന്താനസൗഭാഗ്യം, സമ്പൽസമൃദ്ധി, സമാധാനസംപുഷ്ടി എന്നിങ്ങനെ ഏതുകൊണ്ടുനോക്കിയാലും അദ്വിതീയമായ ഒന്നായിരുന്നു, കനോസ്സാകുടുംബം. അതിന്റെ പേരും പെരുമയും തന്നെ അനുപമമായിരുന്നു. പിന്നെ ആ കുടുംബം— ദുഃഖമെന്തെന്നു അറിഞ്ഞിട്ടില്ലാത്ത ആ കുടുംബം— എങ്ങനെ ദുഃഖത്താൽ ഉഴലുവാൻ ഇടയായി? കുടിൽതൊട്ടു കൊട്ടാരംവരെയുള്ള സകലരും പ്രകൃതിനിയമങ്ങൾക്കു വിധേയരാകുന്നു എന്നുള്ള വസ്തുതയാണ് നാം ഇവിടെ കാണുന്നതു്.

ആഢ്യചരിതനും, അഗാധപണ്ഡിതനും, അരമന ഉദ്യോഗസ്ഥനുമായ 'ഒക്ടേവിയസ്'' പ്രഭുവിന്റെ അകാലചരമമായിരുന്നു ആ കുടുംബാംഗങ്ങളെ സന്താപസിന്ധുവിൽ നിപതിപ്പിച്ചതു്. അപ്പോൾ അദ്ദേഹത്തിനു മുപ്പത്തൊൻപതു വയസ്സേ പ്രായമുണ്ടായിരുന്നൊള്ളൂ. അദ്ദേഹത്തിനു ആകസ്മികമായി പിടിപെട്ട രോഗത്തിൽനിന്ന് സ്വാസ്ഥ്യം അരുളുവാൻ ഭിഷഗ്വരന്മാർ സർവ്വശക്തിയും പ്രയോഗിച്ചു. പക്ഷെ, ഫലമൊന്നും ഉണ്ടായില്ല. പ്രഭു വിളംബംവിനാ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അതോടുകൂടെ കനോസ്സാകുടുംബത്തിലെ മണിദീപം അണഞ്ഞുപോയി. അനാഥരായ ഏതാനും പിഞ്ചുപൈതങ്ങൾ; യൗവനത്തിൽതന്നെ വൈധവ്യം നേരിട്ട കുടുംബനാഥ. കനോസ്സാകുടുംബത്തിനു നേരിട്ട ഈ മഹാ വിപത്തിന്റെ കാഠിന്യം വിവരിക്കുന്നതിനേക്കാൾ ഊഹിക്കുകയായിരിക്കും ഉത്തമം. അന്നു മഗ്ദലേനായിക്കു് ആറു വയസ്സു തികഞ്ഞിട്ടില്ലായിരുന്നു. കേവലം പിഞ്ചുപൈതങ്ങളുണ്ടോ ഇതിന്റെ ഗൗരവം പെട്ടെന്നു ഗ്രഹിക്കാൻ പോകുന്നു! മൃതശരീരം സംസ്കരിക്കുന്നതിനുള്ള സമയം ആസന്നമായി. പ്രഭുവിന്റെ അന്ത്യയാത്രയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. അപ്പോൾ മാത്രമേ കുട്ടികൾക്കു കാര്യം ഏറെക്കുറെ ഗ്രഹിക്കുവാൻ സാധിച്ചുള്ളു. വിധവയായ പ്രഭ്വി അശ്രുകണങ്ങൾ ധാരധാരയായി പൊഴിച്ചുകൊണ്ടു ശവമഞ്ചത്തിനു സമീപെ അലിലപോലെ വിറപൂണ്ടു നിലകൊണ്ടു. പരിഭ്രാന്തചിത്തരായ പൈതങ്ങൾ വിമ്മിവിമ്മി കരയുവാൻ തുടങ്ങി. അവർ ഓരോരുത്തരായും കൂട്ടമായും പിതാവിനെ വിളിച്ചുകൊണ്ടു ശവമഞ്ചത്തെ സമീപിച്ചു.

അഹോ! ദയനീയം! ശബ്ദശ്രവണമാത്രയിൽ ശിശുക്കളെ ഓരോരുത്തരേയും മാറോടണച്ചാലിംഗനംചെയ്തു പതിവായിരുന്ന ആ പിതാവ്, ഇതാ ഉടുത്തൊരുങ്ങി ദീനാരവങ്ങൾക്കിടയിൽ നിശ്ചേഷ്ടനായി ശയ്യയിൽതന്നെ കിടക്കുന്നു. ഐഹികപ്രയാണത്തിൽ മഗ്ദലേനാ ആദ്യമായി അനുഭവിച്ച ദുസ്സഹമായ ദുഃഖം അതായിരുന്നു. അതിൻെറ രൂക്ഷത അവൾ ആജീവനാന്തം രുചിച്ചറിയുകതന്നെ ചെയ്തു.

അങ്ങനെ 'ഒക്ടേവിയസ്' പ്രഭു അവരെ എന്നേയ്ക്കുമായി വിട്ടുപിരിഞ്ഞു. അന്നുമുതൽ മഗ്ദലേനായിൽ അപ്രതീക്ഷിതമായ ചില ഭാവഭേദങ്ങൾ പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. തിന്മയിൽനിന്നു നന്മ ഉല്പാദിപ്പിക്കുന്നതിനു ശക്തനായ ദൈവം, പിതാവിൻെറ വിരഹത്തിൽനിന്നുളവായ ഈ വ്യഥ അവളുടെ മാനസപരിവർത്തനത്തിനുള്ള ഒരവസരമാക്കിത്തീർക്കാൻ തിരുമനസ്സായി. അങ്ങനെ മഹാ സ്വതന്ത്രയും, തന്നിഷ്ടക്കാരിയും, ദുശ്ശാഠ്യക്കാരിയുമായിരുന്ന അവൾ ക്രമേണ വളരെ ശാന്തശീലയായിത്തീർന്നു. എന്നാൽ ദൈവം അവളെ സ്വായത്തമാക്കുന്നതിനു മുൻപ്, ഇനിയും അവൾ അതിദാരുണമായ മാനസിക ക്ലേശങ്ങൾ സഹിക്കണമെന്നായിരുന്നു അവിടുത്തെ തിരുവുള്ളം. എന്തുകൊണ്ടെന്നാൽ പീഡകളാണല്ലോ പുണ്യപൂർണ്ണതയിലേക്കുള്ള ഉത്തമസോപാനങ്ങൾ.

## പരിത്യക്ത.

'ടെറിസാ സ്ലൂഹാ' (Teresa Szluha) എന്ന പ്രഭ്വി കനോസ്സാക്കൊട്ടാരത്തിൽ പന്ത്രണ്ടു വർഷംവരെ താമസിച്ചു. അവൾ എല്ലാവരുടേയും സ്നേഹബഹുമാനാദികൾക്കു പാത്രമായിട്ടാണ് ജീവിച്ചത്. തൻെറ സന്താനങ്ങളുടെ നേർക്കു വളരെ വാത്സല്യവും അവൾക്കുണ്ടായിരുന്നു. എന്നാൽ ഭർത്താവിൻെറ വിയോഗാനന്തരം അവൾ പുനർവിവാഹത്തിനുള്ള ഒരുക്കമായി. 'മാൻതുവാ' (Mantua) എന്ന സ്ഥലത്തു താമസിച്ചിരുന്ന 'എഡ്വേർഡ് സ്സനേററി' (Edward Zanetti) എന്നൊരു പ്രഭുവിൻെറ ഭാര്യാപദം അവൾ സ്വീകരിച്ചു അതുകൊണ്ട് അവൾ മഗ്ദലേനായേയും മററു അഞ്ചു പിഞ്ചുകുഞ്ഞുങ്ങളേയും പിതൃസഹോദരരുടെ സംരക്ഷണത്തിൽ ഭരമേല്പിച്ച്, നവവരനോടു

ക്കൂടെ 'വെറോനാ'യിൽനിന്നും 'മാന്തുവാ' എന്ന സ്ഥലത്തേക്ക് താമസംമാററി. ഇങ്ങനെ രണ്ടു വയസ്സുമുതൽ ഒൻപതുവയസ്സു വരെ പ്രായമുള്ള അഞ്ചു പൈതങ്ങളെ അനാഥരായി, അനന്യ ശരണരായി പരിത്യജിച്ചുപോകാൻ മുതിന്ന അ മാതാവിൻെറ ഹൃദയകാഠിന്യം ആരിലും വൈരസ്യം വളത്തുന്നതത്രേ. മഗ്ദ ലേനായിക്ക് അപ്പോൾ എട്ടു വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു എങ്കിലും, ഈ സംഭവം അവളുടെ ബാലഹൃദയത്തെ അതികഠി നമായി ഭേദിക്കതന്നെ ചെയ്തു. അവൾ ചെറുപ്പമായിരുന്നെങ്കി ലും ബുദ്ധിശാലിനി ആയിരുന്നതുകൊണ്ട് കറഞ്ഞൊരുകാലമായി മാതാവിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ചില ഭാവഭേദങ്ങൾ അവളും വീക്ഷിക്കാതിരുന്നില്ല.

'കൌണ്ടു ടെറേസാ' കനോസ്സായിൽനിന്നു പോകുന്നതിനു കുറേ ദിവസംമുമ്പ് കുട്ടികളെല്ലാവരുംക്കൂടി ലീലാവിനോദങ്ങളിൽ സമയം ചിലവഴിച്ചുകൊണ്ടിരിക്കവേ, മഗ്ദലേനാ മാത്രം വീട്ടി ലേക്ക ഓടി മാതാവിനെ കെട്ടിപ്പിടിച്ച് 'അമ്മേ! എനിക്കൊരുമ്മ' എന്നു പറഞ്ഞു. ഇതൊരു അപൂൎവ്വസംഭവമായിരുന്നില്ല. അവൾ ഇതിനു മുമ്പും ചില ചുംബനാഭ്യൎത്ഥനകൾ നടത്തുകയും ചുംബ നങ്ങളാസ്വദിക്കുകയും ചെയ്തിട്ടുണ്ട്. അന്നും മാതാവ് പതിവു പോലെ മകളെ ആശ്ലേഷിച്ചെങ്കിലും അന്നത്തെ ആലിംഗന ത്തിലും നടപടികളിലും എന്തോ ഒരസാധാരണത്വം കലന്നിരു ന്നതായി മഗ്ദലേനായ്ക്കു അനുഭവപ്പെട്ടു. അമ്മയ്ക്കു അവളിൽനിന്നു പിരിയുവാൻ അസാദ്ധ്യം എന്നുതന്നെ തോന്നി. അതുകൊണ്ടു അവൾ മഗ്ദലേനായെ വീണ്ടും വീണ്ടും ചുംബിച്ച് തൃപ്തയായി. അടുത്ത ദിവസം പ്രഭാതത്തിൽ അവൾ സ്ഥലംവിട്ട വസ്തുതയാ ണ് മഗ്ദലേനായ്ക്ക് അറിയുവാൻ ഇടയായത്. തലേദിവസത്തെ അസാധാരണമായ ഗാഢാലിംഗനങ്ങൾ അമ്മയുടെ അവസാന യാത്രോക്തികളായിരുന്നുവെന്ന് അപ്പോൾമാത്രമേ അവൾക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞൊള്ളു. സാധുബാലിക! മാതാവിൻെറ വേർ പാടുമൂലം മററു പൈതങ്ങൾ പ്രാണവേദന അനുഭവിച്ചു എ ങ്കിൽ, മാതൃസ്നേഹം വഴിഞ്ഞൊഴുകിയിരുന്ന മഗ്ദലേനായുടെ ഹൃ ദയം എത്ര അധികം ദുഃഖമനുഭവിച്ചിരിക്കണം!

എന്നാൽ മഗ്ദലേനാ അഗതികളുടേയും അനാഥരുടേയും മാതാവായിത്തീരണമെന്നുള്ളതായിരുന്നു ദൈവഹിതം. അവളെ ദുഃഖിതരുടെ ആലംബവും അനാഥരുടെ ആശ്രയവും ആക്കിത്തീ

ക്കാൻ ദൈവം നിശ്ചയിച്ചു. അതിനുള്ള ഒരു പരിശീലനമെന്നവിധം ഇളംപ്രായംമുതൽക്കേ ക്ലേശങ്ങളുടെ നിർദ്ദയ താഡനങ്ങളാൽ അവളെ പ്ഡിപ്പിക്കുവാനാണ് അവിടുന്നു തിരുമനസ്സായത്. ബാല്യത്തിൽ ദുഃഖമെന്തെന്നറിയാതെ മാതാപിതാക്കളുടെ പരിലാളനയിൽതന്നെ വളന്നിരുന്നെങ്കിൽ, പിന്നീട് അവൾക്കു സാധുക്കളോട് ഇത്രവലിയ അനുകമ്പ ഉണ്ടാകുമായിരുന്നോ എന്നു അക്കറിയാം!

ദിവസങ്ങൾ പിന്നെയും പലതുകഴിഞ്ഞു. കനോസ്സാകുടുംബത്തിൻെറ അന്തസ്സിനു യോജിച്ചവിധം 'ലോറാ' 'മഗ്ദലേനാ' 'ബൊനിഫാസ്' എന്നീ മൂന്നു കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള കാലമായി. അവരുടെ പിതാവിൻെറ അഭാവത്തിൽ ബന്ധുമിത്രാദികളുടെ സത്വരശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞു. 'ബൊനിഫാസി'നെ പഠിപ്പിക്കുന്നതിനു അവർ ഒരദ്ധ്യാപകനെ നിയമിച്ചു. പെൺകുട്ടികളെ രണ്ടുപേരെയും 'മിലാനി'ലുള്ള 'സലേഷ്യൻ' സഭക്കാരായ കന്യാസ്ത്രീകളുടെ സംരക്ഷണത്തിൽ ഏൾപ്പിക്കുവാനും തീരുമാനിച്ചു. അവരുടെ യാത്രയ്ക്കുള്ള സജ്ജീകരണങ്ങൾ എല്ലാം പൂർത്തിയായി; അതിനുള്ള ദിവസവും നിശ്ചയിച്ചു. എന്നാൽ നിശ്ചിതസമയമായപ്പോൾ പരിപാടികളെല്ലാം പാടേ പമ്പകടന്നു. കാരണം, അവയിൽ ചില ഭേദഗതികൾ ചെയ്യേണ്ടതായി വന്നു. മഗ്ദലേനാ പിതൃസഹോദരരുടെ കണ്ണിലുണ്ണിയായിരുന്നതുകൊണ്ട് അവളെ പിരിയുന്ന കാര്യത്തിൽ അവക്കു വളരെ വൈമനസ്യം തോന്നി. മാത്രമല്ല, മൂത്തകുട്ടികളെ രണ്ടുപേരെയും വിദൂരദേശത്തേക്കു പറഞ്ഞയക്കുന്നതു് വിവേകമായിരിക്കയില്ല എന്നവർ കരുതി. സര്വ്വോപരി മഗ്ദലേനായെ പിരിയുവാൻ പാടില്ലാത്തവിധം അത്രയ്ക്കു ഗാഢബന്ധമായിരുന്നു പിതൃസഹോദരർ പുലർത്തിയിരുന്നതു്. അതുകൊണ്ട് പരിപാടികൾ പാടെ ഉടച്ചുവാർത്തു്, ഒടുവിൽ അവരെ പഠിപ്പിക്കുന്നതിനു ഫ്റാൻസുകാരിയായ ഒരദ്ധ്യാപികയെക്കൂടെ നിയമിക്കാമെന്നു തീർച്ചയാക്കി.

## അദ്ധ്യാപിക.

അവൾ ആരായിരുന്നു? വിദ്യാസമ്പാദനത്തിലും സംസ്കാരാർജ്ജനത്തിലും അദ്വിതീയതന്നെ ആയിരുന്നു അവൾ. കനോസ്സാക്കുടുംബത്തിലെ നാലു പെൺകുട്ടികൾക്ക് അമ്മയും അദ്ധ്യാപികയുമായിട്ടായിരുന്നു പിതൃസഹോദരൻ അവളെ നിയോഗിച്ചിരുന്നതു്. അവളുടെ ആഗമനത്തോടുകൂടി മഗ്ദലേനായെ സംബന്ധിച്ചിടത്തോളം ആ കുടുംബത്തിൽ നവമായ ഒരദ്ധ്യായവും, ഒരന്തരീക്ഷവും സംജാതമായി.

ആദ്യകാലങ്ങളിൽ മഗ്ദലേന അദ്ധ്യാപികയുടെ കണ്ണിലുണ്ണി ആയിരുന്നു. മാതൃനിർവ്വിശേഷമായ വാത്സല്യത്തോടുകൂടെ ഗുരുനാഥ അവളെ പരിപാലിച്ചുപോന്നു. അവരുടെ പ്രീതിയും ലാളനവും പ്രകൃത്യാ തന്നിഷ്ടക്കാരിയായിരുന്ന മഗ്ദലേനായുടെ ദുശ്ശീലങ്ങൾക്കു വളമായി പരിണമിച്ചു. അവളുടെ നിർബന്ധബുദ്ധിയെപ്പററി അദ്ധ്യാപിക ഗൗനിച്ചതേയില്ല. ശരിയായ ശിക്ഷണത്തിന്റെ അഭാവത്തിൽ മഗ്ദലേനായുടെ ദുശ്ശാഠ്യങ്ങൾ ശക്തിപ്രാപിച്ച് വളൎന്നിരുന്നെങ്കിൽ അതിനെപ്പററി വിസ്മയിക്കാനില്ലല്ലോ.

മുമ്പൊരദ്ധ്യായത്തിൽ പ്രസ്താവിച്ചതുപോലെ നിസ്സാരമായ ഒരു കള്ളം പറഞ്ഞു കുററത്തിൽനിന്നൊഴിയാമെന്നു കുട്ടിയെ ഉപദേശിച്ച ഗുരുനാഥയുടെ കുടിലചിത്തവും മഗ്ദലേനായുടെ തുറന്ന സ്വഭാവവും തമ്മിൽ നടന്ന ഒരു ഘോരസംഘട്ടനത്തിന്റെ ഫലമായി, മഗ്ദലേനായുടെനേരെ അവൎക്കുണ്ടായിരുന്ന സ്നേഹം ദ്വേഷമായിപ്പകൎന്നു.

സാധുവായ മഗ്ദലേനായെ സംബന്ധിച്ചിടത്തോളം ഒരു പീഡനംതന്നെയായിരുന്നു അന്നുമുതൽ ആരംഭിച്ചതു്. സാരമായ കുററങ്ങൾപോലും കണ്ടില്ലെന്നു ഭാവിച്ചിരുന്ന അദ്ധ്യാപിക നിസ്സാരകുററങ്ങൾക്കുവേണ്ടിയും ചിലപ്പോൾ അകാരണമായും അവളെ നിർദ്ദയം ശിക്ഷിക്കുവാൻ തുടങ്ങി. അവൾ പറയുന്നതും പ്രവൃത്തിക്കുന്നതുമെല്ലാം കുററംതന്നെ. തൊട്ടതിനെല്ലാം ശിക്ഷ. വല്ല അതിഥികളും വീട്ടിൽവന്നാൽ മഗ്ദലേനാക്കുമാത്രം സദസ്സിൽ പ്രത്യക്ഷപ്പെടുവാൻ പാടില്ല. അവൾക്കവിടെ പ്രവേശനം അനുവദിക്കാതെ കൊട്ടാരത്തിലെ വല്ല മൂലയിലേക്കും ഗുരുനാഥ പറഞ്ഞയയ്ക്കും. അവൾ വല്ലതും പറഞ്ഞാൽ അതു് ശുണ്ഠിത്തര

മായി; വല്ലതും ചെയ്തുപോയാൽ അത് അനാശാസ്യമായി; വല്ല കളിവിനോദങ്ങളിലേർപ്പെട്ടാൽ അത് മറയത്തായി; മൗനം തന്നെ പാലിക്കാമെന്നുവച്ചാൽ, അതു ധിക്കാരവുമാകും. പിന്നെ ആ പിഞ്ചുബാലിക എന്തുചെയ്യും? എന്നാൽ ഈ കഷ്ടപ്പാടുകളെക്കുറിച്ചു അക്ഷമയുടേയോ ആവലാധിയുടേയോ ഒരു വാക്കുപോലും അവളുടെ അധരങ്ങളിൽനിന്നു അടൎന്നുവീണിട്ടില്ല. അവൾ അവയെല്ലാം ക്രിസ്തുവിനുവേണ്ടി സഹിച്ചു. അങ്ങനെ അവൾ വിശുദ്ധിയിലേക്കുള്ള വഴിവെട്ടിത്തുറന്നു.

മഗ്ദലേനായെ നിരന്തരം പീഡിപ്പിച്ചിരുന്ന അദ്ധ്യാപികയെ ബഹിഷ്കരിച്ചപ്പോൾ മാത്രമേ അവൾക്കു യഥാൎത്ഥ സൈ്വരവും സമാധാനവും ഉണ്ടായുള്ളു എന്ന് സാധാരണഗതിയിൽ വായനക്കാർ വിചാരിച്ചേക്കാം. എന്നാൽ അങ്ങനെയല്ല സംഭവിച്ചത്. ആ സ്ത്രീ നമ്മുടെ കഥാനായികയെ എത്രമാത്രം ദ്വേഷിച്ചുവോ അത്രമാത്രം മഗ്ദലേനാ അവരെ സ്നേഹിക്കുകയാണു ചെയ്തതു്. അവൾ വളരെ സങ്കടങ്ങളനുഭവിച്ചു; എങ്കിലും അവയെല്ലാം അനിതരസാധാരണമായ ക്ഷമയോടെ സഹിച്ചുകൊണ്ട് അവൾ മിശിഹായുടെപക്കൽ തന്നെ സമൎപ്പിച്ചു. അങ്ങനെ കുറച്ചുകാലം കഴിഞ്ഞു. അനന്തരം അദ്ധ്യാപികയുടെ വിവാഹാവസരത്തിൽ മഗ്ദലേനാ അവർക്കു ഒരു നല്ല സമ്മാനം അയച്ചുകൊടുക്കുകപോലും ഉണ്ടായി.

തൻ്റെ മാതൃസ്ഥാനം വഹിച്ചിരുന്ന ഒരാളുടെ അനീതിപരവും നിൎദ്ദയവുമായ മൎദ്ദനങ്ങൾക്ക് വിധേയയായി ജീവിക്കുന്നതിനു മഗ്ദലേനം തന്നോടുതന്നെ എത്രകണ്ടു ബലം പ്രയോഗിച്ചിരിക്കണം. ഒരു ദിവസമോ, മാസമോ അല്ല; ആറു വത്സരം ആ ദുസ്സഹമായ മൎദ്ദനം അവൾ അനുകരണീയവും അത്ഭുതകരവുമായ ക്ഷമയോടുകൂടി സഹിച്ചു. തനിക്കു വിപരീതമായി എന്തെങ്കിലും പ്രവൎത്തിക്കുന്നവരോടു അവൾക്കുണ്ടായിരുന്ന മനഃസ്ഥിതി ഇപ്പോൾ എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു നോക്കുക. ഇവിടെയാണു് ആ ബാലചാപല്യങ്ങളുടെ മൊട്ടുകൾ വികസിച്ച് സുന്ദരമായ കുസുമതല്ലജങ്ങളായി കാണപ്പെട്ടതു്. അനുകരണീയമായ ഗുരുശിഷ്യബന്ധത്തേയും ശിഷ്യലോകത്തിനുണ്ടായിരിക്കേണ്ട സഹിഷ്ണുതയേയും അവൾ ലോകത്തിൽ ഉത്തേജിപ്പിച്ചു. ഒരുവിധത്തിൽ പരുപരുത്ത പാറക്കഷണങ്ങൾക്കു പട്ടുവസ്ത്രങ്ങളുടെ മാൎദ്ദവം ലഭിച്ചതായിത്തന്നെ നാം കാണുന്നു.

ഗുരുജനങ്ങളുടെ അന്യായമായ ശിക്ഷകൾപോലും അനുഭവിക്കാൻ സന്നദ്ധമാകുന്ന ശിഷ്യലോകത്തിനു വന്നുകൂടുന്ന മഹത്വമാണു് ഇവിടെ നാം കാണുന്നതു്.

## മഗ്ദലേനായുടെ സംരക്ഷക.

അദ്ധ്യാപികയുടെ അനീതിപരമായ മർദ്ദനത്തിൽ മഗ്ദലേനായിക്കു ആശ്വാസമരുളുവാൻ മദ്ധ്യസ്ഥയായി നിന്നിരുന്നതു് ആരായിരിക്കാം? അതു്, സ്വർഗ്ഗീയ മഹത്വത്തോടുകൂടി പ്രതാപമേറിയ സിംഹാസനത്തിൽ ഇന്നും എന്നും സ്ഥിതിചെയ്യുന്ന സ്വർഗ്ഗരാജ്ഞിയായ ദൈവമാതാവുതന്നെയായിരുന്നു. അവൾ അനീതിയായി ശിക്ഷ അനുഭവിച്ചപ്പോഴെല്ലാം ഒരു ചെറിയ മുറിയിൽ ചെന്നു്, അവിടെ ഉണ്ടായിരുന്ന ദൈവജനനിയുടെ തിരുസ്വരൂപത്തിൻമുൻപാകെ സാഷ്ടാംഗം പ്രണമിച്ചു് അവളുടെ കഷ്ടതകളെ ആ കന്യകയ്ക്കു കാഴ്ചയായി അർപ്പിച്ചിരുന്നു. ആ സ്ഥിതിയിൽ പലപ്പോഴും അവൾ അശ്രുകണങ്ങൾ പൊഴിച്ചുകൊണ്ടിരുന്നതായി കാണപ്പെട്ടിരുന്നു. കഷ്ടിച്ചു് ആറു വത്സരക്കാലം കാരാഗൃഹവാസത്തേക്കാൾ കഷ്ടതരമായ ഒരു ജീവിതം, വിസ്മയനീയമായ ക്ഷമയോടുകൂടെ അവൾ നയിച്ചു. ദുഃഖിതരുടെ അവലംബമായ സ്വർഗ്ഗീയരാജ്ഞി മുള്ളുകൾകൊണ്ടുള്ള മുടി ധരിച്ചിരുന്ന ദൈവപുത്രന്റെ ശിരസ്സും, കുന്തത്താൽ ഭേദിക്കപ്പെട്ട അവിടുത്തെ ഹൃദയവും കാണിച്ചുകൊണ്ടു് അവളെ സാന്ത്വനപ്പെടുത്തിയിരുന്നു. ദൈവപ്രസാദവരങ്ങളുടെ പ്രേരണകൾക്കു് അനുയോജ്യമാംവണ്ണം അവൾ സദാ വിശ്വസ്തതാപൂർവ്വം വർത്തിച്ചിരുന്നു. മഗ്ദലേനാ സന്താപസാഗരത്തിൽ നീന്തിവലഞ്ഞ 'വ്യാകുലമാതാവി'നെപ്പോലെ ക്രിസ്തുവിനെക്കുറിച്ചു പീഡകൾ സഹിക്കുവാൻ നിശ്ചയിച്ചു. അവളുടെ സഹോദരികൾ സന്ദർശനമുറിയിൽ ചെന്നു അവിടെ വന്നിരുന്ന ആളുകളോടു കാണിക്കേണ്ട ആചാരോപചാരങ്ങൾ പഠിച്ചിരുന്നപ്പോൾ അദ്ധ്യാപികയുടെ അമർഷം ഹേതുവായി, മഗ്ദലേനായ്ക്കു അവിടെ പ്രവേശിക്കാനേ അനുവാദമുണ്ടായിരുന്നില്ല. അവർ മനുഷ്യരോടുള്ള സംഭാഷണത്തിൽമാത്രം വ്യാപൃതരായിരുന്നു. എന്നാൽ, മഗ്ദലേനാ ദൈവജനനിയുടെ സന്നിധിയിൽവച്ചു് സ്വർഗ്ഗീയകാര്യങ്ങളെപ്പററി സംസാരിക്കുന്നതിൽ നിരതയായിരുന്നു.

## രക്ഷാകർത്താവിൻെറ കണ്ടുപിടിത്തം.

മഗ്ദലേനായുടെ പിതൃവ്യന്മാരിൽ ഒരുവനും രക്ഷകർത്താവുമായിരുന്ന 'മാർക്വിസ് ജെറോം'. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ അദ്ധ്യാപിക വളരെ കൃത്യനിഷ്ഠയുള്ളവളായി കാണപ്പെട്ടു. മഗ്ദലേനായിൽ കണ്ടിരുന്ന നിസ്സാര കുററങ്ങളെപ്പോലും പർവ്വതീകരിച്ചുകൊണ്ടു അവളെ കഠിനമായി ശിക്ഷിച്ചിരുന്ന ഗുരുനാഥയുടെ കാപട്യത്തിന് അദ്ധ്യാപകവൃത്തിയിൽ അവർക്കുണ്ടായിരുന്ന അതീവശുഷ്കാന്തിയുടെ നിറംകൊടുത്തു. 'മാർക്വിസ് ജെറോം' ഇതൊന്നും ആരംഭത്തിൽ മനസ്സിലാക്കിയിരുന്നില്ല.

മഗ്ദലേനാ അനുഭവിച്ചിരുന്ന കഷ്ടപ്പാടുകളെ അദ്ദേഹത്തോടു ഒന്നു സൂചിപ്പിച്ചാൽമാത്രം മതിയായിരുന്നു, അവൾക്കു അവയിൽനിന്നും രക്ഷ പ്രാപിക്കുവാൻ. എന്നാൽ അവയെപ്പററി പരാതിപ്പെടുന്നതിനു പകരം മർദ്ദനത്തിൻെറ രൂക്ഷത വർദ്ധിക്കുംതോറും അവൾ അതിന് സസന്തോഷം സ്വാഗതമരുളുകയാണുണ്ടായത്. അവളുടെ സഹോദരങ്ങൾക്കു ഈ പീഡനത്തിൻെറ സ്വഭാവം ഏതാണ്ടു മനസ്സിലായിരുന്നു. തൻമൂലം ചിലപ്പോൾ അവരുടെ മുഖത്തു നിഴലിച്ചിരുന്ന കുണ്ഠിതത്തിൻെറ ലാഞ്ഛനകൾ അവൾ കണ്ടിരുന്നു. എങ്കിലും സംഗതിയുടെ യാഥാർത്ഥ്യം വെളിപ്പെടുത്തുവാൻ മഗ്ദലേനാ അവരെപ്പോലും അനുവദിച്ചിരുന്നില്ല. അദ്ധ്യാപികയുടെ നടപടിയെപ്പററി വല്ലവരും ആക്ഷേപമായി സംസാരിച്ചാൽ ഉടനെ മഗ്ദലേനാ ഗുരുനാഥയുടെ ഭാഗം പിടിച്ച് വാദിച്ചുതുടങ്ങും. എല്ലാം അവളുടെ സ്വന്തം കുററത്താലാണെന്ന് അവൾ ഏററു കഴിയും. കരയാത്ത കുഞ്ഞിനുണ്ടോ പാല് കിട്ടുന്നു?

എന്നാൽ മഗ്ദലേനായുടെ പിതൃസഹോദരനായ 'ജെറോം' അദ്ധ്യാപികയുടെ കാപട്യത്തെ കണ്ടുപിടിക്കാനിടയായി. എങ്ങനെയെന്നാൽ, ഒരുദിവസം സായാഹ്നത്തിൽ സന്ദർശനമുറിയിൽ വന്നിരുന്ന അതിഥികളോടുള്ള സംഭാഷണം അവസാനിപ്പിച്ചു അവരെ പറഞ്ഞയച്ചശേഷം അദ്ദേഹം തോട്ടത്തിലേക്കിറങ്ങി. അവിടെ നടന്നുകൊണ്ടിരിക്കെ, ആരുടേയോ ഒരു ദയനീയസ്വരം ശ്രവിച്ചു. അത് എവിടെനിന്നാണെന്ന് അറിയുവാൻ അദ്ദേഹം ചെവി പാർത്തു. അടുത്ത മുറിയിലെ ജാലകത്തിലൂടെ ജെറോം സൂക്ഷിച്ചുനോക്കിയപ്പോൾ, മഗ്ദലേനാ ആ മുറിയുടെ

ഒരു മൂലയിൽ മുട്ടുകുത്തി വിമ്മിവിമ്മി കരയുന്നതു കണ്ട് അയാൾക്ക സഹിക്കവെയ്യാതെയായി. തൽക്ഷണം അദ്ദേഹം മുറിയിലേക്ക കയറിച്ചെന്ന് മഗ്ദലേനായോടു ചോദിച്ചു. "നീ എന്താണ് ഇവിടെ ചെയ്യുന്നത്"? അവൾ:– "ഞാൻ ശിക്ഷ അനുഭവിക്കയാണ്" എന്ന് സൗമ്യസ്വരത്തിൽ മറുപടി പറഞ്ഞു.

ജെറോം:– "ആരാണ് നിന്നെ ശിക്ഷിച്ചത്?"

മഗ്ദ:– "അദ്ധ്യാപിക."

ജെറോം:– "നീ എന്തു കുററമാണു ചെയ്തത്?"

മഗ്ദ:– "ഞാൻ വളരെ വികൃതിയായി പെരുമാറി.

ജെറോം:– "ഞാൻ അതു് വിശ്വസിക്കുന്നില്ല. വേഗം എൻെറകൂടെ വരിക."

മഗ്ദ:– "ഞാൻ വരുന്നില്ല."

ജെറോം:– "എന്തുകൊണ്ടു വരുന്നില്ല?"

മഗ്ദ:– "അദ്ധ്യാപികയെ അനുസരിക്കണമെന്നു അങ്ങു് പറഞ്ഞിട്ടുള്ളതുകൊണ്ട്.

ജെറോം:– "അതേ, അതു് ശരിയാണ്. പക്ഷെ അദ്ധ്യാപികയെ നിയമിച്ച എനിക്ക് അവളുടെ കല്പന മാററുകയും ചെയ്യാം. അതുകൊണ്ട് എൻെറ കുഞ്ഞേ! വേഗം ഇറങ്ങിവരിക."

ക്ഷണനേരംകൊണ്ടു 'മഗ്ദലേനാ' അയാളുടെ സമീപത്തെത്തിക്കഴിഞ്ഞു. അയാൾ കുട്ടിയുടെ കൈപ്പിടിച്ച് കാര്യമെല്ലാം സാവകാശത്തിൽ ചോദിച്ചറിഞ്ഞു. മററുകുട്ടികളിൽനിന്ന് ലഭിച്ച അറിവുകൂടെ ചേർത്തപ്പോൾ കാര്യത്തിൻെറ യാഥാർത്ഥ്യം മുഴുവൻ വിശദമായി. തൽഫലമായി, ഏതാനുംദിവസങ്ങൾക്കകം അദ്ധ്യാപികയെ അവിടെനിന്നു അയാൾ പിരിച്ചുവിട്ടു. അതോടുകൂടെ മഗ്ദലേനായുടെ കാരാഗൃഹവാസം എന്നേയ്ക്കുമായി അവസാനിച്ചു.

## രോഗശയ്യയിൽ.

ആത്മനിയന്ത്രണം അഭ്യസിച്ച് തന്നെത്തന്നെ കീഴടക്കുന്നതിനു മഗ്ദലേനാ നടത്തിയ ഘോരസമരം, അവളുടെ ലോലമായ ശരീരാരോഗ്യത്തെ സാരമായി ക്ഷതപ്പെടുത്തി. അദ്ധ്യാപിക കനോസ്സാ കൊട്ടാരത്തിൽനിന്നും പോയതോടുകൂടെ നിർദ്ദയമാ



രക്ഷകത്താവിൻെറ കണ്ടുപിടിത്തം.

(P. 18.)

യ ആ മർദ്ദനത്തിൽനിന്ന മഗ്ദലേനായ്ക്കു മോചനംലഭിച്ചു. പക്ഷേ, രോഗപീഡയാകുന്ന ഭയങ്കര ശത്രുവിൻെറ കൊടുംപിടിയിൽ അവൾ അമൎന്നു. തീവ്രമായ തലവേദനയും അരക്കെട്ടിന് അസഹനീയമായ നൊമ്പരവും അവൾ അനുഭവിക്കേണ്ടിവന്നു. എങ്കിലും അസന്തുഷ്ടിയുടെ ഛായ ലേശംപോലും അവളുടെ മുഖത്തു് കാണ്മാനുണ്ടായിരുന്നില്ല.

രോഗശയ്യയെ പ്രാപിച്ച് അധികനാൾ കഴിയുന്നതിനു മുൻപ് വാതത്തിൻെറ ബാധകൂടെ അവൾക്കു നേരിട്ടു. അതിൻെറ വേദന അടിക്കടി വൎദ്ധിച്ചുകൊണ്ടുമിരുന്നു. തന്നിമിത്തം ദുസ്സഹമായ വേദനയായിരുന്നു ആ സാധുബാലിക അപ്പോൾ സഹിച്ചിരുന്നതു്. രോഗശാന്തി ഉദ്ദേശിച്ചു പലതരം ചികിത്സകൾ നടത്തിയെങ്കിലും, അവമൂലം കാലിലെ വേദന പൂൎവ്വാധികം വൎദ്ധിച്ചതേയുള്ളു. എങ്കിലും ആ അവസരത്തിൽപോലും അവൾ അത്യധികം പ്രശാന്തതയും പ്രസന്നതയും അനുഭവിച്ചിരുന്നു.

ഒരു ദിവസം വൈദ്യോപദേശമനുസരിച്ച് അവളുടെ കാലിൽ ഒരു പുതിയ കുഴമ്പിട്ടു തലോടി. അതോടെ വേദന പതിന്മടങ്ങു വൎദ്ധിച്ചു. "പുതിയ മരുന്നിട്ടപ്പോൾ വേദനയ്ക്കു അല്പമെങ്കിലും ശമനമില്ലേ?" എന്ന് പരിചാരിക ചോദിച്ചു. അസഹനീയമായ വേദനയാൽ നട്ടംതിരിഞ്ഞിരുന്ന മഗ്ദലേനാ ഇതുകേട്ട് ഇങ്ങനെ പ്രതിവചിച്ചു: "ശരിതന്നെ; പുതിയ മരുന്നു അസ്ഥി മാത്രമല്ല, കാലുമുഴവൻ തന്നെയും എടുത്തു കളയുവാൻ പോവുകയാണോ എന്ന് തോന്നിപ്പോകുന്നു." എത്ര വലിയ വേദനയാണ് ആ സാധു ബാലിക അപ്പോൾ സഹിച്ചിരുന്നതു്!

കാലിലെ അസ്വാസ്ഥ്യം അധികനാൾ ദീൎഘിച്ചില്ല. അതു് മിക്കവാറും സുഖപ്പെട്ടപ്പോൾ അവൾക്കു കഠിനമായ മസൂരിദീനം പിടിപെട്ടു. അതു പകർച്ചവ്യാധിയായിരുന്നതിനാൽ മററുള്ളവരുടെ സാമീപ്യസുഖംപോലും അവൾക്കു ലഭിച്ചിരുന്നില്ല. മൂന്നുമാസം വേണ്ടിവന്നു അതു് സുഖപ്പെടുവാൻ. അവൾ വീണ്ടും ആരോഗ്യം പ്രാപിക്കുമോ എന്നു പിതൃസഹോദരന്മാരിലും, അമ്മായിമാരിലും ആശങ്ക ജനിച്ചു. തൻമൂലം അവരെല്ലാവരും അവൾക്കുവേണ്ടി വ്യാകുലമാതാവിനോടു തീവ്രമായി പ്രാൎത്ഥിച്ചു. അവരുടെ പ്രാൎത്ഥന വിഫലമായില്ല. അവൾ ആരോഗ്യവതിയായിത്തിന്നാൽതന്നെയും മസൂരിദീനത്തിൻെറ വടുക്കൾ അവളുടെ അഴകേറിയ മുഖത്തെ വിരൂപമാക്കിത്തീൎക്കുമെന്നുള്ള പലരുടേയും പ്രതീക്ഷയ്ക്കെതി

രായി, ദീനത്തിൻെറ യാതൊരു വട്ടവും അവളുടെ മുഖകമലത്തിൽ കാണ്മാനുണ്ടായിരുന്നില്ല. രോഗശയ്യയിൽവച്ച് അനുഭവിച്ച പീഡകൾ അവളെ ആദ്ധ്യാത്മിക കാര്യങ്ങളിൽ പൂർവ്വാധികം തല്പരയാക്കുകയും, ഐഹികവസ്തുക്കൾക്ക് അവയുടെ യഥാർത്ഥവില കല്പിക്കുവാൻ പഠിപ്പിക്കുകയും ചെയ്തു.

മഗ്ദലേനാ രോഗസഹജമായ ഉഗ്രപീഡകൾ സഹിച്ച് ഏകാകിനിയായി കിടന്നപ്പോഴും അവളുടെ മുഖപ്രസന്നതയ്ക്കു തെല്ലും വാട്ടം തട്ടിയിരുന്നില്ല എന്നാണ് അവളുടെ പരിചാരിക പ്രസ്താവിക്കുന്നത്. മിശിഹായെക്കുറിച്ചു പീഡകൾ സഹിക്കുവാൻ സന്നദ്ധരായിരിക്കുന്നവരുണ്ടോ ഇത്തരം പീഡകളുടെ സഹനത്തിൽ നിരാശപ്പെടുവാൻ പോകുന്നു! ദിവ്യരക്ഷകനെ സ്നേഹിക്കുന്നവക്കു അനുഭവവേദ്യമാകുന്ന കഷ്ടപ്പാടുകൾ, അവിടുത്തെ ഹൃദ്യമായ പരിലാളനങ്ങൾ മാത്രമാണ്. മഗ്ദലേനാ സുഖം പ്രാപിച്ചപ്പോൾ അട്ടിഗപ്രാസികളായ അഗതികൾക്കു സുഭിക്ഷത്തിൻെറയും സന്തോഷത്തിൻെറയും ഒരുത്സവംതന്നെ ആയിരുന്നുവെന്നു പറയാം. അഗതികളുടെ ആലംബമെന്നു പണ്ടേതന്നെ പ്രകീർത്തിതമായിരുന്ന 'കനോസ്സാക്കുടുംബം' അവളുടെ സുഖപ്രാപ്തിയോടുകൂടി സാധുലക്ഷങ്ങളുടെ സാക്ഷാൽ സങ്കേതസ്ഥാനമായി പരിലസിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

## മഗ്ദലേനാ സുന്ദരിയായിരുന്നോ?

മഗ്ദലേനായുടെ കൌമാരദശ കഴിഞ്ഞ് അവൾ താരുണ്യവതിയായ ഒരു മഹിളാമണിയായി വികസിക്കുവാൻ തുടങ്ങി. ഒരു ജീവിതാവസ്ഥ തിരിഞ്ഞെടുക്കേണ്ട സമയവും ഏതാണ്ട് സമാഗതമായി. അനന്യസാധാരണമായ സുകൃതജീവിതത്തിൻെറ അനുഗ്രഹങ്ങളുംകൂടി ഒത്തിണങ്ങി പരിലസിക്കുന്ന ഒരു യുവതിയുടെ സൌന്ദര്യത്താൽ ആകൃഷ്ടരാകാത്തവർ ആരുണ്ട്? പ്രഭുകുമാരിയായ മഗ്ദലേനാ യഥാർത്ഥത്തിൽ സൌകുമാര്യത്തിലും സൗശീല്യത്തിലും അദ്വിതീയതന്നെ ആയിരുന്നു. തന്നിമിത്തം കുലീനകുലജാതയും സുശീലയുമായ ഈ യുവതിയെ ഭാര്യയായി സ്വീകരിക്കുവാനിരിക്കുന്ന ഭാഗ്യവാൻ ആരായിരിക്കുമെന്നു പലരും അത്യാകാംക്ഷയോടെ പ്രതീക്ഷിക്കുവാൻ തുടങ്ങി. കുലീനരായ പല യുവാക്കന്മാരും അവളെ വിവാഹം ചെയ്വാനഭിലഷിച്ചു. പലരും

അവരുടെ അഭിലാഷം പരസ്യമായിത്തന്നെ പ്രകടിപ്പിക്കാതിരുന്നില്ല. എന്നാൽ അവൾ വിവാഹാഭ്യർത്ഥനകളെല്ലാം പാടേ നിരസിക്കുകയാണു് ചെയ്തതു്.

യൗവനയുക്തയായതോടുകൂടി അവൾക്കു പ്രപഞ്ചസുഖങ്ങളിൽ പ്രതിപത്തി തിരെ ഇല്ലാതായി. തന്നിമിത്തം വിവാഹജീവിതത്തിൽനിന്നു വ്യത്യസ്തമായ ഒരു ലക്ഷ്യത്തെ ആയിരുന്നു അവൾ ചുഴിഞ്ഞു നോക്കിയിരുന്നതു്. അവിടെ തനിക്കു് അഭികാമ്യമായ ഒരു ആരാമമുണ്ടെന്നു് അവൾ ഗ്രഹിച്ചു ദൈവത്തിനു് ഹിതകരമായ സേവനങ്ങൾകൊണ്ടു് സായൂജ്യം പ്രാപിക്കുവാൻ കഴിയുമെങ്കിൽ അതിൽപരമായി ഒരു സൗഭാഗ്യം അക്കം സിദ്ധിക്കുവാനില്ലെന്നും അവൾക്കു് തോന്നി. ദിവ്യചെമ്മരിയാട്ടിൻകുട്ടിയെ അകമ്പടി സേവിക്കുന്ന അനേകം കന്യകകളുടെ ഒരു സമൂഹത്തെ അതിവിദൂരമായ ഒരു ദർശനത്തിലെന്നപോലെ അവൾ വീക്ഷിച്ചു. അതിനാൽ നേരത്തെതന്നെ അവൾ ഒരാളെ മനസ്സാ വരിക്കുകയുണ്ടായി. ആ വരൻ ദിവ്യ മണാളനായ മിശിഹാ അല്ലാതെ മററാരും ആയിരുന്നില്ല. ആ പ്രാണേശ്വരനു സ്വന്തം ഹൃദയത്തെ സമർപ്പിച്ചുകഴിഞ്ഞ മഗ്ദലേനായെപ്പോലെയുള്ള ഒരു യുവതിയുണ്ടോ മററാരുടെയെങ്കിലും ഒരത്ഥനയെ ആദരിക്കുവാനോ, അംഗീകരിക്കുവാനോ പോകുന്നു? ഞാൻ മറെറാരുവനിൽ അനുരക്തയായിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തെയല്ലാതെ മററാരേയും സ്വീകരിക്കുവാൻ ഇടയാകാതിരിക്കത്തക്കവണ്ണം, എൻെറ നെററിത്തടത്തിൽ ആ ദിവ്യപുരുഷൻ ഒരു മുദ്ര പതിച്ചുപോയി. മാത്രമല്ല, എൻെറ വലതുകൈയിലും കഴുത്തിലും ആ ദിവ്യനാഥൻ അമൂല്യമായ രത്നാഭരണങ്ങൾ ചാർത്തുകയും ചെയ്തിരിക്കുന്നു. "കർത്താവു് എന്നെ സ്വർണ്ണവസ്ത്രങ്ങൾകൊണ്ടും മാലകൾകൊണ്ടും അലങ്കരിച്ചിരിക്കുന്നു. ഞാൻ ക്രിസ്തുവിനെ പ്രാണതുല്യം സ്നേഹിക്കുന്നു. അതുകൊണ്ടു മററാരേയും വരനായി സ്വീകരിക്കുവാൻ എനിക്കു സാദ്ധ്യമല്ല" എന്നു് വി. ആഗ്നസ് അവളുടെ പ്രണയകാംക്ഷികളോടു പറഞ്ഞതുപോലെ മഹാ ധൈര്യപൂർവ്വം പറയുവാൻ മഗ്ദലേനായും മടിച്ചില്ല. അന്നുമുതൽ ലോകത്തിൻെറ ആകർഷണങ്ങൾ അവൾക്കു അർത്ഥശൂന്യങ്ങളായിപ്പരിണമിച്ചു. തൻമൂലമായിരുന്നു മഗ്ദലേനായുടെ പിതൃസഹോദരർ അവളുടെ മൂത്ത സഹോദരിയായ 'ലോറാ'യുടെ വിവാഹകാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു പരിശ്രമിക്കവേ, മഗ്ദലേനാ ഇഹത്തിൽ ആരെയെ

ങ്കിലും വരനായി സ്വീകരിക്കണമെന്നുള്ള അഭിപ്രായംപോലും പ്രകടിപ്പിക്കാതിരുന്നത്.

## വീണ്ടും വീട്ടിലേയ്ക്ക്!

ദിവ്യമണവാളനായ മ്ശിഹാ ഇതിനകം മഗ്ദലേനായെ വരിച്ചു കഴിഞ്ഞിരുന്നു. അവൾ ഒരു കന്യകയായിത്തന്നെ ആയുഷ്കാലം കഴിക്കണമെന്നും അവിടുന്നു തിരുമനസ്സായി. എന്നാൽ ഏതുവിധമാണ് അവളുടെ പ്രാണനാഥനെ പ്രീണിപ്പിക്കേണ്ടതെന്നും, അവിടുന്ന് കല്പിച്ചരുളിയിരിക്കുന്ന സേവനപരിപാടി ഏതാണെന്നും സുവ്യക്തമായിരുന്നില്ല. ത്യാഗസമ്പന്നരായ കന്യകകളുടെ ചില സമൂഹങ്ങൾ, അഥവാ, സഭകൾ അന്ന് അവിടവിടെ ഉണ്ടായിരുന്നു. കർമ്മലീത്താ, ക്ലാര, അഗസ്റ്റീനിയൻ എന്നിവയായിരുന്നു അക്കാലത്തെ മുഖ്യസഭകൾ. ഈ സഭകളിൽപെട്ട സന്യാസികൾ എല്ലാവരുംതന്നെ ധ്യാനപരമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. അതായത്, അവർ അവരവരുടെ ആശ്രമങ്ങളിലെ കരിങ്കൽക്കെട്ടുകൾക്കുള്ളിൽ പ്രാർത്ഥനയും പ്രായശ്ചിത്തവും ചെയ്തു ജീവിച്ചിരുന്നതല്ലാതെ ഇന്നത്തെപ്പോലെ വിവിധ സേവനങ്ങളിൽ ഏർപ്പെട്ടിരുന്നില്ല. അവർക്കു യഥാർത്ഥത്തിൽ ലോകത്തോട് വലിയ ബന്ധമൊന്നും ഇല്ലായിരുന്നു. പ്രകൃത്യാ സ്വതന്ത്ര്യയായി ജീവിക്കുവാൻ ആഗ്രഹിച്ചിരുന്ന മഗ്ദലേനായ്ക്കു അടങ്ങിയൊതുങ്ങി ജീവിക്കുന്ന സന്ന്യസ്ത ജീവിതത്തോടു തെല്ലും തൃപ്തി തോന്നിയിരുന്നില്ല. പക്ഷെ, കർമ്മപരമായ പരിപാടികളോടുകൂടെ കഴിഞ്ഞുകൂടിയ സന്ന്യാസസഭകൾ അന്ന് അംഗുലീപരിമിതങ്ങളായിരുന്നതുകൊണ്ട് സന്ന്യാസം കൈവരിക്കുവാൻ കൊതിച്ചിരുന്നവർ ധ്യാനപരമായ ജീവിതരീതി തന്നെ അവലംബിക്കുവാൻ ഒരു വിധത്തിൽ നിർബന്ധിതരായിത്തിർന്നു.

ലോകത്തിൽനിന്നും, ബന്ധുമിത്രാദികളിൽനിന്നും ധനസമ്പാദനത്തിൽനിന്നും വിരമിച്ച്, കാൽവരിയിലെ ത്യാഗമൂർത്തിയായ ക്രിസ്തുവിനെപ്പോലെ ക്ലേശപൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ മഗ്ദലേനാ ആഗ്രഹിച്ചു. എന്നാൽ അതേസമയം മനുഷ്യരാശിയോടുള്ള ബന്ധം പുലർത്തി, രോഗികളെ ശുശ്രൂഷിക്കുന്നതിനും, അജ്ഞാനതിമിരം വ്യാപിച്ചിരിക്കുന്നവരെ പ്രകാശിപ്പിക്കുന്നതിനും, യുവതികളെ ദുർമ്മാർഗ്ഗവക്ത്രത്തിൽനിന്നു രക്ഷിക്കുന്നതിനും

ഉള്ള നിസ്സീമമായ അനുഗ്രഹം അവളിൽ കുടികൊണ്ടിരുന്നു. പട്ടിണിപ്പാവങ്ങൾക്കും, പിഞ്ചുപൈതങ്ങൾക്കും അവശ്യംവേണ്ട സഹായം നൽകുവാനും, അജ്ഞാനാന്ധകാരത്തിൽ ആണ്ടുപോയ പ്രദേശങ്ങളിൽ ക്രിസ്തുവിൻെറ പ്രകാശത്തെ പ്രദാനം ചെയ്യുവാനും, കടലും കരയും തരണം ചെയ്യുവാനുമുള്ള അപ്രതിഹതമായ അഭിനിവേശം ആ തരുണീമണിയിൽ അങ്കുരിച്ചു. അവളുടെ വാക്കുകളിൽത്തന്നെ പറയുകയാണെങ്കിൽ, പ്രാർത്ഥനയും, പരോപകാരപ്രവൃത്തികളും മൂലം നിരവധി ആത്മാക്കളെ സമുദ്ധരിക്കണമെന്നുള്ളതായിരുന്നു അവളുടെ അഭിലാഷസ്വപ്നം.

ഇതായിരുന്നു മഗ്ദലേനായുടെ സ്വപ്നം. എന്നാൽ അവൾക്ക് പതിനഞ്ചു വയസ്സു പ്രായമായപ്പോഴും, സുനിശ്ചിതമായ ഒരു പരിപാടിയോ, സുരക്ഷിതനായ ഒരു നിയന്താവോ, ഇല്ലാതിരുന്നതു നിമിത്തം, ദൈവം മറു വിധത്തിൽ തിരുമനസ്സാകാത്ത കാലത്തോളം, അതു വെറും സ്വപ്നമായിത്തന്നെ സ്ഥിതിചെയ്തുള്ളു. എന്നാൽ അവളുടെ സഹോദരിയായ 'ലോറാ'യുടെ കല്യാണാഘോഷങ്ങളുടെ അവസരംനോക്കി 'വെറോനാ'യിരല കമ്മെലീത്താശ്രമത്തിൽ ചേരുവാൻ അവൾ അനുവാദം ചോദിക്കുകയും അതവൾക്ക് ലഭിക്കുകയും ചെയ്തു. അവിടെ അവളുടെ ദിവ്യാഹ്വാനത്തെപ്പററി പര്യാലോചിച്ച് തീർച്ചയാക്കാമെന്നാണ് അവൾ വിചാരിച്ചതു്. പുതിയ ഈ ജീവിതാവസ്ഥ അവൾക്കു പുത്തരിയായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, പ്രാർത്ഥനയും അശാനിഗ്രഹവുംകൊണ്ട് ദൈവത്തോട് ഐക്യം പ്രാപിച്ചിരുന്ന ഒരു ജീവിതരീതി വീട്ടിൽവച്ചുതന്നെ അവൾ അഭ്യസിച്ചിരുന്നു. കമ്മെലീത്താമഠത്തിൽ പ്രവേശിച്ചതുമുതൽ അവൾ മററു സന്യാസിനിമാരെപ്പോലെ സഭയുടെ നിയമങ്ങളും, ആദർശങ്ങളും, പാരമ്പര്യങ്ങളും ഉത്സാഹപൂർവ്വം പഠിച്ചു. ആരേയും ഭയപ്പെടുത്തുന്ന അവിടുത്തെ മൌനവും ഏകാന്തതയും അവൾ കൃത്യമായി പാലിച്ചുപോന്നു. ആശ്രമത്തിലെ കൃത്യങ്ങൾ സൂക്ഷ്മമായും കൃത്യമായും അവൾ നിറവേററി. നിശാവേളയിൽ നിദ്രയിൽനിന്നുണർന്ന് പ്രാർത്ഥനമുറിയിൽ എല്ലാവരിലും മുൻപായി മഗ്ദലേനാ സന്നിഹിതയായിത്തുടങ്ങി. മൃദുമെത്തയിൽ സുഖനിദ്രചെയ്തു വന്ന മഗ്ദലേനായ്ക്കു വെറും തറയിൽ കിടന്നുറങ്ങുവാൻ ഒരു വിഷമതയും ഉണ്ടായില്ല. വി. ത്രേസ്യാ നവീകരിച്ച സഭയിലെ നിയമങ്ങളും ക്രമ

ങ്ങളും കൃത്യമായി അവളനുസരിച്ചു. ഉഗ്രമായ ഉപവാസങ്ങളും തപഃക്രിയകളും അവൾ സസന്തോഷം അനുഷ്ഠിച്ചുവന്നു.

ഇങ്ങനെ അവൾ പത്തുമാസക്കാലം അവിടെ താമസിച്ചശേഷം, സ്വഭവനത്തിലേയ്ക്കു തിരിച്ചുപോന്നു. അവളുടെ പ്രത്യാഗമനത്തിൽ പിതൃസഹോദരർ ആഹ്ളാദഭരിതരായി. സന്തോഷപുരസ്സരം അവർ അവളെ സ്വീകരിച്ച് കുടുംബറാണിയായി ആരോഹണം ചെയ്യിച്ചു. അക്കാലത്ത് പ്രാരബ്ധസംകുലവും വിപുലവുമായ ഒരു പ്രഭുകുടുംബത്തെ സാമർത്ഥ്യപൂർവ്വം ഭരിക്കുന്നതിനു അന്യാദൃശമായ പാടവവും വിവേകവും ആവശ്യമായിരുന്നു. മഗ്ദലേനായുടെ പിതൃസഹോദരരെ പരിപാലിക്കുക, സഹോദരികളെ സംരക്ഷിക്കുക, വേലക്കാരുടെ മേൽനോട്ടം വഹിക്കുക, ആ പുരാതനകുടുംബത്തിന്റെ പാരമ്പര്യത്തെ പുലർത്തുക, ഫ്റാൻസിൽനിന്നു വന്നിരുന്ന അനേകം അഭയാർത്ഥികൾക്കു ഉദാരമായ ആതിഥ്യം നൽകുക എന്നിവയായിരുന്നു അവൾ നിർവഹിക്കേണ്ടിയിരുന്ന നിരവധി ജോലികളിൽ മുഖ്യമായവ. ഇവ ഓരോന്നും അവൾ കൃത്യമായും വിശ്വസ്തതയോടുകൂടിയും ചെയ്യുന്നതുകണ്ട് അവളുടെ പിതൃസഹോദരനായ 'ജെറോം' സന്തോഷം പൂണ്ട് അവളെ അഭിമാനപൂർവ്വം "എന്റെ മുത്ത്" എന്നും "എന്റെ നക്ഷത്ര"മെന്നും അഭിസംബോധന ചെയ്യുക പതിവായിരുന്നു. വാസ്തവത്തിൽ മഗ്ദലേനാ ആയിരുന്നു ആ ഭവനത്തിലെ ഓരോ മുക്കിലും മൂലയിലും പ്രകാശം വീശിയിരുന്നത്.

## ദൃഢനിശ്ചയം.

ഒരിക്കൽ മഗ്ദലേനാ അവളുടെ പിതൃസഹോദരരുമൊരുമിച്ച് ഭക്ഷണത്തിനിരിക്കുകയായിരുന്നു. തദവസരത്തിൽ അവളുടെ സ്നേഹിതകളിൽ ഒരുത്തിയുടെ കല്യാണക്കാര്യം അവരുടെ സംഭാഷണ വിഷയമായിത്തീർന്നു. അല്പം കഴിഞ്ഞപ്പോൾ മഗ്ദലേനാ അവളുടെ പിതൃസഹോദരനായ 'ജെറോ'മിനോട് "മഹാ ധനാഢ്യനായ ഒരു യുവാവിനെ എനിക്കു വരനായി ലഭിച്ചാൽ, നിങ്ങൾ എന്നെ അവനു വിവാഹം ചെയ്തുകൊടുക്കാൻ സമ്മതിക്കുമോ?" എന്നു ചോദിച്ചു. അപ്പോൾ അദ്ദേഹം "തീർച്ചയായും; കുഞ്ഞേ, നീ എന്തിനു സംശയിക്കുന്നു" എന്നു മറുപടിപറഞ്ഞു. ഇതുകേട്ടപ്പോൾ മററുള്ള ചിററപ്പന്മാർ പറഞ്ഞു, " 'വെറോനാ'

യിൽത്തന്നെ നീ താമസിക്കുകയാണെങ്കിൽ ഞങ്ങൾ സമ്മതിക്കാം." മഗ്ദലേനാ ഒരു പക്ഷേ വീണ്ടും അവരിൽനിന്നു വേർപിരിഞ്ഞു പോകുമെന്നുള്ള പേടികൊണ്ടായിരുന്നു അവർ ഇപ്രകാരം പറഞ്ഞത്. അതിനു മറുപടിയായി മഗ്ദലേനാ പറഞ്ഞു. "ദൈവത്തിന്റെ അനുഗ്രഹങ്ങൾ 'വെറോനാ'യിലോ 'വെനീസി'ലോ എവിടെവച്ചായാലും നാം അവയെ സ്വീകരിക്കാതിരിക്കാമോ?" എന്നു ചോദിച്ചു. അതിന് അവർ ആശ്ചര്യഭരിതരായി അവളോട് "അങ്ങനെയുള്ള വിവാഹകാര്യങ്ങൾ നീ തന്നെ തീരുമാനിക്കുന്നതു അത്ര വിവേകമായിരിക്കയില്ല" എന്നറിയിച്ചു. അതിനവൾ: "എന്നാൽ എനിക്കു സമ്മതമില്ലെങ്കിൽ അത് ഒരിക്കലും നടക്കുകയില്ലല്ലോ" എന്നു ശഠിച്ചു.

ഇങ്ങനെ ഫലിതം പറഞ്ഞു കുറച്ചു കഴിഞ്ഞപ്പോൾ അവൾ ഗൗരവഭാവത്തിൽ ഒരു ദൃഢവ്രതംചെയ്തു. അത് അവളുടെ കണ്ണിലുണ്ണികളായ കുടുംബാംഗങ്ങൾക്കു ഒരു ഇരുമുനവാളായി പ്പരിണമിച്ചു. ഇനി അവൾ 'വെറോനാ'യിലുള്ള കമ്മെലീത്താ മഠത്തിലേക്കു വീണ്ടും പോകുവാനോ? ഒരിക്കലുമില്ല. അതിന് അവൾ ആഗ്രഹിക്കുകപോലും ചെയ്യുയില്ല. എന്നാൽ 'കൊനെഗ്ലിയാനൊ' (Conegliano) എന്ന സ്ഥലത്തുണ്ടായിരുന്ന അതേ സഭക്കാരോടുകൂടെ ആയുരന്തം ജീവിക്കുവാനാണ് അവൾ പിന്നീട് ദൃഢമായി നിശ്ചയിച്ചത്.

## ഒരു പുതിയ പോരാട്ടം.

ഒരു ജീവിത പദ്ധതി തിരിഞ്ഞെടുക്കുന്നതിൽ ദൈവഹിതം എന്താണെന്നറിയുവാൻ മഗ്ദലേനാ അനുസ്യൂതം തീവ്രമായി പ്രാർത്ഥിച്ചു. കന്യകാജീവിതത്തിലേക്കു യാതൊരാകർഷണവും അവൾക്കു തോന്നിയിരുന്നില്ല. എങ്കിലും താദൃശമായ ഒരു ജീവിതമാണ് അവൾക്കു യോജിച്ചതെന്നു നിരീക്ഷണബുദ്ധികൾക്കു ഗ്രഹിക്കാൻ പ്രയാസമില്ലായിരുന്നു. അതുകൊണ്ടായിരിക്കാം കമ്മെലീത്താ മഠത്തിൽ ചേരുന്നതാണ് അവൾക്കു നല്ലതെന്നും, അതാണ് ദൈവനിശ്ചയമെന്നും ആത്മീയ ഗുരു അവളെ ഉപദേശിച്ചത്. ആ ഉപദേശാനുസരണം മഗ്ദലേനായുടെ പിതൃസഹോദരരിൽ മൂത്ത ആൾ അവളെ വിളംബംവിനാ 'കൊനെഗ്ലിയാ

നോ'യിലെ കർമ്മലീത്താമഠത്തിലേയ്ക്കാനയിച്ചു. മററു സഹോദരന്മാർ അവളുടെ വേർപാടിനെപ്പററി വീട്ടിൽ ഇരുന്നു വിലപിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ മഗ്ദലേനാ ദൈവത്തിൻെറ ആഹ്വാനം അതിലേയ്ക്കാണെന്നും അവിടെ തനിക്കു പൂർണ്ണമായ മനസ്സമാധാനം സംസിദ്ധമാകാതിരിക്കുകയില്ലെന്നും ആത്മാർത്ഥമായി വിശ്വസിച്ചു. എന്നാൽ അപ്പോഴും അവൾ ഹൃദയസമാധാനം അനുഭവിച്ചിരുന്നില്ല. ഒരിക്കൽ അവളിൽ കുടികൊണ്ടിരുന്ന ആഗ്രഹങ്ങൾ ഓരോന്നും ഇപ്പോൾ പതിന്മടങ്ങ് ശക്തിപ്പെട്ടു വളർന്നിരുന്നു. നിരക്ഷരകുക്ഷികളായ കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനു അവളെത്തന്നെ ബലിയായി അർപ്പിക്കണമെന്നുള്ളതായിരുന്നു അവയിൽ പ്രബലമായിരുന്നത്. ആ അഭിലാഷസിദ്ധിക്ക് അവൾ അവലംബിച്ചിരുന്ന സന്ന്യസ്ത ജീവിതം തികച്ചും പര്യാപ്തമായിരുന്നില്ല എന്നതായിരുന്നു കാരണം. അങ്ങനെ അവൾ അസ്വാസരഹിതയായി കഴിഞ്ഞുവരവേ ഒരു വന്ദ്യവൈദികൻ അവിടെ ആഗതനായി. അദ്ദേഹം നവസന്ന്യാസിനിയെക്കണ്ട് സംസാരിച്ചശേഷം അവളോടു "വി. ത്രേസ്യായുടെ ആശ്രമം നിനക്കു പററിയതല്ല" എന്നുള്ള വസ്തുത തുറന്നുപറയുക തന്നെ ചെയ്തു. ആ വന്ദ്യവൈദികൻെറ വാക്കുകൾ മഠാധിപ അടുത്തുനിന്നു ശ്രവിച്ചിരുന്നു. പുതിയ അർത്ഥിനിയുടെ ആത്മാവസ്ഥ നല്ലപോലെ ഗ്രഹിച്ചിരുന്ന മഠാധിപയുടെ അഭിപ്രായവും മറിച്ചായിരുന്നില്ല. അതുകൊണ്ട് മഠാധിപ മഗ്ദലേനായോടു പറഞ്ഞു: "നിന്നെക്കൊണ്ടു ദൈവത്തിനു വേറെ ചില കാര്യങ്ങൾ നടത്തുവാനുള്ളതു നിമിത്തം, വേറെ എവിടെയെങ്കിലും പോകുന്നതായിരിക്കും ഉത്തമം. അതുകൊണ്ട് ദൈവം തൻെറ തിരുവിഷ്ടം എന്താണെന്നു നിന്നെ അറിയിക്കുന്നതുവരെ നീ സമാധാനത്തിൽ വീട്ടിൽപോയി താമസിക്കുക." ഈ അഭിപ്രായങ്ങൾ ദൈവത്തിൻെറ പ്രത്യേക പ്രേരണയാൽ ഉണ്ടായതാണെന്ന് അനന്തര സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. ഇവരുടെ അഭിപ്രായം അസംഗതമോ, അനാസ്പദമോ അല്ലെന്നു മഗ്ദലേനായ്ക്കും അറിയാമായിരുന്നു.

അതിനാൽ അല്പം ഇച്ഛാഭംഗത്തോടെയെങ്കിലും അവൾ ആ സഭയോട് എന്നേയ്ക്കുമായി യാത്രപറഞ്ഞു പിരിഞ്ഞു. 'കൊനെഗ്ലിയാനോ'യിലേക്കു അവളെ കൊണ്ടുപോയ അതേ വാഹനം തന്നെ അവളെ 'വെറോനാ'യിലേക്കും തിരിച്ചുകൊണ്ടുപോ

ന്നു. ഇങ്ങനെ ആ പുതിയ പോരാട്ടം അവസാനിച്ചപ്പോൾ അവൾ ആശ്വാസവും സമാധാനവും പ്രാപിച്ചു.

## മഗ്ദലേന ചഞ്ചലമാനസയോ?

മഗ്ദലേനായുടെ പ്രത്യാഗമനം വീട്ടുകാൎക്കു വലിയ സന്തോഷമുണ്ടാക്കിയെങ്കിലും നാട്ടുകാരിൽ ചിലർ അതിനെ അന്യഥാ വ്യാഖ്യാനിക്കാതിരുന്നില്ല. കേവലം സങ്കല്പമാത്രമായ പല അനിഷ്ടവൎത്തമാനങ്ങളും അവളെപ്പററി കാട്ടുതീപോലെ നാട്ടിലെങ്ങും പ്രചരിച്ചു. അവയിൽ ചിലതിനെപ്പററി അവളും കേൾക്കാതിരുന്നില്ല. എന്നാൽ അവൾ സ്വന്തം പിതൃസഹോദരരുടെ കരുണയിലും, സഹോദരികളുടെ മനഃവിശ്വാസത്തിലും, ഹൃദയ നൈൎമ്മല്യത്തിലും മാത്രമാണ് ആശ്രയം കണ്ടെത്തിയിരുന്നത്. പ്രബുദ്ധകുമാരിയായ മഗ്ദലേനാ സന്യസ്തസഭയിലേക്കു വിളിക്കപ്പെട്ടവളായിരുന്നു എന്നുള്ളതു തീർച്ചയായിരുന്നു. പക്ഷെ, ധ്യാനപരമായ ഒരു ജീവിതം കഴിച്ചിരുന്ന സന്യാസത്തിലേയ്ക്കല്ല; പ്രത്യുത, ദരിദ്രരിൽ മറഞ്ഞുനിൽക്കുന്ന മിശിഹായ്ക്കു സേവനം അനുഷ്ഠിക്കുന്ന ലോകത്തിലേക്കായിരുന്നു അവളെക്കൊണ്ടാവശ്യം. അത്തരത്തിലുള്ള ഒരു ജീവിതാവസ്ഥ അക്കാലത്ത് അജ്ഞാതമായിരുന്നതുകൊണ്ട്, അവൾ കുടുംബജോലികളിൽത്തന്നെ വ്യാപൃതയായി, എല്ലാം ദൈവഹിതംപോലെ ഭവിക്കട്ടെ എന്നു കരുതി സമാശ്വസിച്ചു.

## അഭയാൎത്ഥികൾ.

പത്തൊമ്പതാം ശതാബ്ദത്തിൻെറ ആരംഭദശയിലാണ് നാമിപ്പോൾ എത്തിയിരിക്കുന്നത്. ദിഗന്തവിശ്രാന്ത കീൎത്തിമാനും, അസാധാരണ പരാക്രമംകൊണ്ട് ലോകത്തെ അത്ഭുതപരതന്ത്രമാക്കി വിജയശ്രീയുടെ പ്രത്യേകകടാക്ഷത്തിന് പാത്രീഭൂതനുമായ 'നെപ്പോളിയൻ' ചക്രവൎത്തി, അന്ന് ഒരു വമ്പിച്ച സൈന്യബലംകൊണ്ട് യൂറോപ്പു മുഴുവൻ തന്നെ കീഴടക്കിക്കഴിഞ്ഞിരുന്നു. വിജയശ്രീലാളിതനായ ആ പരാക്രമശാലി അൽപ്സ് (Alps) പൎവ്വതപംക്തികളും കടന്നു ഉത്തര ഇററലിയിൽ പ്രവേശിച്ച് വിജയഭേരി മുഴക്കിത്തുടങ്ങി. അജയ്യനെന്നു തോന്നിയിരുന്ന ഈ മഹാൻെറ മുൻപിൽ രാജാക്കന്മാരും നാടുവാഴികളും

അടിപണിഞ്ഞു. 'നെപ്പോളിയൻ' അഹങ്കാരഭരിതനായി മതിമറന്നു. താൻ ഒരു അസാധാരണ മനുഷ്യനാണെന്നുതന്നെ ഈ വിജയലഹരിക്കിടയിൽ അയാൾ വിചാരിച്ചുപോയി. തൻമൂലം രാഷ്ട്രപരിധിവിട്ട് സഭാധികാരത്തിൽപ്പോലും കൈകടത്തുവാൻ അദ്ദേഹം അധൈര്യപ്പെട്ടില്ല. അയാളുൾപ്പെട്ടിരുന്ന കത്തോലിക്കാ സഭാമാതാവിനെത്തന്നെ അവഗണിച്ച്, പരിശുദ്ധ പിതാവിന്റെ നേരെ അയാൾ ചന്ദ്രഹാസം ഇളക്കി, അദ്ദേഹത്തെ പീഡിപ്പിക്കുവാനും മടിച്ചില്ല. സന്ന്യാസികളേയും സന്ന്യാസിനികളേയും അയാൾ ആശ്രമങ്ങളിൽനിന്നു ബഹിഷ്കരിച്ചു; ആശ്രമസ്വത്തുക്കളെല്ലാം കൊള്ളചെയ്തു; ആശ്രമങ്ങൾക്കു കൊള്ളിവച്ചു; ഉത്തര ഇററലിയിൽ സർവ്വത്ര ആധിയും ഭീതിയും വർദ്ധിച്ചു. ഫ്റാൻസുകാർക്കുണ്ടായ അനുഭവമോർത്തപ്പോൾ ഭയചകിതരായിത്തീർന്ന ഇററലിയിലെ പ്രഭുകുലജാതർ നാടുംവീടുംവിട്ട് അന്യസ്ഥലങ്ങളിൽ അഭയംതേടി.

നമ്മുടെ ചരിത്രത്തിനു വിഷയമായ കനോസ്സാക്കുടുംബവും ഇതിലുൾപ്പെട്ടിരുന്നു. ആ കുടുംബത്തിലെ ഏക അവകാശിയായ 'ബൊനിഫാസി'നെ ഈ വിപ്ലവത്തിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടി 'വെറോനാ' വിട്ടുപോകാൻ തന്നെ അവർ തീരുമാനിച്ചു. അനന്തരം 'വെനീസ്' പട്ടണത്തിൽ അവർ അഭയം കണ്ടെത്തി. മഗ്ദലേനായുടെ പിതൃസഹോദരനായ ജെറോം 'ക്ലോഡിയ ബറി' (Claudia Buri) എന്നു പേരുള്ള ഒരു പ്രഭുകുമാരിയെ കല്യാണം കഴിച്ച്, ഒരു വർഷത്തോളം അവിടെ താമസിച്ചു. ഏതാണ്ട് ഒരു കൊല്ലത്തേക്ക് 'മഗ്ദലേനാ'യും അവിടെത്തന്നെ താമസിക്കുവാൻ നിർബന്ധയായി. അവിടെ വച്ചായിരുന്നു അവളുടെ വിനയവും, ഭക്തിയും, സ്വഭാവശ്രേഷ്ഠതയും ഏവരുടേയും ബഹുമാനാദരങ്ങൾക്ക് പാത്രമായത്. അഭയാർത്ഥികൾ എന്ന നിലയിൽ വിദേശവാസം വരിച്ചിരുന്ന സമയത്തും, അവൾ സ്വാർത്ഥമുപേക്ഷിച്ച് സ്വസഹോദരനേയും കുടുംബാംഗങ്ങളേയും സമാശ്വസിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധയായി കാണപ്പെട്ടിരുന്നു. തൻകാര്യത്തേക്കാൾ മററുള്ളവരുടേതിനായിരുന്നു അവൾ മുൻഗണന നൽകിയിരുന്നത്. എല്ലായിലും ഒടുവിലായിട്ടു മാത്രമേ അവൾ സ്വന്തം കാര്യം അന്വേഷിച്ചിരുന്നുള്ളു. ഇവിടെ വച്ചായിരുന്നു അവളുടെ കർമ്മപദ്ധതി കാണിച്ചുകൊടുക്കുവാൻ ദൈവം തിരുമനസ്സായത്.

പ്രപഞ്ച സുഖങ്ങൾ അവൾ ഇച്ഛിച്ചതേയില്ല. ദൈവസ്നേഹത്തിൽ അവൾ സകല സുഖങ്ങളും കണ്ടിരുന്നു. അതുമാത്രം അവൾ പ്രധാനമായി കരുതുകയും അതിൽമാത്രം അവൾ ആനന്ദിക്കുകയുംചെയ്തു. തദവസരത്തിൽ ദൈവമാതാവിൻെറനേരെ അവൾക്കുണ്ടായിരുന്ന ഭക്തിക്കു മാററുവർദ്ധിച്ചു. അവളുടെ ജീവിത പദ്ധതി നിർണ്ണയിക്കുന്നതിൽ തന്നെ സഹായിക്കണമെന്നു അവൾ ആ സ്വർഗ്ഗരാജ്ഞിയോട് സോത്സാഹം പ്രാർത്ഥിച്ചുപോന്നു. ദൈവജനനി തൻെറ പ്രിയ പുത്രിയുടെ പ്രാർത്ഥന സ്വീകരിക്കുതന്നെ ചെയ്തു.

## സ്വപ്നമോ ദർശനമോ?

കലാപത്തിൻേറയും വിപ്ളവത്തിൻേറയും ഒരു കാലഘട്ടമായിരുന്നു അത്. തന്നിമിത്തം നാട്ടിൽ സമാധാനമേ ഉണ്ടായിരുന്നില്ല. 'വെനീസി'ലെ ജനങ്ങൾ അവരുടെ വർത്തമാനസ്ഥിതിയെപ്പററി വെമ്പൽകൊണ്ടു. അവർ ഓരോരുത്തരും ഭാവിയെക്കുറിച്ച് ഭയവിഹ്വലരായിത്തീർന്നു. താദൃശമായ ഒരു ദശാസന്ധിയിലാണ് ദയാപരനായ ദൈവം മഗ്ദലേനായ്ക്കു അവളുടെ ജീവിത പദ്ധതി വിദേശവാസത്തിനിടയിൽത്തന്നെ വെളിപ്പെടുത്തുവാൻ തിരുച്ചിത്തമായത്.

അങ്ങനെ ഒരു ദിവസം അവൾക്ക് ഒരു ദർശനമുണ്ടായി. വിനയത്താൽ അതൊരു സ്വപ്നമാണെന്നു അവൾ പറഞ്ഞിരുന്നു. എന്നാൽ ആ സ്വപ്നം അക്ഷരംപ്രതി നിറവേറിയതോക്കമ്പോൾ, അതു കേവലം ഒരു സ്വപ്നമായിരുന്നില്ല; പ്രത്യുത, അർത്ഥവത്തായ ഒരു ദർശനം തന്നെ ആയിരുന്നു എന്നു കാണുവാൻ കഴിയും. തൽസംബന്ധമായി മഗ്ദലേന പ്രസ്താവിച്ചിരിക്കുന്നതിങ്ങനെയാണ്: "ദുരസ്ഥായതും മനോഹരവുമായ ഒരു സ്ഥലത്തു ഞാൻ നിൽക്കുന്നതായി എനിക്കു തോന്നി. അതിൻെറ മദ്ധ്യഭാഗത്തു രാജസപ്രാംഭവത്തോടുകൂടിയ ഒരു വനിതാരത്നം നിലകൊണ്ടിരുന്നു. ആറു കന്യകമാർ അവളെ വലയം ചെയ്തിരിക്കുന്നതായി കാണപ്പെട്ടു. അവർ സദാ ആ സ്ത്രീയെ അനുഗമിച്ച് അകമ്പടി സേവിച്ചിരുന്നു. ഇരുണ്ടു കറുത്തനിറത്തിലുള്ള വസ്ത്രങ്ങളും ഒരു ശിരച്ഛാദനവുമായിരുന്നു അവരുടെ വേഷവിധാനങ്ങൾ. അവർ ഓരോരുത്തരും വ്യാകുലമാതാവിൻെറ ഓരോ കാസ്തുരൂപം കഴ

ത്തിൽ ധരിച്ചിരുന്നു. ഈ സ്ത്രീകൾ ആരാണെന്നറിയുവാനുള്ള അഭിവാഞ്ഛയാലും, അവളെ അനുഗമിക്കുന്ന കന്യകമാരോടൊപ്പം അവളുടെ വാത്സല്യപാത്രമായിത്തീരാനുള്ള അഭിലാഷത്താലും പ്രേരിതയായി, ഞാനും അവരോടടുത്തു. അപ്പോൾ ആ സൗന്ദര്യധാമം, കുറെ സ്ത്രീകൾക്കും ബാലികമാർക്കും മതാഭ്യസനം നൽകുവാൻ പ്രസ്തുത കന്യകമാരിൽ രണ്ടുപേരെ ഒരു ദേവാലയത്തിലേക്ക് നയിക്കുന്നതു ഞാൻ കണ്ടു. അവർ ദേവാലയത്തിൽ പ്രവേശിച്ച ഉടനെ തൽകൃത്യം നിർവ്വഹിക്കുവാൻ ആ മനോഹാരിണി കന്യകമാരോടാവശ്യപ്പെട്ടു. അദ്ധ്യയനം ആരംഭിക്കുന്നതുവരെ ആ മഹാ മനസ്വിനി അവിടെ നിൽക്കുകയുണ്ടായി. അനന്തരം വളരെ വാത്സല്യപൂർവ്വം അവരെ അനുഗ്രഹിച്ചുകൊണ്ട് അവിടം വിട്ടു.

പിന്നീടു രണ്ടു കന്യകമാരെ ധാരാളം രോഗികൾ കിടന്നിരുന്ന ഒരു ആസ്പത്രിയിലേയ്ക്കു നയിച്ചു. അവിടെ അവർ രോഗികളെ പരിചരിക്കുന്നതിനും രോഗാരിഷ്ടതകൾ ക്ഷമയോടെ സഹിക്കാൻ രോഗികളെ പഠിപ്പിക്കുന്നതിനും അവൾ നിർദ്ദേശിച്ചു. അനന്തരം മാതൃസഹജമായ വാത്സല്യത്തോടുകൂടെ അവരേയും അനുഗ്രഹിച്ചുകൊണ്ട് ആ വന്ദ്യ മഹിളാമണി അവിടെനിന്നു പിന്തിരിഞ്ഞു.

ശേഷിച്ച രണ്ടു കന്യകകളെ ഒരു വിശാലമായ ശാലയിലേക്കാണ് ആ മഹതി ആനയിച്ചതു്. ദരിദ്രരും, വൃത്തിഹീനരും, കീറത്തുണി ധരിച്ചവരുമായ ഒട്ടുവളരെ കുട്ടികൾ അവിടെ കൂടിയിരുന്നു. അവരുടെ ദയനീയത കണ്ട് അവളുടെ ഹൃദയമുരുകുന്നതുപോലെ എനിക്കു തോന്നി. അജ്ഞതയും ദാരിദ്ര്യവും നടമാടുന്ന ഒരു രംഗമായിത്തന്നെ അവൾ അവിടം വീക്ഷിച്ചു. വാടിയും കരിഞ്ഞും കിടക്കുന്ന ചില പൂമൊട്ടുകളേയും പായൽ പിടിച്ചു പരുപരുത്ത ചില രത്നവിശേഷങ്ങളേയും അവൾ കണ്ടു. അതെ, അനാഥരായി അലഞ്ഞു നടക്കുന്ന സാധു ജനങ്ങളിൽ വാടിയ പൂക്കളുടേയും മിനുസമില്ലാത്ത രത്നങ്ങളുടേയും ശോചനീയസ്ഥിതിതന്നെ അവൾ ദർശിച്ചു. ഒടുവിൽ കരുണാർദ്രചിത്തയായി തൻെറ അനുയായിനികളോടു അവളിങ്ങനെ പറഞ്ഞു. “മക്കളേ! നിങ്ങൾ കണ്ടാലും, ഇവിടെയാണ് നാം വളരെ ശ്രമങ്ങൾചെയ്യേണ്ടിയിരിക്കുന്നതു്. ലോകനന്മയുടെ പെരുവഴിയിൽ കാണുന്ന വൈകല്യങ്ങളെയാണ് ഞാൻ നിങ്ങളെ കാണിക്കുന്ന



ഉശദലോ:ാജ്ജുണ്ടായ ദർശനം.

(P. 30.)

ത്ത്. നിങ്ങളുടെ സർവ്വശക്തികളും പ്രയോഗിച്ച് ഇവിടെ വേണ്ടതു ചെയ്യുവിൻ. നിങ്ങളുടെ പരിശ്രമത്താൽ ഈ മരുഭൂമി മലർവാടിയായിത്തീരുമെന്നാണ് എൻെറ പ്രതീക്ഷ" ഈ നിർദ്ദേശങ്ങൾ നൽകിയശേഷം, ആ കാരുണ്യധാമം— അതെ, ആ മഹാമനസ്വിനി— അവിടെനിന്നു തിരോധാനംചെയ്തു. ഇതാണ് മഗ്ദലേനായുടെ ദർശനത്തിൻെറ സൂക്ഷ്മചിത്രം.

ലോകനന്മക്കുവേണ്ടി ആചരിക്കുവാനുള്ള ഒരു മഹാസേവനത്തിൻെറ പ്രതിബിംബം മഗ്ദലേനായുടെ മനോമുകുരത്തിൽ പതിഞ്ഞുവെന്ന് നാമിവിടെ കാണുന്നു. യഥാർത്ഥത്തിൽ മഗ്ദലേനായുടെ ഭാവിപരിപാടികളെ ദൈവം അവൾക്കു വെളിപ്പെടുത്തുകയാണുണ്ടായത്

## സമാരംഭം.

ഇതിനിടയ്ക്കു് ഫ്റഞ്ചുസൈന്യം വെറോനവിട്ടു പോയിക്കഴിഞ്ഞു. അതുകൊണ്ട് കനോസ്സാക്കുടുംബാംഗങ്ങൾ അവരുടെ കൊട്ടാരത്തിലേയ്ക്കു പ്രത്യാഗമിച്ചു. സ്വന്തം ഭവനത്തേയും ബന്ധുമിത്രാദികളേയും ഒരിക്കൽ കൂടി കാണുവാൻ സാധിച്ചപ്പോൾ അവാച്യമായ ആനന്ദം തന്നെ അവർ അനുഭവിച്ചു. ശത്രുക്കളുടെ ആക്രമണം നിമിത്തം വീടിനുവന്ന കേടുപാടുകൾ എല്ലാം തീർത്തു വീട്ടിലെ സാമാനങ്ങൾ ഓരോന്നും അവർ യഥാസ്ഥാനം ക്രമപ്പെടുത്തി. ഏററം വിശേഷവും വിശാലവുമായ ഒരു മുറി അവൾ പ്രാർത്ഥനാലയമായി രൂപാന്തരപ്പെടുത്തി. ദൈവത്തിനു കൃതജ്ഞത പ്രദർശിപ്പിക്കുവാൻവേണ്ടി ദിവസംപ്രതി അവിടെ ദിവ്യബലി അർപ്പിക്കുവാൻവേണ്ടതെല്ലാം സജ്ജമാക്കി. പീഠത്തിന് മുൻപിൽ മഗ്ദലേന സാഷ്ടാംഗം പ്രണമിച്ച് അവളെ മുഴുവനും ദൈവത്തിനു സമർപ്പിച്ചു. സർവ്വഥാ ദൈവഹിതം മാത്രം നിറവേററുവാനും അവൾ തീർച്ചയാക്കി.

മഗ്ദലേനായ്ക്കുണ്ടായ സ്വർഗ്ഗീയ ദർശനത്തിൻെറ സ്മരണ തന്നെയും അവൾ ദൈവത്തിൻെറ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി അദ്ധ്വാനിക്കണമെന്ന് അവളെ നിമന്ത്രിക്കുന്ന ഒരു നിശ്ശബ്ദസ്വരംപോലെ അവളിൽ കുടികൊണ്ടിരുന്നു. തന്നിമിത്തം അവൾ ആസ്പത്രികളിൽപോയി രോഗികളെ സന്ദർശിക്കുവാനും, മതബോധനം കൂടുതൽ തീക്ഷ്ണതയോടുകൂടി നൽ

കുവാനും തുടങ്ങി. അവൾ 'സെൻറ് സ്സെനൊ' (St. Zeno) എന്ന സ്ഥലത്തുള്ള ഒരു വീടു വാങ്ങി. പരിത്യക്തരായ പാവപ്പെട്ട പൈതങ്ങളെക്കൊണ്ടു് അതു് നിബിഡമായി. അവിടെവച്ചു് അവൾ ദിവസംപ്രതി അവരെ മതബോധനതത്വങ്ങൾ പഠിപ്പിച്ചുവന്നു. വൃത്തിഹീനരും, ജീർണ്ണവസ്ത്രധാരികളുമായി ജീവിച്ചിരുന്ന ആ കുട്ടികളെ കാണുന്നതുതന്നെ ആരിലും അസുഖം ജനിപ്പിക്കത്തക്കതായിരുന്നെങ്കിൽ, അവരെ പഠിപ്പിക്കുന്നതു എത്ര ദുഷ്കരമായിരുന്നു എന്നു് പറയേണ്ടതില്ലല്ലൊ. എങ്കിലും നിസർഗ്ഗവാസനക്കനുസരണമായി ചെയ്യുന്ന ഒരു കൃത്യംപോലെ അവൾ അതു് ആത്മാർത്ഥതയോടുകൂടെ നിർവഹിച്ചുപോന്നു.

ചില സന്ദർഭങ്ങളിൽ ഈദൃശസംരംഭങ്ങൾ പരിത്യജിക്കണമെന്നുള്ള ശക്തിമത്തായ പ്രലോഭനങ്ങൾ അവളെ ശല്യപ്പെടുത്താതിരുന്നില്ല. എന്നിട്ടും ചില ശുദ്ധഗതിക്കാർ വിചാരിക്കാറുണ്ടു്, വിശുദ്ധർക്കു എന്തും സുഗമമാണെന്നു്. പക്ഷെ ഇത്തരം പ്രവർത്തനങ്ങൾക്കുത്തേജനം നൽകിയ ദൈവം, അവയെ സ്ഥിരമായി നടത്തിക്കൊണ്ടു പോകുവാനുള്ള ശക്തിയും, അവൾക്കു് പ്രദാനം ചെയ്തു.

ആശുപത്രികളിൽ സാധുക്കളും ദുഃഖിതരും, അശരണരുമായി കിടന്നിരുന്ന ആതുരഗണം അവളുടെ ആഗമനത്തെ അക്ഷമയോടും അത്യാകാംക്ഷയോടുംകൂടി പ്രതീക്ഷിച്ചിരുന്നു. കാണപ്പെട്ട ഒരു ദൈവദൂതിയായി അവളെ ആ സാധുക്കൾ സ്വീകരിച്ചാദരിച്ചു. പരിചരണത്തോടുകൂടി രോഗികളിൽ മതബോധനവും, മതനിഷ്ഠയും, പ്രാർത്ഥനയിൽ ആസക്തിയും ഉത്സാഹവും, ഉൽഭൂതമാക്കുവാൻ മഗ്ദലേനാ ഫലപ്രദമായി ശ്രമം ചെയ്തു. രോഗികൾ മഗ്ദലേനായുടെ നിസ്സ്വാർത്ഥമായ സേവനങ്ങളെ ഹൃദയപൂർവ്വം സ്വീകരിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. അവളുടെ വായിൽനിന്നും വീണിരുന്ന ഒരു വാക്കു കേൾക്കുവാൻ തെരുവീഥിയിലെ കുട്ടികൾ തുരുതുരെ കൂടിയിരുന്നു. അവൾ കൊടുത്തിരുന്ന ഉദാരമായ ധർമ്മം വാങ്ങിക്കാൻ ഭിക്ഷുക്കൾ ഭക്തിയോടും കൃതജ്ഞതയോടുംകൂടി വന്നിരുന്നു. "മഗ്ദലേനാ ഇവിടെയുണ്ടു്", "ഇതാ ആ പുണ്യവതി വരുന്നു" എന്നുള്ള സ്വരം നാനാഭാഗത്തും മാറൊലിക്കൊണ്ടു. എന്നാൽ അവൾ ഏകാഗ്രചിത്തതയിലും ഭാവിചിന്തയിലും എപ്പോഴും ലയിച്ചിരുന്നതുകൊണ്ടു് മനുഷ്യരുടെ ഈദൃശ അഭിനന്ദനങ്ങളെ ശ്രവിച്ചതേയില്ല. മിശിഹായെ

പ്രസാദിപ്പിക്കണം എന്നു മാത്രമായിരുന്നു അവളുടെ ഏക ലക്ഷ്യവും നിരന്തര വിചാരവും.

## അത്യാഹിതം.

മഗ്ദലനായുടെ പിതൃസഹോദരനായ 'ജെറോം' വിവാഹം കഴിച്ചിട്ട് ഇപ്പോൾ രണ്ടു വർഷം പൂർത്തിയായി. ഇക്കാലമത്രയും ദാമ്പത്യജീവിതത്തിൻെറ സുഖസന്തോഷാദികളിൽ നവദമ്പതികൾ നവോന്മേഷം തന്നെ പ്രദർശിപ്പിച്ചു. അവരുടെ ദാമ്പത്യവല്ലരി മൊട്ടിട്ട് വികസിച്ചതിൻെറ ഫലമായി അവർക്കൊരു പുത്രൻ ജനിച്ചു. എന്നാൽ അഹോ! അധികനാൾ കഴിയുന്നതിനു മുൻപ് അയാളുടെ ഭാര്യ ചരമം പ്രാപിച്ചു. അങ്ങനെ അവരുടെ ദാമ്പത്യജീവിതത്തിൻെറ അടിത്തറപോലും മരണം മാന്തിക്കളഞ്ഞു. ജെറോം സന്താപനിമഗ്നനും, ഏകനുമായി തീർന്നു. അദ്ദേഹത്തിൻെറ ഭാര്യ മരണശയ്യയിൽവച്ച് ആശ്വാസരഹിതയായി കാണപ്പെട്ടു. അതിനു കാരണം, അപ്പോൾ ഒരുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന അവളുടെ ഓമനക്കുഞ്ഞിൻെറ ഭാവിയെപ്പററിയുള്ള ഓർമ്മയായിരുന്നു.

മഗ്ദലേനാ ഇതറിഞ്ഞ് അവളെ സമീപിച്ചുകൊണ്ട് വിദ്യാഭ്യാസകാലം പൂർത്തിയാകുന്നതുവരെ മകനെ അവൾ സംരക്ഷിച്ചുകൊള്ളാം എന്നു പറഞ്ഞ്, അവളെ ധൈര്യപ്പെടുത്തി. ഇതുകേട്ടപ്പോൾ അസ്വസ്ഥയായ ആ സ്ത്രീ ആശ്വാസം പ്രാപിച്ച്, സമാധാനത്തിൽ ഐഹികവാസം വെടിഞ്ഞു. മഗ്ദലേനായെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമേറിയ ഒരു വാഗ്ദാനം ആയിരുന്നു അത്. അവൾക്കുണ്ടായ സ്വപ്നത്തിൻെറയോ, കുട്ടികളുടെ വിദ്യാഭ്യാസത്തിൻെറയോ കാര്യങ്ങൾ എങ്ങനെ നടക്കും? ഒന്നുംതന്നെ നടത്തുവാൻ നിവൃത്തിയില്ലാതെയായി. ഏതായാലും ഈ കഷ്ടപ്പാട് ദൈവതൃക്കരങ്ങളിൽ നിന്നാണ് വന്നിരിക്കുന്നതെന്നോർത്ത്, അതിനെ അവൾ സജീവമായ വിശ്വാസത്തോടുകൂടി സ്വീകരിക്കുകതന്നെ ചെയ്തു. അങ്ങനെ അവൾ ആ ഭാരവും വഹിച്ചുകൊണ്ട് ആറു വത്സരക്കാലം കഴിച്ചു. തദനന്തരം 'റോസ്' 'എലിനർ' എന്ന അവളുടെ രണ്ടു സഹോദരികളുടേയും വിവാഹം നടന്നു. സഹോദരനായ 'ബോനിഫാസ്' ഒരുത്തമ കത്തോലിക്കായുവതീരത്നമായ 'ഫ്റാൻസെസ് കസ്റ്റി

ലിയോൺ' (Frances Castiglione) എന്ന പ്രഭുകുമാരിയെ പാണിഗ്രഹണം ചെയ്തു. അനന്തരം ഗൃഹഭരണം അവളെ ഏല്പിച്ചതോടെ മഗ്ദലേനാ സ്വാതന്ത്ര്യയായി. അപ്പോൾ മാത്രമേ അവൾക്കു സഭയുടെ അടിസ്ഥാനമിടുവാൻ കഴിഞ്ഞൊള്ളു.

## നെപ്പോളിയൻ.

നെപ്പോളിയന്റെ ആഗമനത്തെപ്പററി മുൻപൊരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ ഘട്ടത്തിൽ വെറോനാ എന്നല്ല ഇററലി മുഴുവൻ തന്നെയും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ അമൎന്നു കഴിഞ്ഞു. അദ്ദേഹം ഒരിക്കൽ വിജയോന്മത്തതയോടെ പ്രസ്താവിക്കുകയുണ്ടായി: "ഫ്റാൻസിന്റെ കിരീടം കാണയിൽ കിടക്കുന്നതു് ഞാൻ കാണുകയും, അതിനെ വാളിന്റെ മുനകൊണ്ടു് പൊക്കിയെടുക്കുകയും ചെയ്തു" എന്നു്. അതായതു്, ഏററം താണനിലയിലായിരുന്ന നെപ്പോളിയൻ തനിക്കു സഹജമായ പരാക്രമശീലംകൊണ്ടു് യുദ്ധംമൂലം ഫ്റാൻസിലെ കിരീടാവകാശിയായിത്തീൎന്നു. ഇപ്പോൾ അദ്ദേഹം ഇററലിയുടെയും ചക്രവൎത്തിയായി ഭരണം നടത്തുന്നു. നെപ്പോളിയൻ മൂന്നു പ്രാവശ്യം ഇററലിയിൽ പ്രവേശിച്ചു. വിശ്വവിശ്രുതമായ കനോസ്സാക്കുടുംബത്തെപ്പററി ഇതിനകം അദ്ദേഹം കേൾക്കുകയും അവരുടെ കൊട്ടാരം സ്വന്തം വാസസ്ഥലമായി സ്വീകരിക്കുകയും ചെയ്തു. ആയിരത്തെണ്ണൂററി അഞ്ചാമാണ്ടു് (1805) ജൂൺമാസത്തിൽ ക്ഷണിക്കപ്പെടാത്ത ഒരതിഥിയെപ്പോലെ അദ്ദേഹം കനോസ്സാക്കൊട്ടാരത്തിൽ മൂന്നാമത്തെ പ്രാവശ്യം വന്നുകയറി.

അദ്ദേഹത്തെ അകമ്പടി സേവിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ ഒരു കൂട്ടവും കൂടെയുണ്ടായിരുന്നു. മഹാനായ നെപ്പോളിയൻ മഗ്ദലേനായെക്കണ്ട ആദ്യക്ഷണം മുതൽ അവളെക്കുറിച്ചു് വലിയ ബഹുമാനവും മതിപ്പുമാണു് തോന്നിയിരുന്നതു്. ആ മനോഭാവം അചിരേണ വൎദ്ധമാനമായതല്ലാതെ തെല്ലും ലോപിക്കുവാനിടയായില്ല. ഒരിക്കൽ ഉദ്യോഗസ്ഥന്മാർ മഗ്ദലേനായെക്കണ്ടപ്പോൾ ഉപചാരപൂൎവ്വം അവൾക്കു ഹസ്തദാനം ചെയ്വാൻപോകുന്നതു നെപ്പോളിയൻ കണ്ടു. ഉടനെ അദ്ദേഹം അവരോടു് പറഞ്ഞു. "അവളെ തൊടരുതേ; അവൾ ഒരു മാലാഖായാണു്. ഒരമ്മയുടെ വാത്സല്യം വഴിഞ്ഞൊഴുകുന്ന ഹൃദയമാണു് അവൾക്കുള്ളതു്." പി



മഗ്ദലേനാ നെപ്പോളിയൻെറ സന്നിധിയിൽ.

(P. 35.)

ന്നിട്ട് അവൾ ആ വഴിയെ കടന്നുപോകുന്നതു് കണ്ടാൽ നെപ്പോളിയനും അദ്ദേഹത്തെ അകമ്പടിസേവിച്ചിരുന്നവരും അവൾക്കു ആചാരപൂർവ്വം ശിരസ്സു നമിച്ചിരുന്നതേയുള്ളു.

ഒരിക്കൽ മഗ്ദലേനാ നെപ്പോളിയനോടു് ഒരഭിമുഖസംഭാഷണത്തിനു് അനുമതി ചോദിച്ചു. ഇതിൽ അവളുടെ ഉദ്ദേശമെന്തായിരിക്കും എന്നോർത്തു് അദ്ദേഹം അല്പമൊന്നു് ആശ്ചര്യപ്പെട്ടു. എങ്കിലും തൽക്ഷണം തന്നെ അവൾക്കനുവാദം നല്കി. അവൾ വെള്ളവസ്ത്രം ധരിച്ചു് വളരെ വിനയപൂർവ്വം ചക്രവർത്തിയുടെ മുമ്പാകെ ഹാജരായി. എന്തോ അഭ്യർത്ഥിക്കുന്നതിനു് എന്ന ഭാവത്തിൽ അവൾ അദ്ദേഹത്തിന്റെ മുൻപിൽ മുട്ടുകുത്തുവാൻപോകുന്നതുകണ്ട ഉടനെ നെപ്പോളിയൻ പറഞ്ഞു: "എഴുന്നേൽക്കുക, കനോസ്സായിലെ പ്രഭുകുമാരിയായ നീ നിന്റെ സ്വന്തം ഗൃഹത്തിലാണു് നിൽക്കുന്നതു്. ഞാനിവിടെ ഒരു അതിഥിമാത്രമാണു്. നിനക്കു് എന്താ ബോധിപ്പിക്കാനുള്ളതു്?"

അപ്പോൾ മഗ്ദലേനായുടെ ഭാവംമാറി; മുഖംവിളറി; അവൾ ഒരു ചക്രവർത്തിയുടെ മുൻപിലാണല്ലോ നിൽക്കുന്നതെന്നോർത്തു് തെല്ലൊന്നമ്പരന്നു. എങ്കിലും ധൈര്യം അവലംബിച്ചു്, പുഞ്ചിരി തൂകിക്കൊണ്ടു്, അവളുടെ ഉദ്ദേശ്യം ചക്രവർത്തിയോടുണർത്തിച്ചു. അഗതികളും, അനാഥരും, ഭവനരഹിതരുമായ കുട്ടികളുടെ ദയനീയസ്ഥിതി നമ്മുടെ കഥാനായിക സമർത്ഥമായി ചക്രവർത്തിയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചു. അവളുടെ മനോരാജ്യത്തിൽ കുടികൊണ്ടിരുന്ന സാധു സംരക്ഷണ പദ്ധതിയും അവൾ വെളിപ്പെടുത്തി. ഇതിലേയ്ക്കു് തൽക്കാലം ഒരു ഭവനം അത്യാവശ്യമാണെന്നുള്ള വസ്തുത അവൾ ചക്രവർത്തിയെ യുക്തിപൂർവ്വം ധരിപ്പിച്ചു. അദ്ദേഹം നിർദ്ദയം ബഹിഷ്കരിച്ച സന്യാസസഭക്കാരുടെ വകയായിരുന്ന വിശുദ്ധ യൗസേപ്പിന്റെ മഠം തനിക്കു വിട്ടുതരണമെന്നുപോലും അഭ്യർത്ഥിക്കുവാൻ അവൾ മടിച്ചില്ല. ഇതെല്ലാം ചക്രവർത്തി അനുഭാവപൂർവ്വം കേട്ടു. അദ്ദേഹം ആശ്ചര്യഭരിതനായി. തൽക്ഷണം തന്നെ അവളുടെ അപേക്ഷകൾ അതേപടി അനുവദിച്ചുകൊടുക്കുകയും ചെയ്തു. നെപ്പോളിയൻ ഹൃദയമലിഞ്ഞു ചെയ്ത വാഗ്ദാനത്തെ ആത്മാർത്ഥതയോടെ അവർത്തിച്ചുകേട്ടപ്പോൾ മഗ്ദലേനാ ആനന്ദാശ്രുക്കൾപൊഴിച്ചു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

## വീട്ടുകാരുടെ വിരോധം.

ചക്രവൎത്തിയിൽനിന്നും അങ്ങനെ ഒരു മഹാകാൎയ്യം സാധിച്ചതോടുകൂടി ഒരു വലിയ ഭാരം അവൾക്ക് എളുപ്പത്തിൽ നീങ്ങികിട്ടി. സൗകര്യപ്രദമായ ഒരാസ്ഥാനം എവിടെ ഉണ്ടാക്കേണ്ടു എന്ന് ആലോചിച്ചിരിക്കുമ്പോഴാണ് ചക്രവൎത്തി അവിടെ ആഗതനായതു്: 'സെൻററ് സ്സ്സനെം' എന്ന സ്ഥലത്തുണ്ടായിരുന്ന വാടകയ്ക്കു വാങ്ങിച്ച വീട്ടിൽവെച്ചായിരുന്നു, അവളുടെ സഭ ഉടലെടുത്തതു്. വിനോദബഹുലവും ആഡംബരപൂൎണ്ണവുമായ അരമന ജീവിതം അവൾക്ക് ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. തന്നിമിത്തം അവിടെനിന്നും വിദൂരസ്ഥിതമായ പുതിയ സ്ഥാപനത്തിലേയ്ക്കു അവൾ പലപ്പോഴും പോകുക പതിവായിരുന്നു. അവിടെ താമസിച്ചിരുന്ന അവളുടെ സഹപ്രവൎത്തികകൾക്ക് മഗ്ദലേനാ തന്നെയായിരുന്നു, സഹായവും, നിയന്ത്രണവും, പ്രചോദനവും നല്കിയിരുന്നതു്. അവരോടുകൂടെ അവളും ഒരു പൊതുവായ ജീവിതം കഴിക്കണമെന്നുള്ളതായിരുന്നു അവളുടെ തീവ്രമായ ആഗ്രഹം. എന്നാൽ ഇതാ! കുടുംബത്തിൽ ഒരു കൊടുങ്കാററ്. സന്താപസന്തോഷ സമ്മിശ്രമായ ഒന്നായിരുന്നു അതു്. അതിൽപ്പെട്ട് നട്ടം കറങ്ങുമെന്നു തന്നെ അവൾക്കു തോന്നി.

ഗൃഹഭരണം പുതിയ കുടുംബനായികയിൽ ഇതിനകം അൎപ്പിതമായിക്കഴിഞ്ഞു. പണമെടപാടുകൾ എല്ലാം ബോനിഫാസ് നോക്കിവന്നു. 'റോസ്' "എലീനർ' എന്ന ഇരു സഹോദരികളും അവരുടെ പുതിയ ഗൃഹസ്ഥജീവിതത്തിൽ സൗഭാഗ്യവതികളായി പരിശോഭിക്കുവാൻ തുടങ്ങി. ഇനി ശേഷിച്ച സഹോദരിയായ മഗ്ദലേനായെ അവർ എങ്ങനെ പറഞ്ഞയക്കും? മഗ്ദലേനായുടെ സഹോദരനും, ബന്ധുമിത്രാദികൾക്കും, എന്നല്ല, അവളെ പരിചയം ഉണ്ടായിരുന്ന എല്ലാവൎക്കും, അവളോടുണ്ടായിരുന്ന വാത്സല്യം സീമാതീതമായിരുന്നു. കുടുംബസൌഭാഗ്യത്തിന് അവളുടെ സാന്നിദ്ധ്യം അപരിത്യാജ്യമായിത്തീൎന്നതിനാൽ പുതിയ സംരംഭത്തിൽനിന്ന് അവളെ വ്യതിചലിപ്പിക്കുവാൻ പലരും ഉത്സാഹിക്കയും ഉപദേശിക്കയും ചെയ്തു.

രോഗികളെ ശുശ്രൂഷിക്കുക, സാധുക്കളെ സംരക്ഷിക്കുക, കുട്ടികളെ പഠിപ്പിക്കുക, ദൈവത്തോടുള്ള ഐക്യം പുലൎത്തുക ഇത്യാദി സുകൃതങ്ങൾ യഥേഷ്ടം അനുഷ്ഠിക്കുവാൻ വീട്ടിൽവച്ചു്

അവൾക്ക് സാധിക്കും എന്നിരിക്കേ, എന്തിനവൾ വീടും നാടും ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നു? എന്തിനവൾ ദരിദ്രരോടുകൂടെ ദരിദ്രയായിത്തീന്ന്, ഈ കുടുംബത്തിലെ പൂർവ്വന്മാരുടെ സൽകീത്തിക്കു ഭംഗംവരുത്തുന്നു? ഇങ്ങനെ സമുദായത്തിൽ ഏററം നികൃഷ്ടമായ ഒരു പദവിയിലേക്ക് എന്തിനവൾ അവളെത്തന്നെ താഴ്ത്തുന്നു? പണ്ടു കനോസ്സായിലെ മെററിൽഡാ എന്നൊരു വനിതാരത്നം വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ വളരെ അധികം നന്മ സഭയ്ക്കും സമുദായത്തിനുംവേണ്ടി ചെയ്യുകയുണ്ടായല്ലൊ. അക്കാലത്ത് അവൾ സഭയുടെ അവകാശങ്ങളെ ആദരിച്ചു; സഭാദ്ധ്യക്ഷനായ പാപ്പായെ സംരക്ഷിച്ചു; സാധുക്കൾക്കും വിധവകൾക്കും അനാഥക്കും ധാരാളമായി ധമ്മം കൊടുത്തു; ആശ്രമം ആദിയായ പൊതു സ്ഥാപനങ്ങൾക്ക് ഉദാരമായ സംഭാവന നല്കി. എന്നിട്ടും, ഔന്നത്യമേറിയ ആ സ്ഥാനത്തുനിന്ന് അവൾ ഒരടിപോലും താഴ്ന്നില്ല. അതുപോലെ ഇവൾക്കും ജീവിച്ചാൽ പോരേ? ഏതാണ്ടിങ്ങനെ ആയിരുന്നു അവരുടെ വാദഗതി.

കനോസ്സാ കുടുംബത്തിൻെറ അഭിമാനവും, സൽകീത്തിയും സംരക്ഷിക്കുന്നതിന്, സദാപി അഭിലഷിച്ചുകൊണ്ടിരുന്ന മഗ്ദലേനായുടെ മൃദുലഹൃദയത്തെ ഈ വാക്കുകൾ സ്പർശിക്കാതിരുന്നില്ല. പക്ഷെ പണ്ടൊരിക്കൽ ദശനത്തിൽ കണ്ട രാജസപ്രഭാവത്തോടുകൂടിയ ആ മഹിളാമണി എപ്പോഴും അവളുടെ മുമ്പാകെ സ്ഥിതിചെയ്തിരുന്നു. അവൾ മഗ്ദലേനായുടെ അരികെനിന്നുകൊണ്ട് “വിട്ടുവിട്ടു ഇറങ്ങുക. ഇതു ദൈവം ആഗ്രഹിക്കുന്നതാണ്” എന്നു ആവത്തിച്ചു പറയുന്നതുപോലെ തോന്നി. ജീവിതപ്രയാണത്തിൽ നിർദ്ദിഷ്ട സ്ഥാനത്തു ചെന്നെത്താതിരിക്കുന്നതിന് അവളുടെ വഴിയിൽ വിലങ്ങടിച്ചു കിടന്നതായിരുന്നു ഈ ഭാരമേറിയ തടസ്സം. അതു മാറിക്കിട്ടുവാൻ അവൾ പ്രാത്ഥനയും, പരിത്യാഗകൃത്യങ്ങളും, പ്രായശ്ചിത്ത പ്രവത്തികളും പതിന്മടങ്ങു വർദ്ധിപ്പിച്ചു. നമ്മുടെ നാഥനായ മിശിഹായുടെയും, അവിടത്തെ മാതാവായ കന്യകമറിയത്തിൻെറയും കടാക്ഷത്തിൽ അവൾ ശരണം പ്രാപിച്ചു. അവരാൽ വലയം ചെയ്യപ്പെട്ടു മഗ്ദലേനാ അവളുടെ പ്രയാണത്തിലെ പ്രതിബന്ധങ്ങളെ എല്ലാം തരണം ചെയ്തു ഒടുവിൽ പ്രശസ്തമായ വിജയം വരിച്ചു. എങ്ങനെയാണ് കനോസ്സാ കൊട്ടാരത്തിലെ ഈ പൈങ്കിളി അതിൻെറ കൂട്ടിലേയ്ക്കു പറന്നുപോയതെന്ന് അടുത്ത അദ്ധ്യായത്തിൽനിന്ന് ഗ്രഹിക്കാം.

# ഇനി താമസിക്കാൻ വയ്യാ.

ഒരു ദിവസം മഗ്ദലേനാ അവളുടെ വീട്ടിലുണ്ടായിരുന്ന പ്രാത്ഥനമുറിയിൽനിന്നു മടങ്ങിപ്പോരുന്ന വഴിക്ക് സ്വസഹോദരനായ ബോനിഫാസിനെ കണ്ടു. സന്യാസജീവിതം കഴിക്കാൻ പോകണമെന്നുള്ള അവളുടെ ദൃഢനിശ്ചയം അവനും അറിഞ്ഞിരുന്നു. അവളുടെ വേർപാട് ആ ദിവസങ്ങളിൽ ഉണ്ടാകുമെന്നോത്തപ്പോൾ അതു് അവനു് ദുസ്സഹമായിത്തോന്നി. അവളെക്കണ്ട മാത്രയിൽ അവൻ കദനഭാരത്താൽ തരളിതചിത്തനായി "മഗ്ദലേനേ" എന്നു് അവൻ അവളെ വിളിച്ചു. അതിനവൾ "എന്താ! ബോനിഫാസി" എന്നു് പ്രതിവചിച്ചു.

ബൊനി— അപ്പോൾ നീ എന്നെ പിരിഞ്ഞുപോകയാണോ?

മഗ്ദലേനാ— അതേ; അതാണല്ലോ നമ്മുടെ കത്താവു് ആഗ്രഹിക്കുന്നതു്.

ബൊനി— ഒരു പക്ഷെ ഞങ്ങളോടുകൂടെ താമസിക്കുന്നതു നിനക്കു് സന്തോഷമല്ലായിരിക്കാം? അല്ലേ.

മഗ്ദ— അല്ല; അങ്ങനെയല്ല. നിങ്ങളോടുകൂടി താമസിക്കുന്നതു എനിക്കു് വളരെ സന്തോഷമാണു്. എന്നാൽ ദിവ്യഗുരു അരുളിചെയ്തിട്ടില്ലേ? "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ അവൻെറ കുരിശുംവഹിച്ചു് എൻെറ പുറകെവരട്ടെ" എന്നും "എന്നെക്കാൾ അധികമായി മാതാവിനേയോ പിതാവിനേയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല" എന്നും?

ബൊനി— എന്നാൽ നീ അവിടുത്തെ അനുഗമിക്കുന്നുണ്ടല്ലോ. അവിടുത്തെ സേവനത്തിനുവേണ്ടി നീ സ്വയം അപ്പിച്ചിരിക്കുന്നു. അതുകൊണ്ടു്, സഹോദരീ; ഞങ്ങളോടുകൂടി താമസിക്കുക. എന്നാലും നിനക്കൊരു പുണ്യവതി ആകാമല്ലൊ.

മഗ്ദ:- ബൊനിഫാസി, ദൈവം എന്നെ വിളിക്കുന്നു. ഇനി താമസിക്കാൻ വയ്യാ.

ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ ബൊനിഫാസ് അവളുടെ കരങ്ങൾ ചുംബിച്ചു. രണ്ടുപേരും പൊട്ടിക്കരഞ്ഞു. സന്താപത്തിൻെറയും സന്തോഷത്തിൻെറയും കണ്ണുനീർകണങ്ങൾ അവർ പൊഴിച്ചു ഉടനെ മഗ്ദലേനാ പിതൃസഹോദരനായ ജെറോമിനോടും, സഹോദരൻെറ ഭാൎയ്യയോടും, 'ചാറത്സ്" എന്നുപേരുള്ള മരുമകനോടും യാത്രപറഞ്ഞു. ആയിരത്തെണ്ണൂററെട്ടാമാണ്ടു്

(1808) മേയ് മാസം അഞ്ചാം തീയതി (5th May) അവളുടെ പൂർവ്വന്മാരുടെ ഭവനമായിരുന്ന കനോസ്സാംകൊട്ടാരത്തിലേക്ക് ഇങ്ങിനിവരാത്തവിധം അവൾ എന്നേയ്ക്കുമായി, അതിനോടു യാത്രപറഞ്ഞു പിരിഞ്ഞു.

## സഹപ്രവത്തകർ.

മഗ്ദലേനാസ്സ് സഹപ്രവത്തകരായി ആരംഭത്തിൽ ന.നാകുറച്ചുപേരെ മാത്രമേ ലഭിച്ചുള്ളു. എങ്കിലും അവരെല്ലാവരും തന്നെ സുകൃതചരിതകളും ഉദാരമതികളുമായിരുന്നു. അവരിൽ ലെയോൾപ്പൊൾഡിനാ നോഡെററ് (Leopoldina naudet) എന്ന വനിതാരത്നം തികച്ചും സംസ്കാരസമ്പന്നയായിരുന്നു. സഭാസ്ഥാപനത്തിനുള്ള സംരംഭങ്ങളിൽ അവൾ മഗ്ദലേനാസ്സ് വലിയ സഹായമായിത്തീൻ. എന്നാൽ പിൽക്കാലത്ത് തിരുക്കുടുംബത്തിൻെറ സഭ സ്ഥാപിക്കുവാൻവേണ്ടി അവൾ മഗ്ദലേനായിൽനിന്നു പിരിഞ്ഞുപോകുവാൻ നിർബന്ധിതയായി. വെറോനാ സ്വദേശിനിയും സുകൃതിനിയും ആയിരുന്നു, 'മെററിൽഡാ ബൊനിയോളി' (Matilda Bonioli) എന്ന കന്യകാമണി. അതേ സ്വദേശിനിതന്നെയായിരുന്നു, മെററിൽഡാ ഗിയറോള (Matilda Giarola) എന്ന നാരികുലോത്തംസം. അവൾ സ്വഭാവമാധുയ്യത്തിലും, പരമാത്ഥതയിലും വിഖ്യാതയായിരുന്നു. അഞ്ചെല ട്രക്കാഞ്ഞിനി (Angela Traccagnini) വില്ലഫ്റാൻക (Villafranca) ദേശക്കാരിയും പ്രാത്ഥനാചൈതന്യത്താലും മററു സ്വാഭ്വിയവരങ്ങളാലും സമലംകൃതയായിരുന്നു സെൻറ് സ്സെനൊ (St. Zeno) എന്ന സ്ഥലത്തുനിന്നും വന്നിരുന്ന ഡൊമെനിക്ക ഫച്ചിയോളി (Domenica Faccioli) എന്ന വനിത ചെറുപ്പത്തിലേ വെറോനായിലുള്ള കമ്മെലീത്താ സഭയിൽ പ്രവേശിച്ചിരുന്നു. എന്നാൽ മഗ്ദലേനാ ആ സഭവിട്ടു പോന്നപ്പോൾ അവളോടുകൂടി പോന്നവളായിരുന്നു ചാരിത്രത്തിൻെറയും, ഉപവിയുടെയും വികസിതകുസുമമായിരുന്ന അഞ്ചെലാ ബ്രഗാറോ (Angela Bragato) ആയിരുന്നു ഒടുവിലത്തെ കന്യക. അവളായിരുന്നു നമ്മുടെ കഥാനായികയ്ക്ക് ഇണപിരിയാത്ത കൂട്ടായി വത്തിച്ചുപോന്നത്. ഈ സഹപ്രവത്തികകളോടുകൂടെ മഗ്ദലേനാ അവളുടെ സഭയ്ക്ക് അടിസ്ഥാനമിട്ടു. ഇങ്ങനെ സമാരബ്ധമാ

യ ഈ സഭ മുപ്പതുവഷത്തെ കുറഞ്ഞൊരുകാലയളവിൽ ഉത്തര ഇററലിയിലുള്ള എല്ലാ പട്ടണങ്ങളിലും പ്രചരിച്ചു. ഇപ്പോൾ ഈ സഭക്കു് അവിടെ മുന്നൂറു് ഭവനങ്ങളും ആകെ അയ്യായിരം അംഗങ്ങളും ഉണ്ടെന്നുള്ളതു് സ്മരണീയമാണു്.

## അഡ്റിയാററിക്കിൻെറ രാജ്ഞി.

വെറോനായിലെ സ്ഥാപനത്തിൻെറ കീത്തിധാവള്യം നാടെങ്ങും പരന്നു. താദൃശ സ്ഥാപനങ്ങൾ പലയിടത്തും ആവിർഭവിച്ചു കാണുവാൻ ജനങ്ങൾ അഭിലഷിച്ചുതുടങ്ങി. നാനാഭാഗത്തുനിന്നും മഗ്ദലേനാക്കു അഭ്യത്ഥനാസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ വെനീസിനായിരുന്നു അവളുടെ അനാഥമന്ദിരത്തിൻെറ സേവനസുഖം ആദ്യമായി അനുഭവിക്കാനുള്ള ഭാഗധേയം സിദ്ധിച്ചതു്. അതിനു് കാരണവും ഉണ്ടു്. അഡ്റിയാററിക്കിൻെറ രാജ്ഞി എന്നഭിധാനം അർഹിക്കുമാറു് അത്ര പ്രാമാണ്യവും പ്രസിദ്ധിയും അന്നു് ആ പട്ടണത്തിനുണ്ടായിരുന്നു. തന്നെയുമല്ല, പന്ത്രണ്ടു വഷം മുമ്പു് ഈ സഭയുടെ സാക്ഷാൽ സ്ഥാപികയായ സാമ്രാജ്ഞി കപിലവസ്ത്രവും കറുത്ത തൊപ്പിയും ധരിച്ചു്, ആറു കന്യകകളാൽ പരിസേവിതയായി മഗ്ദലേനാക്കു കാണപ്പെട്ടതു് ഇവിടെവച്ചായിരുന്നു. അതുകൊണ്ടു് അവളുടെ പ്രവത്തനപരിപാടികളെ പ്രസ്പഷ്ടമാക്കിക്കൊടുത്ത ആ ദശ്നത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്നതുപോലെ ആശുപത്രികൾ, വേദപാഠ കളരികൾ, വിദ്യാലയങ്ങൾ എന്നിങ്ങനെ വ്യത്യസ്തങ്ങളായ സേവനങ്ങളുടെ മൂന്നു രംഗങ്ങളിലേക്കും സഭാംഗങ്ങളിൽ ചിലരെയെങ്കിലും അയച്ചുകൊടുക്കേണ്ടതു് ഉചിതമെന്നു അവൾക്കു തോന്നി. അങ്ങനെ ചിന്താവിഷ്ടയായിരിക്കേ ആയിരത്തെണ്ണൂററിപന്ത്രണ്ടിൽ (1812) അവളുടെ മഹനീയ സേവനങ്ങൾ കണ്ടു് മനംകുളിത്ത ഒരു മാന്യ വൈദികൻ അവരെ അങ്ങോട്ടു ക്ഷണിച്ചു. മേൽകാണിച്ച ന്യായങ്ങളാൽ ആ ക്ഷണം നിരസിക്കുവാൻ നിവത്തിയില്ലെന്നായി. അജ്ഞാതയായും അപ്രസിദ്ധയായും കഴിഞ്ഞുകൂടുവാനുള്ള അവളുടെ അഭിലാഷവും എളിമയുടെ ആധിക്യവും, ആഡംബരവൈമുഖ്യവും നിമിത്തം വെനീസിലേക്കു് പോകുവാൻ അവൾക്കു് വൈമനസ്യം തോന്നി. നവമായി ആരംഭിക്കുവാനിരുന്ന സ്ഥാപനത്തിൻെറ ഭാവിയെക്കുറിച്ചും

അവൾക്ക് ആശങ്കയുണ്ടായി. അതുകൊണ്ട് 'സെൻറ് സ്റ്റെനൊ' എന്ന സ്ഥലത്തു താമസിച്ചിരുന്നവരിൽ ആരെയും അങ്ങോട്ടു പോകുന്നതിന് അനുവദിച്ചില്ല. എന്നാൽ ആ ദിവസങ്ങളിൽ നടന്ന ഒരു സംഭവത്തിൻെറ ഫലമായി ദൈവഹിതം എന്താണെന്ന് വെളിവായപ്പോൾ ആ വെനീസ് പട്ടണത്തിൽതന്നെ ഒരു മഠം സ്ഥാപിക്കുവാൻ തീരുമാനിച്ചു.

ഒരു ദിവസം രാവിലെ 'എലിസബത്ത് ടെറഗ്നോലി' (Elisabeth Terragnoli) എന്ന മഹാ ഭക്തയായ ഒരു സഹോദരി, മഠാധിപയുടെ മുൻപിൽ മുട്ടുകുത്തി ഇങ്ങനെ പറഞ്ഞു: "അവിടുത്തെ ഒരു ദാസിയും സഹപ്രവത്തികയും ആയ ഞാൻ അവിടുന്ന് എവിടെ പോകുന്നുവോ അവിടെ അങ്ങെ അനുഗമിക്കുവാൻ തയ്യാറാണ്. ഇനി വേറൊരു സ്ഥാപനം ആരംഭിക്കുവാനാണ് അവിടുന്ന് ആഗ്രഹിക്കുന്നതെങ്കിൽ അതിനും ഞാൻ സന്നദ്ധയാണ്. ഈ വസ്തുത അങ്ങെ അറിയിക്കണമെന്നുള്ള ഒരു ദിവ്യസ്വരം ഞാൻ നിരന്തരം ശ്രവിക്കുവാൻ തുടങ്ങീട്ട് ഇപ്പോൾ മൂന്നു ദിവസമായി." ഇതു് കേട്ടപ്പോൾ മഗ്ദലേനായെ ബാധിച്ചിരുന്ന സംശയങ്ങൾ എല്ലാം തിരോധാനം ചെയ്തു. എന്നാൽ താദൃശമായ ഒരു സ്ഥാപനം പുതുതായി പണികഴിപ്പിക്കുന്നതിന് പലവിധത്തിലുള്ള ക്ലേശങ്ങളും കഷ്ടപ്പാടുകളും അവൾ സഹിക്കേണ്ടിവന്നു

വെനീസിലെ മഹാജനങ്ങൾ മഗ്ദലേനായെ ഒരു പുണ്യവതിയായി പരിഗണിച്ചിരുന്നു. അവൾമൂലം ആ പട്ടണവാസികൾക്ക് പലതരത്തിലുള്ള അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ സാധിക്കുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. എന്നാൽ അപ്പോൾ അവൾ ആളും അർത്ഥവും ഇല്ലാതെ വല്ലാതെ കുഴങ്ങുന്ന ഒരു കാലസന്ധിയിലായിരുന്നു. ആ സ്ഥാപനത്തിലുണ്ടായിരുന്ന സഹോദരികൾ എല്ലാവരുംതന്നെ മതബോധനം നൽകുന്നതിന് ഉദ്യുക്തരായതുകൊണ്ട് മഗ്ദലേനാ അല്ലാതെ വേറെ ആരും അവിടെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് സന്ദർശനമുറിയിൽ പോകുക, ശയനശാല ക്രമപ്പെടുത്തുക, മുറികൾ അടിച്ചു വൃത്തിയാക്കുക, ഭക്ഷ്യപദാർത്ഥങ്ങൾ പാകംചെയ്യുക എന്നിങ്ങനെയുള്ള വിവിധ ജോലികളും അവൾതന്നെ നിർവഹിക്കാൻ നിർബന്ധയായിത്തീർന്നിട്ടുണ്ട്. ഒരു ദിവസം പാചകസ്ഥലത്തേക്കു പോകുവാൻ ആരും ഇല്ലാതിരുന്നതുകൊണ്ട് മഠാധിപ ദുഃഖവും വിഷാദവും പൂണ്ടി

രിക്കേ മഗ്ദലേനാ അവരോട് "എന്നെ സഹായിക്കുന്നതിനു വിശ്വസ്തരായ വേലക്കാർ ഉള്ളതുകൊണ്ട് അമ്മ വിഷാദിക്കേണ്ട" എന്നു പറഞ്ഞു. വിശ്വസ്തരായ വേലക്കാർ എന്നു പറഞ്ഞതു് അവിടം സന്ദർശിക്കാറുള്ള ചില ബാലികമാരായിരിക്കാം എന്നാണ് സാധാരണഗതിയിൽ സഹോദരികൾ വിചാരിച്ചതു്. എന്നാൽ വൈകുന്നേരം അവർ ഈ വർത്തമാനം പറഞ്ഞപ്പോൾ മഗ്ദലേനാ പറഞ്ഞു, "എനിക്ക് സഹായികളായിത്തീർന്നവർ എൻെറ കൈകൾ മാത്രമായിരുന്നു" എന്ന്. അതേ, തയ്യൽപണി മാത്രം ചെയ്തു തഴങ്ങിയ മൃദുലലോലമായ ആ പാണികൾ ഏതു ജോലിയും, എത്രതാഴ്ന്ന തരത്തിലുള്ളവയും വെറുപ്പുതോന്നിക്കത്തക്കവയും ആയിരുന്നാലും, ചെയ്യുന്നതിന് എപ്പോഴും തയ്യാറായിരുന്നു.

## ദൈവപരിപാലനയിൽ സംശയമോ?

ഒരിക്കലുമില്ല. അചഞ്ചലമായ വിശ്വാസം ആയിരുന്നു ദൈവപരിപാലനയിൽ അവൾക്കുണ്ടായിരുന്നതു്. വെനീസ്സു പട്ടണം ആസ്ത്രിയാക്കാരുടെ ആക്രമണത്തിനു വിധേയമായപ്പോൾ അവൾ വിവിധങ്ങളായ മുട്ടുപാടുകൾകൊണ്ടും, പൈദാഹാദികൾകൊണ്ടും, വിവശയായി. അപ്പോഴെല്ലാം അവൾ സ്വർഗ്ഗീയ പിതാവിനെയാണ് സമീപിച്ചിരുന്നതു്. അവൾ വിശ്വാസപൂർവ്വം പറഞ്ഞിട്ടുള്ളവയെല്ലാം പലപ്പോഴും പ്രവചനങ്ങളായി പരിണമിച്ചിട്ടുമുണ്ട്.

വെനീസിലെ സ്ക്രൂളിൽ മഹാതന്നിഷ്ടക്കാരിയായ ഒരു ബാലികയുണ്ടായിരുന്നു. ഒരു ദിവസം മഗ്ദലേനാ സ്ക്രൂൾ വരാന്തയിൽക്കൂടി കടന്നുപോയപ്പോൾ ആ ബാലിക ഏതോ കുററത്തിനു ശിക്ഷിക്കപ്പെട്ടിരിക്കുന്നതു കണ്ടു. ഉടനെ മഗ്ദലേനാ അവളുടെ കൈപ്പിടിച്ചുകൊണ്ട് ആ ക്ലാസ്സിലെ അദ്ധ്യാപികയായ സഹോദരിയെ സമീപിച്ചു. അവൾക്ക് മാപ്പുകൊടുക്കണമെന്നും ഭാവിയിൽ അവൾ ഒരു നല്ല കുട്ടിയായി ഈ സ്ഥാപനത്തിലെ ഒരംഗമായി ചേരുമെന്നും പറകയുണ്ടായി. ഇതുകേട്ടപ്പോൾ കുട്ടി ഒന്നുകൂടി ശാഠ്യംകൂട്ടുകയാണുണ്ടായതു്. "ഞാൻ ഇവിടെ ചേരുന്നതിനുപകരം ഇതിനെ തീവച്ചുകളയും" എന്ന് അവൾ നിസ്സങ്കോചം ഉച്ചരിച്ചു. "എൻെറ മകളേ, നീ ഇവിടെ ചേരുമെന്നു മാത്രമല്ല, എൻെറ അന്ത്യസമയത്തു് എന്നെ പരി

ചരിക്കാനും നിനക്കിടയാകും" എന്ന് മഗ്ദലേനാ പറഞ്ഞു. അതും ഇത്ര കാര്യമായിട്ടപ്പോൾ കരുതിയില്ല. എങ്കിലും ആ പ്രവചനം തികവേ നിറവേറുകതന്നെ ചെയ്തു. അവൾ പിൽക്കാലത്ത് സുശീലയായിത്തീൎന്ന്, ആശ്രമജീവിതം കൈക്കൊണ്ടു. മാത്രമല്ല, ആ സഹോദരിയുടെ വക്ഷസ്സിൽ ശിരസ്സുവച്ചുകൊണ്ടു മഗ്ദലേനാ അന്ത്യശ്വാസം വിടുകയും ഉണ്ടായി. അന്നേററാ (Annetta) എന്നായിരുന്നു ആ ബാലികയുടെ പേർ.

ഒരു കിണറുകുഴിക്കേണ്ടതിനെപ്പററിയുള്ള വിശദവിവരങ്ങൾ അവൾ ഒരു കൂട്ടം കൽപ്പണിക്കാരോടു പറഞ്ഞുകൊടുക്കുന്നതു ഒരു വൈദികൻ കേട്ടു. ഉടനെതന്നെ അദ്ദേഹം അവളോടു പറഞ്ഞു. ഹെയ്! നിങ്ങൾ എന്താണ് ചെയ്യാൻപോകുന്നത്? നിങ്ങൾക്ക് ഒരുവിധത്തിലും അർഹതയില്ലാത്ത ഒന്ന് പണികഴിപ്പിക്കാൻ ഇത്ര ക്ലേശിക്കുന്നതെന്തിന്? ഗവൺമെൻറിൽ നിന്ന് ഒരു കല്പന കിട്ടിയാൽ ഇരുപത്തിനാലു മണിക്കൂറിനകം ഭവനരഹിതരായ നിങ്ങൾ പെരുവഴി ആധാരമാക്കിത്തീരേണ്ടവരാണെന്ന് അറിഞ്ഞുകൂടെ? പിന്നെ എന്തിനു ഇത്തരം പണികൾക്കു തുനിയുന്നു?

അതിനു മഗ്ദലേനാ പുഞ്ചിരിതൂകി പ്രശാന്തസ്വരത്തിൽ പ്രതിവചിച്ചു. "യുദ്ധം കഴിയുമ്പോൾ ഈ കന്യകാലയം എനിക്കു കിട്ടുമെന്നാണ് എൻെറ കരുത്തേറിയ പ്രതീക്ഷ." മഗ്ദലേനായുടെ ഈ മറുപടി കേട്ടവരെല്ലാവരും ആശ്ചൎയ്യഭരിതരായി. എന്നാൽ വിനാവിളംബം ഫ്റാൻസീസ് പ്രഥമൻ ഒരു രാജകീയവിളംബരംമൂലം വി. ലൂസിയായുടെ ആശ്രമം മഗ്ദലേനാക്കു ദാനമായി വിട്ടുകൊടുത്തിരിക്കുന്നു എന്നു കേട്ടപ്പോൾ അവൾക്കുണ്ടായ വിസ്മയത്തിന്നു അതിരില്ലാതെയായി.

## ഭക്തിപാരവശ്യം.

മഗ്ദലേനായെപ്പോലെ മനക്കരുത്തും കൎമ്മധീരതയും ഉള്ള ഒരു സ്ത്രീക്കു ഭക്തിപാരവശ്യം ഉണ്ടാകുമെന്നുള്ളതു വിശ്വസനീയമല്ല. എന്നാൽ ഇവളെ സംബന്ധിച്ചു പറയുകയാണെങ്കിൽ പലപ്പോഴും ഭക്തിപാരവശ്യത്തിൽ ലയിച്ചിരുന്നു എന്നുള്ളതു വെറും പരമാൎത്ഥം മാത്രമാണ്. അസഹനീയമായ ക്ലേശങ്ങൾക്കിടയിലും, അനുസ്യൂതമായ കൎത്തവ്യനിൎവ്വഹണത്തിലും, അവൾ

തൻെറ സ്വർഗ്ഗീയമദ്ധ്യസ്ഥയെ അനുകരിച്ച്, സൃഷ്ടികളോടുള്ള സംഭാഷണത്തിൽനിന്ന് വിരമിച്ച്, സ്രഷ്ടാവിനോട് സംഭാഷിക്കുവാൻ നല്ലപോലെ അഭ്യസിച്ചിരുന്നു. ഉദാഹരണത്തിന് ഒന്നു രണ്ടു സംഭവങ്ങൾമാത്രം ഇവിടെ ഉദ്ധരിക്കാം.

ഒരു ദിവസം വെനീസിലുള്ള ഒരു ദേവാലയത്തിൽ വരി. കുർബാന സ്ഥാപിച്ചിരുന്ന സക്രാരിയുടെ സവിധത്തിൽ അവൾ ധ്യാനനിഷ്ഠയായി മുട്ടിന്മേൽ നിൽക്കുകയായിരുന്നു. ദൈവസ്നേഹാഗ്നി അവളിൽ കത്തിക്കാളി. പെട്ടെന്ന് അവളുടെ മുഖഭാവം മാറി. സ്വർഗ്ഗീയമായ ഒരു പ്രഭാപൂരം ആ മുഖകമലത്തിൽ കളിയാടിയിരുന്നു. അപ്പോൾ അവളുടെ പ്രജ്ഞ നിശ്ശേഷം നശിച്ചു. ഏകദേശം അരമണിക്കൂറിലധികസമയം ആ നിലയിൽത്തന്നെ അവൾ അവിടെ നിലകൊണ്ടു. ഇതിനിടയിൽ രണ്ടുമൂന്നു പ്രാവശ്യം അവളെക്കുലുക്കി നോക്കിയിട്ടും, അവളുടെ കൈയ്ക്കു പിടിച്ചു വലിച്ചിട്ടും, ഉച്ചസ്വരത്തിൽ വിളിച്ചിട്ടും, അവൾ അറിഞ്ഞ ഭാവമേ കാണിച്ചില്ല.

വേറൊരവസരത്തിൽ സെൻറ് ട്രൊവാസൊ (St. Trovaso) എന്ന സ്ഥലത്ത് ഒരു പുതിയ സ്ഥാപനം പണികഴിപ്പിക്കുന്നതിനെപ്പററി അവൾ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുറേ കഴിഞ്ഞപ്പോൾ രണ്ടു വൈദികരും സഹോദരന്മാരും അവരുടെ പ്രാർത്ഥനമുറിയിൽ ചലച്ചിത്രം മാതിരി എന്തോ കണ്ടു. അത് എന്തായിരിക്കാം? അപ്പോൾ മഗ്ദലേനാ ഒരു കുരിശുരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തി നിൽക്കുകയായിരുന്നു. അവളുടെ കണ്ണുകൾ മിന്നിത്തിളങ്ങി. ശരീരം നിലനിരപ്പിൽനിന്നു പൊങ്ങി. അവൾ സ്വർഗ്ഗത്തിലേക്കു പറക്കുകയാണോ എന്നു അവർക്കുതോന്നി. ഇതായിരുന്നു അവർ കണ്ട ആ ചലച്ചിത്രം.

പരിശുദ്ധ ത്രിത്വത്തിൻെറ പരമരഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം അവളെ എളിമയുടെയും, ആനന്ദത്തിൻെറയും അഗാധതലങ്ങളിലേക്ക് തള്ളിവിട്ടിരുന്നു. ദൈവവചനം മാംസമായി എന്നുള്ള വിചാരമായിരുന്നു ആക്കും ഉദാരമായ സേവനങ്ങൾ ചെയ്യുന്നതിനു അവൾക്കുത്തേജനം നൽകിയിരുന്നത്. ദിവ്യകാരുണ്യസ്വീകരണംമൂലം അവൾ ദൈവത്തോടുള്ള ഐക്യം പുലർത്തിപ്പോന്നു.

തത്ഫലമായി അവാച്യവും ആദ്ധ്യാത്മികവുമായ ആനന്ദാനുഭൂതി പലപ്പോഴും മിശിഹാ തൻെറ പ്രേയസിക്കു പ്രദാനം



മഗ്ദലേനായുടെ മുറി. (P. 44.)

ചെയ്തുകൊണ്ടിരുന്നു. ക്ലേശഭൂയിഷ്ഠമായ ജീവിതത്തിനിടയിലും അനന്തമായ ഒരു നിർവൃതിയും നിസ്തുലമായ സംതൃപ്തിയും അവൾ അറിയാതെതന്നെ അനുഭവിച്ചു. കായക്ലേശം അവഗണിച്ചും യത്നം തുടരുവാൻ അവൾക്കു സന്തോഷവും, പ്രേരണയും നൽകിയ ആ അദൃശ്യശക്തി, അതല്ലാതെ മറെറാന്നുമായിരുന്നില്ല. ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനാനിരതയായി നിലകൊള്ളുമ്പോൾ പലപ്പോഴും അവൾ സ്വർഗ്ഗീയാനന്ദലഹരിയിൽ മതിമറന്നുപോവുക പതിവായിരുന്നു. അവിടെനിന്നു കൃത്യനിർവ്വഹണത്തിനുവേണ്ടി പിരിഞ്ഞുപോരേണ്ട അവസരങ്ങളിൽ അവൾ അവളോടുതന്നെ ബലം ചെയ്യേണ്ടിവന്നിരുന്നു.

## നിയമസംഹിത.

മഗ്ദലേനാ അവളുടെ സഭാംഗങ്ങൾക്കായി രൂപവത്കരിച്ച നിയമങ്ങൾ സ്വന്തം സ്വഭാവവിശേഷതകളുടെ ഒരു പ്രതിഫലനം മാത്രമായിരുന്നു. അവയിൽ ഓരോന്നിലും വിജ്ഞാനം, വിവേകം, പരമാർത്ഥത, ദൈവസ്നേഹം, അയൽക്കാരന്റെ ആത്മരക്ഷയിലുള്ള തീക്ഷ്ണത, ഏകാന്തതയുടെ ചൈതന്യം, ആഴിയായ ഗുണവിശേഷങ്ങൾ തെളിഞ്ഞുനിൽക്കുന്നതായി നമുക്കു കാണുവാൻ കഴിയും. ഇവയെല്ലാം ക്രിസ്തുവിന്റെ രാജ്യം വിസ്തൃതമാക്കുന്നതിന് പര്യാപ്തമാണ്. ക്രൂശിതനായ മിശിഹായുടെ വിദ്യാലയത്തിൽവച്ചും, കഠിനയാതനകൾ അനുഭവിച്ച ദിവ്യജനനിയുടെ വിമലഹൃദയത്തിൽനിന്നും, മഗ്ദലേനാ നിഷ്കൃഷ്ടയോടെ പഠിച്ച് വിശ്വസ്തതാപൂർവ്വം അനുഷ്ഠിച്ചുപോന്ന സുകൃതങ്ങളായിരുന്നു ഈ നിയമങ്ങൾക്കെല്ലാം ആധാരം. തന്നിമിത്തം നമ്മുടെ ശത്രുവായ പിശാചു അവളെ വളരെ ദ്വേഷിക്കുകയും, അവളെ അലട്ടുവാനും ഭയപ്പെടുത്തുവാനുംവേണ്ടി അവന്റെ സകല കൗശലങ്ങളും പരമാവധി പ്രയോഗിക്കുകയും ചെയ്തു. അവൾ തന്നെത്താൻ നിയമങ്ങൾ എഴുതുകയോ, പറഞ്ഞുകൊടുത്തു എഴുതിക്കുകയോ ചെയ്താൽ, തൽക്ഷണം പുകക്കുഴലിൽക്കൂടെ ഭയങ്കരനാദം പുറപ്പെടുകയും, അതോടുകൂടെ ദിങ്മണ്ഡലത്തെ ഭേദിക്കുന്ന അലർച്ചയും അട്ടഹാസവുംകൊണ്ടു അന്തരീക്ഷം മുഖരിതമാകുകയും ചെയ്തിരുന്നു. ഈ വിധത്തിലായിരുന്നു നാരകീയ കിങ്കരന്മാർ ഈ നാരീമണികളെ ഭയപ്പെടുത്തിയിരുന്നത്.

ഒരു ദിവസം വലിയ ഒരു കറുത്ത നായ് അവളോടു എതിത്തു. കത്തിക്കാളുന്ന കൽക്കരിപോലെ ആയിരുന്നു അതിൻെറ കണ്ണുകൾ. അതു മഗ്ദലേനായുടെ എതിരെവന്നു്, അവളെ കടിച്ചു കഷണംകഷണമായി കീറിക്കളയുമെന്ന മട്ടിൽ ഓടി അടുത്തു. അവൾ ധൈര്യപൂർവ്വം അതിനെ ആട്ടി ഓടിച്ചപ്പോൾ അതു് അപ്രത്യക്ഷമായി. അനന്തരം ഇതുകണ്ടു് കിടുകിടെ വിറച്ചിരുന്ന കൂട്ടുകാരിയുടെ പക്കലേക്കു തിരിഞ്ഞു് അവൾ ഇങ്ങനെപറഞ്ഞു: "പിശാചു നമ്മോടു കോപിച്ചിരിക്കുകയാണു്. അവനു കഴിവുണ്ടായിരുന്നെങ്കിൽ ഈ നിയമങ്ങൾ എഴുതുന്നതു അവൻ നിറുത്തിക്കളയുമായിരുന്നു. ഏതായാലും സഹോദരി ഒന്നും പേടിക്കേണ്ടാ; ധീരതയോടെ എഴുതിക്കൊള്ളുക.

വേറൊരുദിവസം ധനാഢ്യയായ ഒരു സ്ത്രീ മഗ്ദലേനായുടെ സ്ഥാപനത്തിലുള്ള സാധുക്കൾക്കുവേണ്ടി ഒരു സംഭാവന നൽകുവാൻ വന്നപ്പോൾ പിശാചു് "ശപിക്കപ്പെട്ട പ്രഭ്വീ, നിൻെറ പ്രവൎത്തനങ്ങൾമൂലം നീ എന്നെ എല്ലായ്പോഴും പീഡിപ്പിക്കുന്നു" എന്നു് അമൎഷത്തോടെ അലറി. ഇങ്ങനെ ധൈര്യവതിയായ മഗ്ദലേനായുടെനേരെ പിശാചു് കോപവെറിപൂണ്ടതു തന്നെയായിരുന്നു നമ്മുടെ കഥാനായികയുടെ ഏററം വലിയ പ്രശംസ.

രോഗികളായ സഹോദരികളെ യഥാവിധി ചികിത്സിക്കുന്നതിനും പരിചരിക്കുന്നതിനും, വേണ്ടിവന്നാൽ, പള്ളിയിലെ തിരുപ്പാത്രങ്ങൾപോലും വിൽക്കണമെന്നു് അവൾ സഭയുടെ നിയമസംഹിതയിൽ നിഷ്കൎഷിച്ചിരിക്കുന്നു. ആതുരജനങ്ങളോട് അവൾക്കുണ്ടായിരുന്ന അനുകമ്പ എത്രമാത്രമെന്നു് അതിൽനിന്നു ഏകദേശം അനുമാനിക്കാം. "നിങ്ങളിൽ സ്നേഹത്തിൻെറ അഭാവം കാണുന്നെങ്കിൽ ദുഃഖാധിക്യത്താൽ ഞാൻ മരിക്കും" എന്നത്രെ അവൾ ആശ്രമവാസികളോടു പറഞ്ഞിട്ടുള്ളതു്. ഇവിടെയാണു് പരസ്നേഹത്തിൻെറ പാരമ്യം, അഥവാ ഉപവിയുടെ ഉഗ്രത, നമുക്കു് ദൃശ്യമാകുന്നതു്.

## ഇതരസ്ഥാപനങ്ങൾ.

മഗ്ദലേനാ മിലാനിൽവച്ചു ഡുറിനി പ്രഭ്വിയുമായി (Countess Durini) പരിചയപ്പെട്ടു. അന്നുമുതൽ അവർ ഇരുവരും ആത്മമിത്രങ്ങളെപ്പോലെയാണ് വർത്തിച്ചുവന്നത്. മഗ്ദലേനായുടെ പരോപകാരപ്രവൃത്തികളെക്കുറിച്ച് നേരിട്ടറിയുന്നതിന് പ്രഭ്വി അവർകൾക്കു ഇടയായി. തൻമൂലം മഗ്ദലേനായെക്കുറിച്ച് അവൾക്കു വലിയ മതിപ്പും ബഹുമാനവും ഉണ്ടായി. ഉപവിയുടെ പുത്രികളുടെ നിയമസംഹിതയെപ്പറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടുവല്ലോ. ആ നിയമങ്ങൾ തിരുസ്സഭാദ്ധ്യക്ഷനാൽ അംഗീകൃതങ്ങളായി എന്നു കേട്ടയുടനെ 'ഡുറീനി' അവളുടെ ചില സ്നേഹിതകളായ ഭക്തസ്ത്രീകളോടുകൂടെ മിലാനിൽ ഒരു മഠം സ്ഥാപിക്കുവാൻ മഗ്ദലേനായെ അങ്ങോട്ടു ക്ഷണിച്ചു.

ഈ ക്ഷണം അനുസരിച്ച് ആയിരത്തെണ്ണൂററിപതിനാറാം വർഷം (1816) ജൂലായ്മാസം എട്ടാംതീയതി വേനൽക്കാലത്തിലെ പ്രകൃതിസുന്ദരമായ ഒരു ദിവസം ധന്യയായ മഗ്ദലേനായും, ക്രിസ്റ്റീനപിലോട്ടി, ആഞ്ചെലസിമയോനി, ഡൊമെനിക്കാഫച്ചിയോളി എന്നീ സഹപ്രവർത്തികകളുംകൂടി ലൊംബാർഡിയിലെ തലസ്ഥാനനഗരത്തിൽതന്നെ ആദ്യത്തെ കന്യകാമഠം ഉൽഘാടനംചെയ്തു. മഗ്ദലേനായുടെ ആഗമനം ആ നഗരിയിലെ നാരീജനങ്ങൾക്ക് ഒരു പുണ്യവതിയെ ലഭിച്ചാലുള്ളതുപോലെയുള്ള ആനന്ദം ഉളവാക്കി. അവിടെയുണ്ടായിരുന്ന സാധുലക്ഷങ്ങൾ അവളെ സ്വന്തം അമ്മയെപ്പോലെ ആയിരുന്നു പരിഗണിച്ചത്. ഈ സ്ഥാപനത്തിൻെറ ശ്രുതി ബെർഗാമൊ (Bergamo) എന്ന സ്ഥലംവരെയുള്ള ജനങ്ങളുടെ ഇടയിൽ പ്രചരിച്ചു. അവർ വിശുദ്ധ കുരിശിൻെറ ആശ്രമം മഗ്ദലേനായ്ക്കു ദാനമായി കൊടുത്തു. ആയിരത്തെണ്ണൂററി ഇരുപത്തൊന്നിൽ (1821) ഒരു സംഘം കനോസ്യൻ സഹോദരികൾ അവിടേക്കു പോയി. ജോസെഫൈയിൻ റോസ്മിനി (Josephine Rosemini) എന്ന കന്യക ഒരു കുലീന കുടുംബജയും, ധനാഢ്യയും ആയിരുന്നു. ഇവൾ ഇതിനകം കനോസ്യൻ സഭയിൽ പ്രവേശിച്ച് സന്യസ്തജീവിതം അനുഷ്ഠിച്ചുപോന്നിരുന്നു. അവളുടെ അഭിലാഷഫലമായിരുന്നു ട്രെൻറ (Trent) എന്ന സ്ഥല

ത്തു് സ്ഥാപിതമായ അഞ്ചാമത്തെ കന്യകാമഠം. അനന്തരകാലങ്ങളിൽ ക്രെമോനാ (Cremona) ബ്രേഷ്യ (Breseia) ക്രേമാ (Crema) ബസ്സാനോ (Bassano) ട്രെവിസോ (Treviso) മോൻസ്സാ (Monza) റൊവാറോ (Rovato) കിയോജിയ (Chioggia) എന്നീ മഠങ്ങൾ സ്ഥാപിതങ്ങളായി. എന്നാൽ ഇവയിൽ മൂന്നെണ്ണം സഭാസ്ഥാപികയായ മഗ്ദലേനായുടെ മരണശേഷം മാത്രമെ ആരംഭിച്ചൊള്ളു.

## പുരുഷന്മാരുടെ കാര്യമോ?

മഗ്ദലേനായുടെ ജീവിതചൈതന്യം പുരുഷന്മാർക്കും പകൻകൊടുക്കുന്നതിനു അവൾ മടിച്ചില്ല. ആവിലായിലെ വിരകന്യകയായ ഈശോയുടെ വിശുദ്ധ ത്രേസ്യാമ്മപ്പോലെ, അവളും പുരുഷന്മാർക്കുവേണ്ടി ഒരാശ്രമം ഏൎപ്പെടുത്തുവാൻ നിശ്ചയിച്ചു. വിജ്ഞാനത്തിലും വിശുദ്ധിയിലും അഗ്രഗണ്യരായ ചിലരുടെ ആലോചനയോടും അവഗാഢമായ ചിന്തയോടുംകൂടിയാണ് അവൎക്കായുള്ള നിയമങ്ങൾ അവൾ ക്രോഡീകരിച്ചതു്. ഭാഗ്യസ്മരണാർഹനായ പതിനാറാം ഗ്രിഗോരിയൂസ് പാപ്പായുടെ അംഗീകാരവും അവൎക്കു ലഭിച്ചു. എന്നാൽ ഈ നിയമങ്ങൾ അനുസരിച്ചുള്ള ഒരു സന്യാസജീവിതം ആദ്യമായി അശ്ലേഷിച്ചതു് വെനീസിൽ സെൻറ് ലൂഷ്യാ എന്ന സ്ഥലത്തുണ്ടായിരുന്ന രണ്ടുപേർ മാത്രമായിരുന്നു. കരകൗശലത്തിൽ ഏൎപ്പെട്ടിരുന്ന വെറും അശാരിമാരായിരുന്നു അവർ. അവരിൽ ഒരാൾ മാത്രമെ ആ ജീവനാന്തം സഭയിൽ നിലനിന്നൊള്ളു. അവർ ഞായറാഴ്ചതോറും നടത്തിയിരുന്ന സ്ക്കൂളുകളിൽ കുട്ടികളും യുവാക്കന്മാരും തടിച്ചുകൂടി. അവൎക്കെല്ലാം വലിയ ആത്മീയാനുകൂല്യങ്ങൾ ചെയ്യുവാൻ അവൎക്കു സാധിച്ചു.

അങ്ങനെ കുറേക്കാലം കഴിഞ്ഞു. മഗ്ദലേനാ വിതച്ച ഈ ഗോതമ്പുമണി മണ്ണിൽകിടന്നു് മുളച്ചു തഴച്ചുവളൎന്നു ഫലം പുറപ്പെടുവിക്കാതെ ഒരു നൂററാണ്ടു കടന്നുപോയി. എന്നിട്ടും ആ വിത്തു് കേടുകൂടാതെ സംരക്ഷിക്കപ്പെട്ടതു് അതിനെ വിതച്ച മഗ്ദലേനാ സ്വൎഗ്ഗത്തിൽനിന്നും വൎഷിച്ച അനുഗ്രഹാംഭസ്സുകൊണ്ടല്ലായിരുന്നു എന്നു ആർ സംശയിക്കും? അതു പുരോഗമിച്ചു വളൎന്നു് അനേകം സൽഫലങ്ങളെ ഉൽപാദിപ്പിച്ചിട്ടുണ്ടു്. എന്തു



പുരുഷന്മാക്കായുള്ള സ്ഥാപനം മഗ്ദലേനാ
സന്ദർശിക്കുന്നു.

(P. 48.)

കൊണ്ടെന്നാൽ ഇപ്പോൾ കനോസ്സൻ സഭയിലെ വൈദികരും സഹോദരന്മാരും സംഖ്യാതീതമാണ്. അവർമൂലം ക്രിസ്തുവിൻെറ രാജ്യം ഉത്തരോത്തരം വിസ്തൃതമായി തീരട്ടെ.

## കത്തിയും കൈത്തോക്കും.

മിലാനിലുള്ള ഒരു യുവതിയെ മഗ്ദലേനാ മാനസാന്തരപ്പെടുത്തുകയും, അതോടുകൂടി ആദ്ധ്യാത്മിക ജീവിതത്തിൽ ഒരടി മുമ്പോട്ടു വയ്ക്കുന്നതിന് അവൾക്ക് നവ്യമായ പ്രചോദനം ലഭിക്കുകയും ചെയ്തു. എന്നാൽ മനുഷ്യ ദൗർബല്യത്താൽ അവൾ വീണ്ടും പാപത്തിൽ വീണു. ഇത് മഗ്ദലേനായുടെ ഹൃദയത്തെ നിഷ്ഠുരണം ഭേദിക്കതന്നെ ചെയ്തു. അതുകൊണ്ട് അവൾ ആ യുവതിയെ വിളിച്ചുവരുത്തി എന്തുകൊണ്ടാണ് നല്ല ദൈവത്തെ വീണ്ടും ഉപദ്രവിച്ചതെന്നു ചോദിച്ചു. "അയ്യോ! അമ്മേ! ആ ദ്രോഹിയുടെ ദുഷ്പ്രേരണകൾക്ക് ആദ്യം ഞാൻ വശംവദയായില്ല. പിന്നീട് അവൻ എന്നെ വധിക്കുമെന്നുപറഞ്ഞ് ഭീഷണിപ്പെടുത്തി. തൽക്ഷണം അവൻ എൻെറ കഴുത്തിൽ കത്തിവച്ചിരിക്കുന്നതു ഞാൻ കണ്ടു. അപ്പോൾ ഞാൻ സമ്മതിച്ചുപോയതാണ്." എന്നുത്തരിച്ചു. അപ്പോൾ മഗ്ദലേനാ അവളോട് "സാധുബാലിക! നിനക്ക് അല്പം സമയംകൂടെ എതിർത്തു നിൽക്കാൻ പാടില്ലായിരുന്നോ? എങ്കിൽ ഇപ്പോൾ ചാരിത്ര്യശുദ്ധി അന്യൂനമായി സംരക്ഷിച്ചതുകൊണ്ട് രക്തസാക്ഷിണികളായ വിശുദ്ധരെപ്പോലെ നിനക്കും സ്വർഗ്ഗത്തിൽ സമുചിതമായ ഒരു സ്ഥാനം കരസ്ഥമാക്കാമായിരുന്നല്ലോ!! എന്നു പറഞ്ഞു.

യുവാക്കൾ സന്മാർഗ്ഗനിഷ്ഠയുള്ളവരായി ജീവിക്കുന്നതിനു മഗ്ദലേനാചെയ്ത പ്രവർത്തനങ്ങളിൽ അവൾ എത്രമാത്രം ധൈര്യം പ്രദർശിപ്പിച്ചിരുന്നു എന്ന് താഴെ കാണുന്ന സംഭവത്തിൽ നിന്ന് വിശദമാകാതിരിക്കയില്ല.

അവൾ മിലാനിലായിരിക്കുമ്പോൾ അവിടെ ഒരു യുവാവ് ഒരു യുവതിയിൽ അനുരക്തനായിരിക്കുന്നു എന്നും നിർഭാഗ്യവശാൽ അവരിരുവരും ഒരേ കെട്ടിടത്തിലായിരുന്നു താമസിച്ചിരുന്നതെന്നും അറിയുവാനിടയായി. ആ യുവാവറിയാതെ അവൾ ആ യുവതിയെ സുരക്ഷിതമായ മറെറാരു സ്ഥലത്തേയ്ക്കു മാററി. അതിനു കാരണം മഗ്ദലേനാ ആണെന്ന് അവൻ ഗ്രഹിച്ചപ്പോൾ

അവനു കോപം സഹിക്കവയ്യാതെയായി. ആ അമഷത്തോടെ അവൻ ആശ്രമത്തിലേക്ക ഓടി. അവിടെ ചെന്നപ്പോൾ മഗ്ദലേനാ ഏകാകിനിയായി അവിടെ ഒരിടത്തു നിൽക്കുന്നതു അവൻ കണ്ടു. ആ യുവതിയെ എവിടെയാണ് താമസിപ്പിച്ചിരിക്കുന്നതെന്നു പറയുവാൻ അവൻ ഉദ്വേഗപൂർവ്വം അവളോടാവശ്യപ്പെട്ടു. "അവളുടെ വാസസ്ഥലം നിന്നെ അറിയിക്കയില്ല" എന്നു് മഗ്ദലേനാ സൗമ്യഭാവത്തിൽ പറഞ്ഞു. ഇതുകേട്ടപ്പോൾ ആ യുവാവിൻെറ കോപത്തിനു് അതിരില്ലെന്നായി. അവൻ നഖശിഖാന്തം വിറച്ചുതുടങ്ങി. അവൻെറ ഭാവംമാറി. ഉത്തരക്ഷണത്തിൽ അവൻ തൻെറ കൈവശമുണ്ടായിരുന്ന കൈത്തോക്ക എടുത്തു് "അവളുടെ താമസസ്ഥലം അറിയിക്കാത്തപക്ഷം ഇതിപ്പോൾ നിൻെറ നേരെ പ്രയോഗിക്കും എന്നു പറഞ്ഞു് മഗ്ദലേനായുടെ നേരെ നീട്ടി. തോക്ക കണ്ടതുകൊണ്ട് അവൾക്ക തെല്ലും ചാഞ്ചല്യമുണ്ടായില്ല. "അതിനു നിനക്ക ധൈര്യമുണ്ടോ? എന്നെ വധിക്കണമെങ്കിൽ ഇതാ ഞാൻ ഇവിടെത്തന്നെ നിൽക്കുന്നു. യഥേഷ്ടം പ്രവൎത്തിച്ചുകൊള്ളുക. പക്ഷേ എന്നെ കൊന്നാലുംശരി, അവൾ എവിടെയാണെന്നു് നിന്നോടു ഞാൻ പറയുകയില്ല" എന്നു് മാത്രം മഗ്ദലേനാ പതിഞ്ഞ സ്വരത്തിൽ പ്രതിവചിച്ചു. അവളുടെ ഈ ധൈര്യം കണ്ടപ്പോൾ കോപാക്രാന്തനായ യുവാവ് ആശ്ചര്യഭരിതനായി. അവൻെറ കൈകൾ കുഴഞ്ഞു; അവനറിയാതെ തോക്ക താഴെവീണു. അവൻ അതെടുത്തു് മഗ്ദലേനായ്ക്കു കൊടുത്തശേഷം, തൽക്ഷണംതന്നെ ഒരക്ഷരംപോലും മിണ്ടാതെ അവിടെനിന്നും പൊയ്ക്കളഞ്ഞു. പിന്നീട് അവനുവേണ്ടി ദൈവം ഒരത്ഭുതം പ്രവൎത്തിക്കകയുണ്ടായി. കുറെ ദിവസം കഴിഞ്ഞു് അവൻ ആശ്രമത്തിലേക്ക തിരിച്ചു വന്നു് അവളോടു ക്ഷമാപണം ചെയ്തു. പിന്നീട് ഒരു വൈദികനെ കാണണമെന്നു് അവൻ ആവശ്യപ്പെട്ടു. അദ്ദേഹത്തോടു് അവൻെറ തെറ്റുകൾ ഏറ്റുപറഞ്ഞു് കൃതാൎത്ഥനായി മടങ്ങിപ്പോയി.



കൈത്തോക്ക് കാണിച്ചുകൊണ്ടു്
മഗ്ദലേനായെ ഭയപ്പെടുത്തുന്നു.

(P. 50.)

## കുട്ടികൾ എൻെറ പക്കൽ വരുവാനനുവദിക്കുക

കുട്ടികൾക്ക് കാരുണ്യവാരാന്നിധിയായ ഒരു മാതാവായിരുന്നു മഗ്ദലേനാ. അവരെ സ്നേഹിക്കുന്നതും പഠിപ്പിക്കുന്നതും ഒരു ബഹുമതിയായിട്ടാണ് അവൾ വിചാരിച്ചിരുന്നത്. അവരുടെ സന്താപത്തിലും സന്തോഷത്തിലും അവൾ പങ്കുകൊണ്ടു. അവരുടെ ആവലാതികൾ അനുകമ്പാപൂർവ്വം ശ്രവിച്ചിരുന്നു. മഗ്ദലേനായുടെ സഹവാസവും സാന്നിദ്ധ്യവും കുട്ടികൾക്ക് അതീവ പ്രിയംകരമായിരുന്നു. അവൾ അവരോടൊന്നിച്ച് ലീലാവിനോദങ്ങളിൽ ഏർപ്പെട്ട് സമയം കളഞ്ഞിരുന്നത് മററു കന്യകമാർ കാണുമ്പോൾ, അവർ കുട്ടികളെ പറഞ്ഞുവിടുവാൻ തുടങ്ങും. പണ്ടൊരിക്കൽ ദിവ്യഗുരുവിൻെറ സന്നിധിയിൽ പൈതങ്ങളെ തൊട്ടനുഗ്രഹിക്കുന്നതിനു കൊണ്ടുവന്ന സ്ത്രീകളെ ശകാരിച്ച് പറഞ്ഞയയ്ക്കാൻ ഒരുമ്പെട്ട ശിഷ്യരെപ്പോലെ, മഗ്ദലേനായുടെ ശിഷ്യകളിൽ ഒരുവളായ ക്രിസ്റ്റിന പിലോട്ടിയും പൈതങ്ങളെ പറഞ്ഞയയ്ക്കാൻ ഉദ്യമിച്ചിരുന്നു. അപ്പോൾ മഗ്ദലേനാ ആ സഹോദരിയോട് ഇങ്ങനെയാണ് പറഞ്ഞുവന്നിരുന്നത് "അവരെ പറഞ്ഞയയ്ക്കരുത്; അവർ എൻെറ പക്കൽ വരുവാൻ അനുവദിക്കുക, അവർക്കായിട്ടാണ് ഞാൻ നിലകൊള്ളുന്നത്." ഹാ! മാതൃസ്നേഹം വഴിഞ്ഞൊഴുകുന്ന മൊഴികൾ.

മഗ്ദലേനാ കുട്ടികളെ അതീവം സ്നേഹിച്ചിരുന്നുവെന്ന് അവക്കും അറിയാമായിരുന്നതുകൊണ്ട് അവൾ പോകുന്നിടത്തെല്ലാം അവരും അനുഗമിച്ചിരുന്നു. കുഞ്ഞുപൈതങ്ങളുടെ പിഞ്ചുകൈകൾ പിടിച്ച് ഓരോരുത്തരോടും സ്നേഹമസൃണമായ ചില വാക്കുകൾ പറഞ്ഞ് അവരിൽ ഏററം വൃത്തിഹീനരായവരെ നോക്കി അവൾ തിരിഞ്ഞെടുക്കും. അനന്തരം ക്രിസ്റ്റീനായെ വിളിച്ചു പറയും. "നോക്കുക, ക്രിസ്റ്റീനെ! ഇവരാണ് എൻെറ കൊട്ടാരത്തിലെ പ്രധാന ഉദ്യോഗസ്ഥന്മാരും പരിവാരങ്ങളും." ഏററം ദരിദ്രരും പരിത്യക്തരും ആയവരോടായിരുന്നു അവൾക്കു കൂടുതൽ സ്നേഹം. അവളുടെ സഭാംഗങ്ങളിൽ ആര് മിശിഹായുടെ ദരിദ്രരിൽ ഏററം പരിത്യക്തരെ അധികം സ്നേഹിച്ചിരുന്നോ, അവരെയാണ് മഗ്ദലേനായും ഏററം സ്നേഹിച്ചിരുന്നത്.

## ദരിദ്രരെ മാത്രമോ?

ദരിദ്രരുടെ മാത്രമല്ല, സമ്പന്നന്മാരുടെ സന്താനങ്ങളുടെ നേക്കം അവളുടെ സവിശേഷമായ ശ്രദ്ധയും സ്നേഹവും തിരിഞ്ഞിരുന്നു. അതുകൊണ്ടാണ് അവൾ സ്ഥാപിച്ച കന്യകാലയങ്ങളോടനുബന്ധിച്ച് അവക്കുവേണ്ടി ബോർഡിങ്ങ് സ്ക്കൂളുകളും ആരംഭിച്ചതു്. പരിശീലനം ലഭിച്ച പല അദ്ധ്യാപികകളും അവളുടെ കീഴിൽ ഉണ്ടായിരുന്നു. അവർ സ്വന്തം കുഗ്രാമങ്ങളിലേക്ക് മടങ്ങി ചെല്ലുമ്പോൾ മഗ്ദലേനായിൽനിന്നു ലഭിച്ച ജ്ഞാനം മററുള്ളവക്കു പ്രദാനം ചെയ്യുന്നതിന് പ്രാപ്തരായിത്തീന്നിരുന്നു. അങ്ങനെ അവർ പരസ്നേഹപുത്രികളുടെ സഹോദരികളായി ഭവിച്ചു.

അവൾ ഏറ്റെടുത്തിയ പലവിധ പരോപകാരപ്രസ്ഥാനങ്ങളിൽ ഒന്നു്, കുലീനകുടുംബത്തിൽപ്പെട്ട ധനാഢ്യരായ സ്ത്രീകൾക്ക് ആദ്ധ്യാത്മികാഭ്യാസങ്ങൾ നൽകുക എന്നതായിരുന്നു. ഈ പ്രസ്ഥാനം ആദശ്ത്തെ സംബന്ധിച്ചിടത്തോളം നവീനമായിരുന്നില്ലെങ്കിലും പ്രവത്തനരീതിയെ സംബന്ധിച്ചിടത്തോളം തികച്ചും നവീനമായിരുന്നു എന്നു പറയാം. ഇതുകൊണ്ടു മാത്രമേ അവർക്ക് ആദ്ധ്യാത്മികജീവിതത്തിൽ പ്രബുദ്ധത പാലിക്കാനും, ദരിദ്രരോടും വേലക്കാരോടും അനുകമ്പാപൂവ്വം വത്തിക്കുവാനും സാധിക്കയുള്ളു എന്നായിരുന്നു അവളുടെ ബോധം. എന്തുകൊണ്ടെന്നാൽ അക്കാലത്തു് ദരിദ്രരേയും വേലക്കാരേയും നിന്ദിതരായിട്ടാണ് അവർ പരിഗണിച്ചിരുന്നതു്. ഈ മനസ്ഥിതി മാറുന്നതിനും ഉച്ചനീചത്വങ്ങളെ ഉച്ചാടനം ചെയ്യുന്നതിനുമുള്ള കഴിവ് ആദ്ധ്യാത്മികാഭ്യാസങ്ങൾക്കുണ്ടെന്നു് അവൾ കണ്ടതുകൊണ്ടാണ് ധനാഢ്യരായ സ്ത്രീജനങ്ങളെ ക്ഷണിക്കയും, അവർ വന്നാൽ ആശ്രമത്തിലുള്ള ഏററം വിശേഷമായ മുറികൾ അവർക്കായി സജ്ജീകരിക്കയും ചെയ്തിരുന്നതു്. അവൾതന്നെയാണ് അവക്കു ഭക്ഷണം വിളമ്പി കൊടുക്കുകയും എല്ലാ വിധത്തിലും അവരെ പരിചരിക്കുകയും ചെയ്തിരുന്നതു്. ഇങ്ങനെ ഏകാന്തധ്യാനം നടത്തുന്ന പ്രസ്ഥാനത്തിനു അവൾ ആരംഭമിട്ടു. ആ പതിവ് അവളുടെ സ്ഥാപനങ്ങളിൽ ഇപ്പോഴും പാലിച്ചുപോരുന്നുണ്ടു്. ധ്യാനാഭ്യാസികൾ സുകൃതസരണിയിൽ നടക്കേണ്ട വിധം നിർദ്ദേശിച്ചു കൊടുത്തശേഷം അവരെ സമാധാനത്തിൽ

പറഞ്ഞയക്കും. എന്നാൽ വീണ്ടും അവർ കാൽകുത്തുന്നത് വഷളായ ലോകത്തിൽതന്നെ ആയിരുന്നെങ്കിലും, ഒരിക്കൽ കനോസ്സാ ആശ്രമത്തിലെ പ്രശാന്തമായ അന്തരീക്ഷത്തിൽ അവർ പഠിച്ച സനാതനസത്യങ്ങളെ മാലിന്യംകൂടാതെ മററുള്ളവൎക്കു പകൎന്നു കൊടുക്കുന്നതിനു അവൎക്കു സാധിച്ചിരുന്നു. അങ്ങനെ നിരവധി ആളുകൾ സന്മാൎഗ്ഗത്തിൽ പുരോഗമിക്കുവാൻ അവർ കാരണമായിത്തീൎന്നു.

ഇത്തരം നന്മകൾ ദരിദ്രരായ സ്ത്രീജനങ്ങൾക്കും നൽകുവാൻ അവൾ ശ്രദ്ധിച്ചിരുന്നു. പാവപ്പെട്ടവർ ഒരുവിധ മുൻവിധിയോടുകൂടിയായിരിക്കും ആദ്യം ആശ്രമത്തിൽ വരുന്നത്. എന്നാൽ അവിടെനിന്നു പോകുന്നത്, അവരുടെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ തക്ക പരിശുദ്ധമായ വിചാരങ്ങളോടും ഉൽകൃഷ്ടതരങ്ങളായ ആദൎശങ്ങളോടുംകൂടെ ആയിരിക്കും. മഗ്ദലേനായുടെ വാക്കുകളെ അവഗണിക്കുവാനോ, ഉപദേശങ്ങളെ ധിക്കരിക്കുവാനോ, അവരിൽ ആൎക്കുംതന്നെ കഴിഞ്ഞിരുന്നില്ല. തന്നെയുമല്ല, പരഹൃദയം പാരായണം ചെയ്യുവാൻ അവൾക്കുണ്ടായിരുന്ന പ്രത്യേക പാടവംമൂലം, അവരെ സ്വാധീനപ്പെടുത്തുവാൻ അവൾക്കു നിഷ്പ്രയാസം സാധിച്ചിരുന്നു.

അതേസമയം പരസ്നേഹപരമായ അവളുടെ ഇതര പ്രവൎത്തനങ്ങളും- വിദ്യാദാനം, മതപഠനം, പ്രഥമദിവ്യകാരുണ്യവും സ്ഥൈൎയ്യലേപനവും സ്വീകരിക്കാനുള്ളവൎക്കുവേണ്ടിയുള്ള ഉപദേശങ്ങൾ, ആശുപത്രികളിൽ രോഗികളെ സന്ദൎശിക്കുക ആദിയായ കൃത്യങ്ങൾ— അനുക്രമം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു.

## പ്രേഷിതപ്രവൎത്തനം.

വിശ്വാസദീപത്തിൻെറ പ്രകാശമേൽക്കാതെ അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിടന്നിരുന്ന പ്രദേശങ്ങൾകൂടെ തൻെറ പ്രവൎത്തനപരിധിയിൽ പെടുത്തണമെന്ന് മഗ്ദലേനാ അഭിലഷിക്കാതിരുന്നില്ല. എന്നാൽ ആ കാലഘട്ടം അവളുടെ അഭിലാഷപൂൎത്തിക്കു യോജിച്ചതല്ലായിരുന്നതിനാൽ അതു സാധിച്ചില്ല. നാടും വീടുംവിട്ട് ചൈനാ ഇന്ത്യാ മുതലായ വിദൂരസ്ഥലങ്ങളിൽ പോയി സുവിശേഷഘോഷണം ചെയ്യണമെന്നുള്ള ഗുരുതരപ്രശ്നം അവളെ തുറിച്ചുനോക്കിയിരുന്നു. അന്നു മിഷ്യൻ രംഗ

ങ്ങളെ ഈ പ്രേഷിതപ്രവീണ മനോദപ്പ്ണത്തിൽ അഭിവീക്ഷിച്ചതെയുള്ളൂ. എന്നാൽ ഇപ്പോൾ കനോസ്സാ സ്ഥാപനത്തിന്ന് ബീജാവാപം ചെയ്ത അവളുടെ അന്ത്യാഭിലാഷം ക്രമേണ സാധിതപ്രായമായിരിക്കുന്നു.

നിരവധി പ്രതിബന്ധങ്ങളെ തരണംചെയ്തശേഷം ആയിരത്തെണ്ണൂററുപതിൽ (1860) ഒരു സംഘം കനോസ്സാ മിഷനറിമാർ ഇററലിയിൽനിന്നു ചൈനായിലെ ഹോങ്കോങ്ങിലേയ്ക്ക് യാത്രയായി. ഹോങ്കോങ്ങ് ആസ്ഥാനമാക്കി അവർ മിഷ്യൻ പ്രവൎത്തനം സമാരംഭിച്ചു. ചൈനായിലെ കനോസ്സാ സ്ഥാപനം ഇന്ന് പല ശാഖാസ്ഥാപനങ്ങളോടുകൂടെ കാൎയ്യക്ഷമമായ പ്രവൎത്തനങ്ങൾ നടത്തിപ്പോരുന്നു. അവിടെനിന്നു മിഷ്യനറിമാർ ഇതര സ്ഥലങ്ങളിലേക്കും കടക്കാതിരുന്നില്ല. ആയിരത്തെണ്ണൂറെറൺപതിൽ (1880) കൊച്ചി മെത്രാനായ ഡോക്ടർ ഗോമസ് (Mgr. Gomez) തിരുമനസ്സുകൊണ്ട് ആവശ്യപ്പെട്ടതനുസരിച്ച്, ഹോങ്കോങ്ങാശ്രമത്തിൽനിന്ന് ഒരു സംഘം കന്യകകൾ ആ രൂപതയിലെത്തി. കനോസ്സാ സംഘക്കാരുടെ ഇൻഡ്യയിലേക്കുള്ള ഇദംപ്രഥമം ആയ ആഗമനമായിരുന്നു അത്. രണ്ടാമതായി ഇവരുടെ സാന്നിദ്ധ്യത്തിന്റെ സൗഭാഗ്യം അനുഭവിക്കുന്നതിന്ന് ഭാഗധേയം സിദ്ധിച്ചത്, അമേരിക്കാസ്സും, ഓഷ്യാനായിസ്സും; പിന്നീട് ആഫ്റിക്കാസ്സും, ആയിരുന്നു.

## ഊമനായ ഒരു ചെകിടൻ.

ആയിരത്തെണ്ണൂററഞ്ചാമാണ്ട് (1805) മഗ്ദലേനാ സംസാരിക്കുവാനോ കേൾക്കുവാനോ കഴിയാത്ത ഒരു കുട്ടിയെ കണ്ടു. അവന്റെ പ്രാകൃതവേഷവും, പേടിച്ചും ആശ്ചൎയ്യപ്പെട്ടുംകൊണ്ടുള്ള ചേഷ്ടകളും അവളുടെ ഹൃദയത്തെ സ്പശിച്ചു. ഒരിക്കലും സംസാരിക്കുവാനും, ദൈവത്തെ അറിയുവാനും സാധിക്കാതെ ജീവിച്ചിരുന്ന ആ ബാലൻ ഒരു ക്രിസ്തീയ കുടുംബത്തിൽപ്പെട്ടവനും, തദ്വാരാ സ്വത്തിന്ന് അവകാശിയുമായിരുന്നു. അവന്റെ ഹൃദയതലത്തിൽ വിശ്വാസത്തിന്റെ വിത്തു പാകി, സ്രഷ്ടാവായ ദൈവത്തെ സ്നേഹിക്കാനും ആരാധിക്കാനും അവനെ പഠിപ്പിക്കുവാൻ സാധിക്കയില്ലല്ലോ എന്ന് ഓൎത്ത് അവൾ ചിന്താകുലയായി.

നവമായ ഒരാശയം അവളിൽ ഉദയംചെയ്തു, അവനെ പഠിപ്പിക്കണമെന്ന്. ദുർഭഗനായ ആ ബാലന്റെ മനസ്സിൽ ദൈവത്തെക്കുറിച്ചുള്ള വിചാരം കുത്തിച്ചെലുത്തുവാൻ അവൾ ചെയ്യുന്ന യത്നം സഹോദരിയായ 'എലീനർ' ഒരിക്കൽ കാണുകയുണ്ടായി. അപ്പോൾ അവളറിയാതെതന്നെ പറയുകയുണ്ടായി: "ദൈവമേ, എന്തദ്ധ്വാനമാണു കഴിക്കുന്നതു്! എത്ര വലിയ ക്ഷമയാണു കാണിക്കുന്നതു്!" കുറെ കഴിഞ്ഞപ്പോൾ അവനു് ഏതാണ്ടെല്ലാം മനസ്സിലായി എന്ന ഭാവം മുഖത്തു സ്ഫുരിച്ചു. ദൈവത്തെക്കുറിച്ച് ചിലതെല്ലാം അവൻ ഗ്രഹിച്ചു എന്നുള്ളതു് അവന്റെ ചേഷ്ടകളും ഭാവവുംകണ്ടു് അവൾക്കു ബോദ്ധ്യമായി. തൽക്ഷണം അവൾ ആനന്ദാധിക്യത്താൽ നിലത്തു മുട്ടുകുത്തി ദൈവത്തിനു് സ്തോത്രഗീതം ആലപിച്ചു. അന്നു തുടങ്ങിയതാണു് ഊമകൾക്കും ചെകിടർക്കുംവേണ്ടി ഒരു സ്ഥാപനം ആരംഭിക്കണമെന്നുള്ള അവളുടെ ആഗ്രഹം.

ഈ സിദ്ധയുടെ പ്രവൃദ്ധമായ മാതൃവാത്സല്യവും ക്ഷമാപൂർവ്വകമായ പരിശ്രമവും അനുകരിച്ച് അവളുടെ സഹോദരികൾ ഇക്കൂട്ടർക്കായി വളരെ വിദ്യാലയങ്ങൾ തുറന്നിട്ടുണ്ടു്. അവയെല്ലാം സാമുദായികങ്ങളും ധാർമ്മികങ്ങളുമായ അവശതകളെ പരിഹരിക്കുന്നതിനു തികച്ചും പര്യാപ്തമാണു്. ഇവരെ കൂടാതെ കുരുടരും അനാഥരുമായ കുട്ടികൾ മഗ്ദലേനായുടെ പരോപകാരപരിപാടിയിൽ ഒരു പ്രത്യേക സ്ഥാനം ആർജ്ജിച്ചിട്ടുണ്ടു്.

## ദൈവസ്നേഹവും പരസ്നേഹവും.

കർത്താവിന്റെ തിരുഹൃദയത്തെ സ്നേഹിക്കുവാൻ മഗ്ദലേനാ പഠിച്ച ആദ്യദിവസം തന്നെ ആരാദ്ധ്യമായ ആ തിരുഹൃദയം ഉത്തരോത്തരം സ്നേഹിക്കപ്പെട്ടു കാണുന്നതിനുള്ള തീവ്രമായ ആഗ്രഹം അവളിൽ പ്രോജ്ജ്വലിച്ചിരുന്നു. അതുമാത്രമായിരുന്നു അവളുടെ ഏകവിചാരം. പ്രായത്തോടൊപ്പം ഈ ആഗ്രഹവും അവളിൽ വേരൂന്നി വളർന്നിരുന്നു. ഒടുവിൽ ആ സ്നേഹം അതിന്റെ പ്രകടനങ്ങളിൽ ശക്തിമത്തും, പ്രായോഗികവും, തീവ്രവും, അത്യുൽകൃഷ്ടവുമായിത്തീർന്നു. യുവതികളോടും സ്ത്രീകളോടുമുള്ള ഉപദേശങ്ങളിലും സംഭാഷണങ്ങളിലും എന്നുവേണ്ടാ അവർക്കു് അയച്ചിരുന്ന എഴുത്തുകളിൽപ്പോലും ആ ദിവ്യ ഹൃദയത്തി

ൻെറ നേർക്കുള്ള സ്നേഹം അവരിലും പ്രോജ്ജ്വലിക്കുന്നതിന് അവൾ പരിശ്രമിച്ചിരുന്നു.

ഒരിക്കൽ അവൾ ഇങ്ങനെ പറയുകയുണ്ടായി. "ഞാൻ ദൈവത്തെ സ്മരിക്കുകയോ, അവിടത്തെ തിരുനാമം ശ്രവിക്കുകയോ ചെയ്യുമ്പോഴെല്ലാം സൌന്ദര്യത്തിൻെറയും സംശുദ്ധിയുടെയും സമുദ്രത്തിൻെറ അടിത്തട്ടിലേയ്ക്കു് ആണ്ടുപോകുമായിരുന്നു. ദൈവമാണ് എനിക്ക് തുണ. അതുകൊണ്ട് എല്ലാം എനിക്ക് നഷ്ടീഭവിച്ചാലും അവയെല്ലാം വീണ്ടും അങ്ങയിൽ കണ്ടെത്താൻ കഴിയും. ഓ, ഈശോ! അങ്ങേയ്ക്കു നൽകുന്നതിന്ന് ഒന്നല്ല ആയിരം ഹൃദയം എനിക്കുണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. എന്തുകൊണ്ട് മനുഷ്യർ ഈശോയെ അറിയുകയോ സ്നേഹിക്കുകയോ ചെയ്യുന്നില്ല? എന്തിനവർ അങ്ങയെ ഉപദ്രവിക്കുന്നു? ഹാ കുഞ്ഞുമക്കളെ, ഈശോ എല്ലാവരാലും അറിയപ്പെടുവാൻ ഇടയാക്കുക. ഇതായിരിക്കട്ടെ നിങ്ങളുടെ പ്രധാനജോലി. അപ്പോൾ മനുഷ്യർ അങ്ങയെ ഉപദ്രവിക്കാതെ അവിടുന്നു എല്ലാവരുടെയും, സ്നേഹഭാജനമായി ഭവിയ്ക്കും."

അവൾക്കു ദൈവത്തിൻെറ നേർക്കുണ്ടായിരുന്ന സുദൃഢസ്നേഹത്തിൻെറ അവശ്യഘടകം എന്നപോലെ അയൽക്കാരൻെറ നേർക്കു അന്ന്യനസ്നേഹം ഉണ്ടായിരുന്നു. രോഗിണികളായ സഭാംഗങ്ങളെ പീഡകൾ സഹിക്കുന്ന മിശിഹായുടെ പ്രതിഛായകളായിട്ടാണ് അവൾ പരിഗണിച്ചിരുന്നതു്. "അവർക്കു വല്ല മുട്ടുപാടും നേരിട്ടാൽ ഞാൻ മരിക്കുകതന്നെ ചെയ്യും." എന്നവൾ പലപ്പോഴും പറയാറുണ്ടായിരുന്നു. ദൈവസ്നേഹത്തിൽ സേറഫിം മാലാഖാമ്മാർക്കു തുല്യം ജീവിച്ചിരുന്ന ആവിലായിലെ വിശുദ്ധ ത്രേസ്യായുടെ കാലത്തായിരുന്നു മഗ്ദലേനായും ജീവിച്ചിരുന്നതെങ്കിൽ, തീർച്ചയായും ഇരുവരുംകൂടി ലോകത്തെ ദൈവസ്നേഹമാകുന്ന അഗ്നിക്കിരയാക്കുമായിരുന്നു എന്നു അവളെക്കുറിച്ച് ആശ്ചര്യഭരിതനായി ഒരാൾ ചെയ്ത പ്രസ്താവം എത്ര വാസ്തവമായിരിക്കുന്നു!

## ജീവിത സായാഹ്നം.

ആഴിയുടെ ആഴത്തിൽ മുങ്ങിപ്പോകുകയോ ഉത്തുംഗമായ ഗിരിശൃംഗത്തിൻെറ പുറകിൽ മറഞ്ഞുപോകുകയോ ചെയ്യുന്ന



മഗ്ദലേനായുടെ ഭാഗ്യമരണം.

(P. 57.)

സൂര്യനും; മരണശയ്യയിൽക്കിടന്ന് വിരഹ ദുഃഖത്തോടുകൂടെ ന മ്മെ വീക്ഷിക്കുന്ന ഒരു സ്നേഹഭാജനവും; സ്വർഗ്ഗത്തിലേക്കു പോകു ന്നതിന് ലോകബന്ധനത്തിൽനിന്ന് വിമോചിതനാകാൻ വെ മ്പൽകൊള്ളുന്ന ഒരു വിശുദ്ധനും; സന്താപോദ്ദീപകമാണ്. താദൃ ശ്യദുഃഖം ഭാവിപ്രകാശത്തിനും, പ്രതാപത്തിനും, സമാധാനത്തി നും, സൗഭാഗ്യത്തിനും നിദാനമായി നിലകൊള്ളുമെന്ന് നമുക്ക റിയാം. എന്നിരുന്നാലും അവയെല്ലാം ദുഃഖകാരണങ്ങളത്രെ. ത ന്നിമിത്തം മുങ്ങിമറഞ്ഞുപോകുന്ന സൂര്യബിംബം കുറച്ചു നേരത്തേ ക്കുകൂടി പ്രകാശം വീശിയിരുന്നെങ്കിൽ! എന്നു നാം ആഗ്രഹിക്കാ റുണ്ട്. പരസ്നേഹപുത്രികളുടെ സഭാസ്ഥാപികയായ മഗ്ദലേനാ യുടെ ജീവിത സായാഹ്നം സമാഗതമാകാറായി എന്നറിഞ്ഞ പ്പോൾ, ഏവംവിധങ്ങളായ വിചാരവീചികളായിരുന്നു ആ സ ഭാംഗങ്ങളുടെ ഹൃദയതലത്തിൽ തിരതല്ലിയിരുന്നത്.

മഗ്ദലേനാ രോഗശയ്യാവലംബിയായി. അവളുടെ ആരോ ഗ്യം അടിക്കടി ക്ഷയിച്ചുകൊണ്ടിരുന്നു. നിരന്തരം അവളെ ബാ ധിച്ചിരുന്ന ചുമയും, ശ്വാസം വലിക്കുമ്പോൾ നേരിട്ടിരുന്ന വിഷ മതയും അവളുടെ ക്ഷീണത്തെ വദ്ധിപ്പിച്ചു. അതികഠിനമായ യാതനകൾക്കിടയ്ക്കു വല്ല സ്ഥലത്തും കിടക്കുന്നതിനുപോലും അ വൾക്ക് സാധിച്ചില്ല. കാരണം, സഭാനിയമങ്ങൾക്കനുസൃതമാ യി സഹോദരികളെ രൂപവത്കരിക്കുന്നതിനും, സഭയുടെ ചൈ തന്യം ശക്തിപ്പെടുത്തുന്നതിനുംവേണ്ടി അപ്പോഴും ചില യാത്ര കൾ ചെയ്യുവാൻ അവൾ നിർബന്ധിതയായി. ചിലപ്പോൾ കാ ലാവസ്ഥയുടെ പ്രതികൂലസാഹചര്യങ്ങളിലും അവൾ യാത്രചെ യ്യേണ്ടിവന്നു. ആയിരത്തെണ്ണൂററിമുപ്പത്തഞ്ചാം (1835) മാണ്ടിലെ വർഷകാലത്തിൽ അവളുടെ രോഗം അപകടനിലയിലെത്തി. അപ്പോൾ അവൾ ബെർഗാമൊ (Bergamo) ആശ്രമത്തിലായി രുന്നു താമസിച്ചിരുന്നത്. അല്പം സുഖം പ്രാപിച്ചപ്പോൾ വെ റോനായിലേയ്ക്കു പോകണമെന്ന് അവൾ ആവശ്യപ്പെട്ടു. തദ വസരത്തിൽ തങ്ങളോടുകൂടി താമസിക്കണമെന്ന് സഹോദരി കൾ അവളെ നിർബന്ധിച്ചതിന് "എനിക്കു വെറോനായിലേയ്ക്കു പോകണമെന്നു" അവൾ ഉന്നിപ്പറയുകയാണുണ്ടായത്.

അങ്ങനെ മഗ്ദലേനാ മാർച്ചു മാസം ഒടുവിൽ സെൻറ് സ്റ്റെനൊ എന്ന സ്ഥലത്തു വന്നെത്തി. പക്ഷേ ഏപ്രിൽ അഞ്ചാം തിയതി സുഖക്കേട് അതികലശലായി. അപ്പോൾ വൈദ്യന്മാരു

ടെ അഭിപ്രായത്തിനെതിരായി അന്ത്യക്രൂദാശകൾ സ്വീകരിക്കണമെന്ന് അവൾ തന്നെ ആവശ്യപ്പെട്ടു. വൈദികൻ 'തിരുപാഥേയം' മുറിയിൽ കൊണ്ടുവന്നപ്പോൾ അവൾ തറയിൽ മുട്ടുകുത്തി. ആരെ അവൾ ആയുരന്തം പ്രാണതുല്യം സ്നേഹിക്കുകയും, ആർക്ക് അവൾ വിശ്വസ്തതാപൂർവ്വം സേവനം അനുഷ്ഠിക്കുകയും ചെയ്തുവോ, ആ ദിവ്യരക്ഷകനെ മഹാ ഭക്തിയോടും സ്നേഹത്തോടുകൂടി അവൾ അവസാനമായി സ്വീകരിച്ചാശ്ലേഷിച്ചു.

അനന്തരം അവൾ സഹോദരികളെ എല്ലാവരെയും വിളിച്ച് അവരെ സാന്ത്വനപ്പെടുത്തിയശേഷം ചില പ്രധാന കാര്യങ്ങളെ സംബന്ധിച്ച് കാര്യദർശിനിക്കു അവസാന നിർദ്ദേശങ്ങളും നൽകി. മഗ്ദലേനായുടെ ബോധതെളിവുകണ്ട് സാധുക്കളുടെ തീവ്രമായ പ്രാർത്ഥനമൂലം സ്വർഗ്ഗത്തിൽനിന്ന് ഉത്തരം അവൾക്കുവേണ്ടി പ്രാപിക്കാമെന്ന് സഹോദരികൾ എല്ലാവരും പ്രതീക്ഷിച്ചു. പക്ഷേ മഗ്ദലേനാ മന്ദസ്മിതം തൂകിക്കൊണ്ട് പറഞ്ഞു. "വെള്ളിയാഴ്ച വ്യാകുലമാതാവിന്റെ തിരുനാളാണ്. ദൈവജനനിയോടുകൂടി ആ മഹാമഹം ആഘോഷിക്കുവാൻ എനിക്ക് സ്വർഗ്ഗത്തിൽ പോകണം."

അപ്രകാരം തന്നെ സംഭവിക്കയും ചെയ്തു. മരിക്കുന്നതിന് അല്പം മുൻപ് നന്മനിറഞ്ഞ മറിയം എന്ന ജപം മൂന്നുപ്രാവശ്യം ചൊല്ലിക്കൊടുക്കണമെന്നുള്ള അവളുടെ ആഗ്രഹം നേരിയ സ്വരത്തിൽ അവൾ അറിയിച്ചു. അന്ന റിസ്സി (Anna Rezzi) എന്ന സഹോദരിയുടെ സഹായത്തോടുകൂടെ അവൾ ആരംഭിച്ചു രണ്ടാം പ്രാവശ്യം അതു ചൊല്ലാൻ അവൾക്ക് സാധിക്കാതെയായി. ആ മുറിയുടെ ഒരു മൂലയിൽ ആരെയോ കാണുന്നതുപോലെ അല്പനേരം അവിടെ ഉററുനോക്കി. പരി. കന്യകാമറിയം ആയിരിക്കാം അവളെ ആനയിക്കാൻ അവിടെ ആഗതയായിരുന്നത്. പിന്നീട് അവൾ തലചായിച്ചു മരണമടഞ്ഞു.

## മഗ്ദലേനായുടെ മഹത്വം.

അപ്പോൾ സ്വർഗ്ഗത്തിൽ വലിയ ആനന്ദമുണ്ടായി. സ്വർഗ്ഗവാസികളെല്ലാവരും മഹാ സന്തോഷംപൂണ്ടു. രത്നഖചിതമായ സ്വർഗ്ഗകവാടത്തിൽ മഗ്ദലേനാ അവളുടെ സ്വന്തം കുടുംബത്തിൽപ്പെട്ടവളും, സ്വനാമധേയത്തോടുകൂടിയവളും, രക്തബന്ധത്തിൽ

പ്പെട്ടവളുമായ മാഹാത്മ്യമേറിയ ഒരു മഹിളാമണിയെക്കണ്ടു. കനോസ്സായിലെ മെററിൽഡാ ആയിരുന്നു അവൾ. നിത്യസൂര്യന്റെ പ്രഭാ പൂരത്തിൽ അവർ പരസ്പരം അറിഞ്ഞു. ദിവ്യ ചെമ്മരിയാടിനെ സേവിച്ച് അനുഗമിച്ചിരുന്ന ആ കന്യകകളുടെ വൻപിച്ച കൂട്ടത്തിലേക്ക് മഗ്ദലേനാ പറന്നുപോയി. പ്രശസ്യമായ അവളുടെ വിജയത്തെ സൂചിപ്പിക്കുന്ന പ്രതാപമേറിയ പനം കൈ * അവൾ ദൈവസിംഹാസനത്തിന്റെ താഴെവച്ച് നമസ്കരിച്ചു.

അങ്ങനെ ലോകത്തിൽ സേവനത്തിന്റെ മണിദീപം കൊളുത്തിയ മഗ്ദലേനാ ഇതാ നിത്യദീപത്തിന്റെ സന്നിധിയിൽ നിത്യശാന്തി പ്രാപിച്ചിരിക്കുന്നു. ദിവ്യരക്ഷകന്റെ സ്നേഹഭാജനമായ മഗ്ദലേനായുടെ മരണാനന്തരം അനേകമത്ഭുതങ്ങളാൽ അവളുടെ പുണ്യധാവള്യത്തെ അതർഹിക്കുന്നവിധം പ്രകീർത്തിക്കുവാൻ ദൈവം തിരുമനസ്സായി. മഗ്ദലേനായുടെ മൃതശരീരം ആശ്രമ കപ്പേളയിൽ പരസ്യമായി സ്ഥാപിക്കപ്പെട്ടു. നിരവധി ജനങ്ങൾ അതു സന്ദർശിച്ചു കൃതാർത്ഥതയടഞ്ഞു. മരണാനന്തരം അമ്പത്താറുമണിക്കൂറുവരെ ശരീരത്തിന് യാതൊരു മാററവും സംഭവിച്ചില്ല. മാത്രമല്ല കാണികളെ ആശ്ചര്യപരതന്ത്രരാക്കുമാറ് അതു മരവിക്കാതെ മൂർച്ഛിതദേഹംപോലെ കാണപ്പെടുകയും ചെയ്തു. സ്വർഗ്ഗീയമായ ഒരു സൌരഭ്യം അതിൽനിന്നു നിർഗ്ഗമിച്ചിരുന്നു. അവളുടെ ദിവ്യാവശിഷ്ടങ്ങൾ സന്ദർശിച്ചവർക്കെല്ലാം അവാച്യമായ ഒരു ആത്മീയ നിർവൃതി അനുഭൂതമായി. മഗ്ദലേനായുടെ മൃതദേഹം ഇന്നും വെറോനായിലെ ആശ്രമദേവാലയത്തിൽ അഭംഗമായി സൂക്ഷിക്കപ്പെടുന്നു.

ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തേഴിൽ (1927) അവളുടെ വീരോചിത സുകൃതങ്ങളെപ്പററിയുള്ള ഡിക്രി പരിശുദ്ധ പിതാവിന്റെ സന്നിധിയിൽ വായിക്കപ്പെട്ടു. ആയിരത്തിത്തൊള്ളായിരത്തി നാല്പത്തൊന്നിൽ (1941) ഇപ്പോൾ കത്തോലിക്കാ സഭയെ ഭാഗ്യമോടെ ഭരിക്കുന്ന പന്ത്രണ്ടാം പീയൂസ് പാപ്പാ അവളെ അനുഗ്രഹീത എന്നു പ്രഖ്യാപിച്ചു. ഇനി അവൾ വിശുദ്ധരുടെ കൂട്ടത്തിലേയ്ക്കുയർത്തപ്പെടുന്ന ആ സുദിനത്തിന്റെ സുപ്രഭാതത്തെ ഈ അനുഗ്രഹീതയുടെ ആത്മീയമക്കളായ സഭാം-

---

* പനം കൈ: രക്തസാക്ഷികളുടെ വിജയസൂചന.

ഗങ്ങൾ അക്ഷമരായി പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണ്. അതു കൊണ്ടു് തൽക്കാലം നമുക്കു അവളെ ഇങ്ങനെ അഭിസംബോധനം ചെയ്യാം.

അനുഗൃഹീതയായ കനോസ്സാ മഗ്ദലേനായേ! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

## റോമിലെ വി. പത്രോസിൻെറ ദേവാലയത്തിൽവച്ച് കനോസ്സാ മഗ്ദലേനായെ അനുഗൃഹീത എന്ന് പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചപ്പോൾ അവിടെ നടന്ന ആഘോഷ ചടങ്ങുകൾ.

ആയിരത്തിത്തൊള്ളായിരത്തി നാല്പത്തൊന്നാം വർഷം, (1941) അമലോത്ഭവമാതാവിൻെറ തിരുനാളിൻെറ തലേദിവസമായ ഏഴാം തീയതി കനോസ്സാ മഗ്ദലേനായെ അനുഗൃഹീത എന്നു പേരു വിളിക്കുന്നതിനുള്ള ആഘോഷപൂർവ്വമായ ചടങ്ങു വി. പത്രോസിൻെറ ദേവാലയത്തിൽ നടന്നുകൊണ്ടിരിക്കെ തത്സംബന്ധമായ വാർത്തകൾ വർത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നു. പ്രാസംഗികൻെറ വാക്കുകളും, ആഘോഷപൂർവ്വമായ ഗാനാലാപവും, പരി. പിതാവിൻെറ പ്രഖ്യാപനവും, ജനസഞ്ചയത്തിൻെറ ഹർഷാരവവും, തിങ്ങിവിങ്ങി നിന്നിരുന്ന വികാരങ്ങളോടുകൂടിയേ, ശ്രോതാക്കൾക്കു കേൾക്കാൻ കഴിഞ്ഞൊള്ളു. അടുത്തു തന്നെ നടക്കാനിരിക്കുന്ന ആ മഹാസംഭവത്തെ അഖിലലോകത്തിനും വിവിധഭാഷകളിൽ അറിയിച്ചുകൊണ്ടു് പ്രാസംഗികൻ പറഞ്ഞു.

പ്രഭാതം മുതൽ, ഇററലിയുടെ നാനാഭാഗത്തുനിന്നും, വിദൂരങ്ങളിൽനിന്നും, വൻപിച്ച ഒരു ജനക്കൂട്ടം വി. പത്രോസിൻെറ ബ്രഹ്മാണ്ഡമായ ദേവാലയത്തിലും പരിസരങ്ങളിലും തടിച്ചുകൂടിക്കൊണ്ടിരിക്കുന്നു. കർമ്മനിയന്താവ് (Master of Ceremonies) വി. പത്രോസിൻെറ സിംഹാസനത്തിനു സമീപമുള്ള പ്രധാന സ്ഥലത്തേക്കു നാല്പതിനായിരം പ്രത്യേക ടിക്കററുകൾ വിതരണം ചെയ്തു. തൽക്ഷണം അവയെല്ലാം തന്നെ വിററഴി




കനോസ്സാ മഗ്ദലേനായെ 'അനുഗൃഹീത' എന്നു പ്രഖ്യാപിച്ച
12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്.

(P. 61.)

ഞ്ഞു എന്ന് പറയേണ്ടതില്ലല്ലോ. അവിടെവച്ചായിരുന്ന വെനീസിലെ കാർഡിനൽ പേട്രീയാക്ക് അനുഗ്രഹീതയായ കനോസ്സാ മഗ്ദലേനായുടെ സ്തുതിക്കായിട്ടുള്ള പൊന്തിഫിക്കൽ കുർബ്ബാന അദ്യമായി അർപ്പിക്കുവാൻ നിശ്ചയിച്ചിരുന്നതു്.

ഒൻപതുമണി മുതൽ പത്തുമണിവരെ അടിക്കടി വർദ്ധിച്ചുകൊണ്ടിരുന്ന ജനവ്യൂഹംകൊണ്ടു് ബ്രഹ്മാണ്ഡമായ ആ ദേവാലയം നിബിഡമായി. കനോസ്യൻ കന്യകകളാൽ നടത്തപ്പെട്ടിരുന്ന വിദ്യാലയങ്ങളിൽനിന്നും, കലാലയങ്ങളിൽനിന്നും, അന്നത്തെ ചടങ്ങുകളിൽ സംബന്ധിക്കുവാനായി വന്നിരുന്നവരുടെ സംഖ്യ ഏതാണ്ടു എണ്ണായിരത്തിനും പതിനായിരത്തിനും മദ്ധ്യേ ആണ്. സഭയുടെ മദർ ജനറാളും അവരുടെ ആലോചന സമിതിയും അവിടെ അതിപ്രധാനങ്ങളായ സ്ഥാനങ്ങളിൽ ആസനസ്ഥരായി. ഓരോരോ പ്രോവിൻസുകളിലേയും സ്ഥലത്തേയും അധിപകളും അസംഖ്യം സഹോദരികളും തീർത്ഥകരും അവരുടെ ചുറ്റും സ്ഥലംപിടിച്ചു. അങ്ങനെ നവമായി അനുഗ്രഹീത എന്നു നാമകരണം ചെയ്യപ്പെടേണ്ടവളും, കുലീന കുടുംബത്തിൽ ജനിച്ചവളും ആയ കനോസ്സാ മഗ്ദലേനായുടെ ബന്ധുമിത്രങ്ങളായി അന്നു ജീവിച്ചിരുന്നവരോടുകൂടെ, പുരോഹിതശ്രേഷ്ഠനായ കർദ്ദിനാളും, വത്തിക്കാൻ മന്ദിരത്തിലെ വന്ദ്യകാനോൻമാരും, നിരവധി മെത്രാന്മാരും, മെത്രാപ്പോലീത്തന്മാരും, കർദ്ദിനാളന്മാരും, വിവിധസ്ഥലങ്ങളിൽനിന്ന് വന്നുചേന്ന ഒട്ടനേകം പട്ടക്കാരും, എല്ലാ സഭയിലുംപെട്ട വൈദികരും, അണിനിരന്നു. റോമിലുള്ള കനോസ്യൻ കന്യകാലയങ്ങളിൽനിന്നും, സ്ത്രീകൾക്കും പുരുഷന്മാർക്കുമായുള്ള മററു സന്യാസസഭകളിൽനിന്നും, അവർ പ്രതിനിധികളെ അയച്ചിരുന്നു. മാർപ്പാപ്പായുടെ അരമനകാവൽക്കാരാലും, പ്രഭുക്കന്മാരാലും, പടയാളികളാലും ആനീതരായി, അവരവർക്കു നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥലങ്ങളിൽ ഇരുന്നവരിൽ അനേകംപേർ, രാഷ്ട്രത്തിലും സഭയിലും സൈനികവകുപ്പിലും ഔന്നത്യമേറിയ സ്ഥാനങ്ങളും ബിരുദങ്ങളും സമ്പാദിച്ചിരുന്നവരായിരുന്നുവെന്ന് സംക്ഷേപിച്ചു പ്രസ്താവിക്കുവാനെ നിവൃത്തിയൊള്ളു.

മണി പത്തടിച്ചു. ഏതൊരു വ്യക്തിയുടെയും കണ്ണും കരളും കവരുന്ന നയനമോഹനമായ ആ പ്രദക്ഷിണം മന്ദം മന്ദം നീങ്ങി, ദേവാലയത്തിൽവന്നു. അന്നത്തെ കാർമ്മികനായ പാത്രി

യാക്കീസിനെ മററു കർദ്ദിനാളന്മാരും അനുഗമിച്ചിരുന്നു. ദേവാലയത്തിൽവച്ച് അപ്പസ്തോലിക പ്രോട്ടോനോട്ടറി തെളിവുള്ളതും മുഴക്കമുള്ളതുമായ സ്വരത്തിൽ കനോസ്സാ മഗ്ദലേനായെ അനുഗ്രഹീത എന്നു നാമകരണം ചെയ്യതിൻെറ കല്പന (Decree) വായിച്ചു. അതോടുകൂടെ അവരുടെ വീരോചിതമായ പുണ്യങ്ങളെപ്പററിയുള്ള ഒരു വിശദവിവരണവും നൽകി. അനന്തരം അവിടത്തെ അലങ്കാരവിധാനത്തെക്കുറിച്ചും ദേവാലയത്തിനു അകത്തും പുറത്തും പ്രദർശിപ്പിക്കപ്പെട്ടിരുന്നതും, അനുഗ്രഹീതയുടെ അത്ഭുതങ്ങളെ ദ്യോതിപ്പിക്കുന്നതുമായ പതാകകളേയും ചിത്രങ്ങളേയും പററിയും, പ്രാസംഗികൻ സമ്യക്കായി പ്രതിപാദിച്ചു.

ഡിക്രി വായിച്ചു കഴിഞ്ഞപ്പോൾ ദേവാലയത്തിൽ കൂടിയിരുന്ന ജനാവലി ജിജ്ഞാസാഭരിതരായി. അവർ അവിടെ പ്രത്യാശാപൂർവ്വം എന്തോ നോക്കിക്കൊണ്ടിരുന്നു. സ്വല്പസമയം കഴിഞ്ഞപ്പോൾ കനോസ്സാ മഗ്ദലേനായുടെ സ്വരൂപത്തെ ആച്ഛാദനം ചെയ്യിരുന്ന തിരശ്ശീല, മെല്ലെ മെല്ലെ താഴ്ത്തപ്പെട്ടു. അപ്പോൾ ഇതാ! പുതിയ അനുഗ്രഹീതയുടെ പ്രതിമ അവിടെ പ്രത്യക്ഷമായി. ആയിരക്കണക്കിനു വൈദ്യുതദീപങ്ങൾ അതിനെ ജാജ്വല്യമാനമാക്കി. സ്വർഗ്ഗീയപ്രഭാപൂരംതന്നെ അവിടെ കളിയാടുന്നോ എന്ന് എല്ലാവർക്കും തോന്നിപ്പോയി. വികാരഭരിതരായ ആ ജനക്കൂട്ടത്തിൽനിന്ന് ഹർഷാരവം മുഴങ്ങി. എല്ലാവരും ആനന്ദതുന്ദിലരായി. ദൈവത്തിനു സ്തോത്രഗീതം ആഘോഷപൂർവ്വം ആലപിക്കുകയും അനുഗ്രഹീതയായ കനോസ്സാ മഗ്ദലേനായ്ക്കു പ്രത്യേകമായി കത്തോലിക്കാസഭ കല്പിച്ചരുളിയിരുന്ന പ്രാർത്ഥന ചൊല്ലുകയും ചെയ്തു."

പിന്നീട് അന്നു നവമായി അർപ്പിക്കപ്പെടുവാനിരുന്ന ദിവ്യബലിയെക്കുറിച്ചും, വൈദികർ ചൊല്ലുന്ന ഔദ്യോഗിക പ്രാർത്ഥനയിൽ ചേർത്തിരിക്കുന്ന പ്രത്യേക ഭാഗത്തെ പററിയും, പ്രാസംഗികൻ തുടർന്നുകൊണ്ടിരിക്കവേ, ജൂലിയൻ കപ്പേളയിൽ സംഗീതവിദഗ്ദ്ധനായ 'മെസ്ത്രൊ ബെസ്സിയൊ' (Maestro Boezio) എന്ന ദേഹത്തിൻെറ ഗാനാലാപത്തിൻെറ പശ്ചാത്തലത്തിൽ പൊന്തിഫിക്കൽ കുർബാന ആരംഭിച്ചു. വെനീസിലെ പാത്രിയക്കീസായ പിയാസ്സാ (Piazza) കർദ്ദിനാളിൻെറ സ്ഫുടമായ സ്വരം ശ്രവണങ്ങളിൽ പീയൂഷം വർഷിച്ചു. അതിനെ തുടർന്ന്



കനോസ്സാ മഗ്ദലേനാ സ്വർഗ്ഗത്തിൽ.

(P. 63.)

അന്നത്തെ ലേഖനവും കന്യകകൾക്കുവേണ്ടിയുള്ള സുവിശേഷവും പാടുകയും, മേളതാളങ്ങളോടും സ്വരവിശേഷതയോടുംകൂടി ആ ദിവ്യ ബലി അവസാനിപ്പിക്കുകയും ചെയ്തു.

ഇതിനുശേഷം സംഗീതപടുക്കളുടെ ഒരു സംഘം അവിടെ സമ്മേളിച്ചു. കനോസ്സാ മഗ്ദലേനായെക്കുറിച്ചുള്ള ഔദ്യോഗിക സംഗീതം പതിനായിരം സ്വരത്തിൽ ഓർഗൻ കൊട്ടിപ്പാടി. തൽക്ഷണം വി. പത്രോസിൻെറ ദേവാലയാങ്കണത്തിൽ കൂടിയിരുന്ന ജനങ്ങൾ അതു പഠിച്ച്, കൂട്ടം കൂട്ടമായി ചേർന്നുപാടി.

മിഷ്യൻ രംഗങ്ങളിൽ ഏർപ്പെട്ടിരുന്ന കനോസ്യൻ സഭാംഗങ്ങളിൽ ആർക്കും അവരുടെ സഭാസ്ഥാപികയും വത്സല മാതാവുമായ കനോസ്സാ മഗ്ദലേനായെ അനുഗ്രഹീത എന്നു നാമകരണം ചെയ്ത ശുഭാവസരത്തിൽ നടത്തപ്പെട്ട ആഘോഷപൂർവ്വമായ ചടങ്ങുകളിൽ സംബന്ധിക്കുവാൻ അന്നത്തെ യുദ്ധംമൂലം സാധിച്ചില്ല. തൻനിമിത്തം അവർക്കു വലിയ ഇച്ഛാഭംഗം നേരിട്ടു. എന്നാൽ ഈ മഹാ സംഭവം നടന്ന ദിവസം തന്നെ സഭയുടെ മദർ ജനറാൾ അവർക്കെല്ലാവർക്കും സ്നേഹത്തിൻെറയും അനുമോദനത്തിൻെറയും, പ്രോത്സാഹത്തിൻെറയും ഒരു സന്ദേശം അയച്ചിരുന്നു. സഭാംഗങ്ങളുടെ പ്രത്യേക സ്നേഹബഹുമാനാദികൾ അർഹിച്ചിരുന്നപൊതുശ്രേഷ്ഠാധിപയുടെസ്വരം ശ്രവിച്ച മാത്രയിൽ ലോകത്തിൻെറ നാനാഭാഗത്തും ജീവകാരുണ്യപ്രവൃത്തിയിൽ വ്യാപൃതരായ ഉപവിയുടെ പുത്രിമാർ അനുഭവിച്ച ആനന്ദം അവാച്യമായിരുന്നു. ഇതു അവരുടെ പ്രവർത്തനങ്ങളിൽ നവമായ ഒരു ഉന്മേഷം സംജാതമാക്കുകതന്നെ ചെയ്തു.

## മഗ്ദലേനാ നൽകുന്ന മാതൃകാപാഠം.

ആദർശപരമായ ഒരു ജീവിതംകൊണ്ട് ലോകത്തെ അനുഗ്രഹിച്ച മഗ്ദലേനാ ഏററവും സ്തുത്യർഹയായി നിത്യശാന്തിയുടെ ഉപരിതലത്തിൽ വിശ്രമിക്കുന്നു. മർത്ത്യലോകത്തിൽ സേവനത്തിൻെറ മണിദീപം കൊളുത്തിയ ആ സുകൃതിനി സാക്ഷാൽ ക്രിസ്തുവിൻെറ ധർമ്മാദർശങ്ങളുടെ മഹത്വം പ്രയോഗപഥത്തിൽ പ്രകാശിപ്പിക്കുകതന്നെയാണ് ചെയ്തിരിക്കുന്നതു.

ലോകത്തിൻെറ പ്രകാശമായിരുന്ന ക്രിസ്തു സമുദായസേവനത്തിൻെറ വെളിച്ചം ഭൂലോകത്തിനു നൽകി. ദീനന്മാരെത്താ

ങ്ങിത്തലോടുന്ന കരങ്ങളേ കരങ്ങളെന്നും, അനാഥരെ ആശ്വസിപ്പിക്കുന്നതിനു അവരെ നോക്കുന്ന കണ്ണേ കണ്ണെന്നും അവിടുന്നു സ്വജീവിതദ്വാരാ ലോകത്തിനു വെളിപ്പെടുത്തി. ത്യാഗത്തിനും സ്നേഹത്തിനും അമൂല്യമാഹാത്മ്യമുണ്ടെന്നും ദിവ്യരക്ഷകൻ വിശദമാക്കി. സാധുസംരക്ഷണത്തിൽ ആർദ്രതകൊള്ളുന്ന അനുഭാവപൂർണ്ണമായ മനസ്സിനാണ് യഥാർത്ഥ മഹത്വം പ്രാപിക്കാൻ കഴിയുന്നതെന്നും അദ്ദേഹം ലോകത്തെ പഠിപ്പിച്ചു. ഹൃദയംഗമങ്ങളായ ഈവക പാഠങ്ങൾ ഇന്നും ക്രിസ്തുനാഥൻ ലോകത്തിൽ ഉത്തരോത്തരം ഉത്തേജിപ്പിക്കുകതന്നെ ചെയ്യുന്നു. ദൃശ്യപ്രപഞ്ചത്തിൽനിന്നു തിരോധാനം ചെയ്ത ക്രിസ്തു അദൃശ്യമായ ഒരു യവനികയ്ക്കുപ്പുറം നിന്നുകൊണ്ട് തന്റെ ആദർശങ്ങളുടെ അക്ഷയമണിദീപങ്ങളെ ചില പ്രത്യേക വ്യക്തികൾ മുഖേന അവിടവിടെ പ്രോജ്ജ്വലിപ്പിക്കുകതന്നെയാണ് ചെയ്യുന്നത്.

മരുഭൂമിയിലെ മലർവാടികൾക്കും പാറക്കെട്ടിലെ നീരുറവകൾക്കും സദൃശമായ സുഖാനുഭവങ്ങൾ ചിലപ്പോൾ മനുഷ്യർക്കു ലഭിക്കുന്നതു നാം കാണുന്നുണ്ട്. അവിടെയെല്ലാം ആ പ്രത്യേക വ്യക്തികളുടെ നിസ്വാർത്ഥമായ സേവനങ്ങൾക്കുള്ള മണിസൗധങ്ങൾ നിലകൊള്ളുകതന്നെ ചെയ്യുന്നു. ക്ഷണഭംഗുരങ്ങളായ ലോകസുഖങ്ങൾക്കിടയിൽ നിന്നുകൊണ്ട് ശാശ്വതസൗഭാഗ്യത്തിന്റെ മാഹാത്മ്യം ഗ്രഹിച്ച് അതിനുവേണ്ടി ആത്മത്യാഗമനുഷ്ഠിക്കുന്ന മഹാത്മാക്കളുടെ സജീവ പ്രവർത്തനങ്ങളാണ് നാം അവിടെ കാണുന്നത്. ആ വിശിഷ്ട പാത്രങ്ങൾ മുഖേനയാണ് ദൈവം തന്റെ ആദർശങ്ങളുടെ മാററ് മേൽക്കുമേൽ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. അവരാണ് തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ. അവരുടെ സേവനമാണ് ദൈവം അഭിലഷിക്കുന്നത്.

അപ്രകാരമുള്ള ഒരു വിശിഷ്ട സേവനത്തിന്റെ ചിത്രമാണ് കനോസ്സാമഗ്ദലേനാ. ലോകചരിത്രത്തിന്റെ സുവർണ്ണഭിത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവൾ സുവർണ്ണമയമായ പര്യങ്കത്തിൽനിന്നിറങ്ങി പരുപരുത്ത പാറപ്പുറം തന്റെ ശയ്യാതലമാക്കി. വിഭവസമൃദ്ധമായ രാജസപ്രഭാവത്തെ അനാഥലക്ഷങ്ങളുടെ നന്മക്കായി പരിത്യജിച്ചു. മാത്രമല്ല, തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വായ്ക്കുന്ന നിരവധി രത്നങ്ങളുടെ സമുദ്ധാരണത്തിന് സ്വജീവിതം ബലിയായി അർപ്പിച്ചു. അതാണ് അവൾ ലോകത്തിനു നൽകിയ മാതൃകാപാഠം. തദ്വാരാ അന്ധകാരത്തി

ൻെറ നിഴലുകളിൽ ആത്മജ്ഞാനത്തിൻെറ കിരണങ്ങൾ കൊളുത്തുകയും, ദാരിദ്ര്യത്തിൻെറ ക്രൂരതരംഗങ്ങളിൽ സുഭിക്ഷതയുടെ കതിരൊളി വിതറുകയും ചെയ്യു. അതോടുകൂടെ ആതുരലോകത്തെ നിരാശയുടെ ഭയാനകരംഗങ്ങളിൽനിന്നു മോചിപ്പിക്കുകയും, വൃത്തിഹീനതയുടെ താവളങ്ങളിൽ നിന്നു ആരോഗ്യസോപാനങ്ങളിലേക്കു ആനയിക്കുകയും ചെയ്യു. അങ്ങനെയാണു് മഗ്ദലേനാ ക്രിസ്തുവിനെ അനുകരിച്ചതു്. കേവലം അജ്ഞന്മാരോടും അധഃകൃതരോടും സഹവസിച്ചും, സാധുക്കളെ ശുശ്രൂഷിച്ചും, ലോകത്തിൽ ധർമ്മസേവനം ആചരിച്ച ആ കാരുണ്യമൂർത്തിയായ ക്രിസ്തുവിൻെറ കാലടികളത്രെ, മഗ്ദലേനായ്ക്കു് പെരുവഴിക്കററികളായതു്. ആ മഹാവീഥിയിൽകൂടി അവൾ വളരെദൂരം പുരോഗമിക്കുകതന്നെ ചെയ്യു. അവൾ അവിടുത്തെ മാർഗ്ഗദീപങ്ങളെ സ്നേഹപൂർണ്ണങ്ങളാക്കുകയും തണൽ വൃക്ഷങ്ങളെ എളിമയാൽ നനയ്ക്കുകയും ചെയ്യു.

അങ്ങനെ അവൾ യഥാർത്ഥമായി ക്രിസ്തുവിനെ അനുഗമിച്ചു. ദൈവസ്നേഹപൂർണ്ണമായ അവളുടെ ഹൃദയം സർവ്വദാ ആനന്ദതുന്ദിലമായി. പുല്ലിലും പുഴുവിലും അവൾ ദൈവമഹത്വം വീക്ഷിച്ചു. ദൈവസന്നിധിയിൽ തൻെറ വ്യക്തിത്വം ഏററവും എളിയ ഒന്നായി മാത്രം അവൾക്കനുഭവപ്പെട്ടു. തന്നെ മുഴുവനും ദൈവത്തിനർപ്പിക്കുന്നതിൽപരമായ ഒരു മഹൽകൃത്യമില്ലെന്നും അവൾക്കു ബോദ്ധ്യമായി. ദൈവസ്നേഹാത്മകമായ സാഹോദര്യത്തിൻെറ ബാഹ്യപ്രകടനമാണു് സാധുസേവനമെന്നും അവൾ ഗ്രഹിച്ചു. അതിനാൽ ഭിക്ഷക്കാരൻെറ പിന്നിൽ മറഞ്ഞു നില്ക്കുന്നവനും, രോഗിയുടെ വേഷത്തിൽ വർത്തിക്കുന്നവനും ദരിദ്രന്മാരിൽ അധിവസിക്കുന്നവനും, അജ്ഞന്മാരുടെ ദയനീയതയിൽ അകമുരുകി അവരിൽ കുടികൊള്ളുന്നവനുമായ ക്രിസ്തുവിനെ അവൾ സർവ്വഥാ ആദരിച്ചു. അനാഥലക്ഷങ്ങളുടെ ഭാവത്തിൽ അങ്ങുമിങ്ങും അലഞ്ഞുതിരിയുന്ന ക്രിസ്തുവിനെ അവൾ ആശ്വസിപ്പിച്ചു. സർവ്വോപരി സർവ്വവ്യക്തികളിൽ കൂടെയും അവൾ ക്രിസ്തുവിനെ വീക്ഷിച്ചു. സാഹോദര്യത്തിൻെറയും സ്നേഹത്തിൻെറയും അദ്ഭുതമായ സുഗന്ധതൈലംകൊണ്ടു് അവൾ ക്രിസ്തുനാഥനെ അഭിഷേകംചെയ്തു്. അവൻെറ വ്രണങ്ങൾക്കു് സമുചിതമായ വിലേപനം തന്നെ ഉളവാക്കി. അവളുടെ ജീവിതം സാഹോദര്യത്തിൻെറയും സ്നേഹത്തിൻെറയും മാധുര്യമേറിയ ഒരു ഗാനമായിരുന്നു എന്നു പറയാം. ഇങ്ങനെ യഥാർത്ഥമായി ക്രിസ്തുവിനെ അറിയുകയും തൻെറ

ആദർശങ്ങൾ യഥായോഗ്യം ഗ്രഹിച്ചനുകരിക്കുകയും ചെയ്യുന്നവരാണ് പ്രത്യേക വ്യക്തികൾ. അവരാണ് സൗഭാഗ്യനിധികൾ. ദൈവം അവരുടെ സാന്നിദ്ധ്യമാണ് കാംക്ഷിക്കുന്നത്. ദൈവമഹത്വം പ്രകീത്തിക്കുവാൻ നിർദ്ദേശിക്കപ്പെടുന്ന വ്യക്തികളും അവർതന്നെയാണ്. മഗ്ദലേനാ തൻെറ സാന്നിദ്ധ്യംകൊണ്ടു് ആ വിശിഷ്ടഗണത്തെ സമുചിതം അലങ്കരിക്കുകതന്നെ ചെയ്യുന്നുണ്ടാകണം.

അതിനാൽ പ്രസ്തുത ചരിത്രം ഗ്രഹിക്കുന്നവക്ക് മഗ്ദലേനായെ ഏതു വിധത്തിലാണ് അനുകരിക്കേണ്ടതെന്ന് ഒരു ജിജ്ഞാസ അങ്കുരിക്കുന്നുണ്ടാവാം. അനുകരണം ആദർശത്തിൻെറ തുല്യരൂപം സ്വീകരിച്ചില്ലെങ്കിൽ ഫലമില്ലെന്നു ചിലർ വ്യാഖ്യാനിച്ചേക്കാം. ആ സ്ഥിതിക്ക് ഒരു പുതിയ സന്യാസസമൂഹം ഏല്പ്പെടുത്തുകയോ? ഒരു മഠം സ്ഥാപിക്കുകയോ? സവ്വസ്വവും പരിത്യജിക്കുകയോ? തികവേ സന്യാസം അവലംബിക്കുകയോ? സാധുസേവനത്തിനുവേണ്ടി സ്വജീവിതം ബലി അപ്പിക്കുകയോ? അഥവാ മററുജീവിതസമ്പ്രദായങ്ങൾ സ്വീകരിക്കുകയോ? ഇതിൽ ഏതാണ് കരണീയം എന്നു ചിലരെങ്കിലും ചിന്തിക്കാതിരിക്കുകയില്ല.

ഈ ഘട്ടത്തിൽ ശരിയായ ഒരു നിശ്ചയകോടിയിലെത്തുന്നതിനു ആരുംതന്നെ അധികം ക്ലേശിക്കണമെന്നില്ല. സവ്വനിയന്താവായ ദൈവത്തിൻെറ സന്നിധിയിൽ തങ്ങളുടെ സവ്വസ്വവും അപ്പിച്ചുകൊണ്ടു് അവിടുത്തെ ഹിതം തങ്ങളിൽ നിറവേറുവാൻ തീക്ഷ്ണമായി അത്ഥിക്കുന്ന വ്യക്തികൾക്ക്, വേണ്ട പ്രകാരത്തിലുള്ള പ്രകാശം അവിടുന്നു നൽകുകതന്നെ ചെയ്യും. മഗ്ദലേനായുടെ ആദർശം അതുതന്നെയായിരുന്നു. അങ്ങനെയാണ് തൻെറ പ്രവൃത്തിമാഗ്ഗത്തിൻെറ കവാടം അവൾ തുറന്നതു്. ലോകനാഥനായ ദൈവം തൻെറമുമ്പിൽ അപ്പിക്കപ്പെടുന്ന എല്ലാ ഉപഹാരങ്ങളും സ്വീകരിക്കുന്നു. അവയിൽനിന്നു പുഷ്പങ്ങളെ അലങ്കാരങ്ങൾക്കും, രത്നങ്ങളെ ആഭരണങ്ങൾക്കും, തൃണസഞ്ചയങ്ങളെ ശില്പവിധാനങ്ങൾക്കും, അവൻ വിനിയോഗിക്കുന്നുണ്ടു്. ലോകചക്രം തിരിക്കുന്നതിനുള്ള എല്ലാ ഉപകരണങ്ങളും മേൽപറഞ്ഞ ഉപഹാരസഞ്ചയങ്ങളിൽനിന്നു് ദൈവം പ്രത്യേകം പ്രത്യേകം എടുത്തുപയോഗിക്കുന്നു. അതിനാൽ ആ വിഷയത്തിൽ ആരും ക്ലേശിക്കേണ്ടതില്ല. സവ്വ ചരാചരങ്ങൾക്കും നാഥനായ ദൈവം



അനുഗ്രഹീതയായ കനോസ്സാ മഗ്ദലേനാമ്മേ!

ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.